
PLANET OF FEAR
ST. MARY'S COLLEGE PUTHANANGADI




# MBA

FINANCE
MARKETING
HUMAN RESOURCE

Eligibility: Any Degree (Above 50% Marks) + CAT/ CMAT/KMAT (Kerala)

## FACILITIES

- A/C CLASS ROOMS
- SPACIOUS LECTURE HALLS
- LIBRARY
- COMPUTER LAB
- CONFERENCE HALL
- LANGUAGE LAB
- INDUSTRIAL VISIT (NATIONAL AND INTERNATIONAL)
- WIFI FACILITY
- OUTDOOR SPORTS FACILITY
- HOSTEL FACILITY
- CANTEEN FACILITY
- PLACEMENT CELL

MIIMS

## MONTI INTERNATIONAL INSTITUTE OF MANAGEMENT STUDIES

Approved by AICTE, New Delhi; Affiliated to University of Calicut

P.O. PUTHANANGADI, Angadippuram (Via), Malappuram Dt.
Ph: 04933 258 556, 258 656, 9061 258 555, 8606 258 555
E-mail: montiinstitute@gmail.com

www.montiinstitute.com

*Amaze. Inspire. Achieve.*





## COURSES OFFERED

**B.A. English**
**B.A. Economics**
**BA History**
**B.Com with Computer Application**
**B.Com Finance**
**B.Com Co-Operation**
**BBA**
**BCA**
**B.Sc Physics**
**B.Sc Mathematics**
**B.Sc Psychology**
**M. Com Finance**
**MA English**

# ST. MARY'S COLLEGE

Run by the Congregation of the Sons of the Immaculate Conception (CFIC)
(Affiliated to University of Calicut)

P.O. PUTHANANGADI
Angadippuram Via, Pin - 679 321, Malappuram Dt., Kerala, India
Tel: 04933 - 258704, 9562585033, 9562585022
e-mail: info@stmaryscollege.info

www.stmaryscollege.info

**Education for integrity...**

2018




# ST. MARY'S COLLEGE

Run by the Congregation of the Sons of the Immaculate Conception(CFIC)

(Affiliated to University of Calicut)

**PUTHANANGADI**

P.O. Puthanangadi, Angadippuram Via, Pin - 679 321

Malappuram Dt., Kerala, India

Tel: 04933 - 258704, 9562 5850 33

Mob: 9562 5850 22

e-mail: info@stmaryscollege.info

www.stmaryscollege.info

Founder of the Sons of the
Immaculate Concetption ( CFIC )



**Blessed Luigi Maria Monti**



പടിയിറങ്ങുകയാണ്.
ഓർമകളെ...
കോളേജ് വരാന്തയിലെ
മനസ്സുപൂക്കുന്ന സൗഹൃദങ്ങളിൽ നിന്ന്
കട്ടെടുത്ത അതേ പരിമളവുമായി
ഈ നിലാവിന്റെ തീരത്ത് പൂത്തുനിൽക്കുമ്പോഴും
നിങ്ങളെന്താണ്
മൗനത്തിന്റെ കവിതകൾ മാത്രം രചിക്കുന്നത്?
പ്രിയ കലാലയമേ..
ഒരു കൈ വീശി യാത്രാമൊഴിയോതുമ്പോഴും
നീയെന്തിനാണ് മറുകൈകൊണ്ട്
വിങ്ങലടക്കാൻ പാടുപെടുന്നത്?
ഞങ്ങൾ കാതോർത്തിരിക്കും...
നിന്റെ പിൻവിളിക്കായ്...
ഒരുനാൾ ഞങ്ങൾ തിരികെയെത്തും
പ്രാണന്റെ കയ്യൊപ്പുള്ള
സമ്മാനപ്പൊതികളുമായ്...

Superior General of CFIC



**Very Rev .Fr. Michele Perniola** CFIC

Provincial Superior of CFIC ( India )



**Fr. Saji Muthirenthikkal** CFIC

Our Beloved Principal



**Fr. Jose Mathew Parayil CFIC**

Our Beloved Manager



**Fr. Shibu Mannancheril CFIC**

Our Beloved Vice Principal



**Fr. Denny Cholappallil CFIC**

ചീഫ് എഡിറ്റർ
**ഫാ: ജോസ് മാത്യു പാറയിൽ**

സ്റ്റാഫ് എഡിറ്റർ
**ഷമീർ. ടി**

സ്റ്റുഡന്റ് എഡിറ്റർ
**അജിത് ജീജോ**

ക്രിയേറ്റീവ് സപ്പോർട്ട്
**ലീലാ വിജയൻ**
**ഡാനി കുര്യൻ**
**സരസ്വതി**
**ബിജി**
**സിജി**

ബോർഡ് മെമ്പേഴ്സ്
**അസ്ഹറുദ്ധീൻ . പി**
**അനീസ് കെ. ടി**
**അർജുൻ കെ. ടി**
**ഗബ്രിയേൽ ജോർജ്ജ്**
**സിസ്റ്റർ മഞ്ജു ഷാജൻ**
**അഞ്ജന ജയശങ്കർ**
**അനു സെബാസ്റ്റ്യൻ**

ഫിനാൻസ്
**ഫാ: ഡെന്നി ചോലപ്പള്ളിൽ**
**രാജേഷ് പി. എസ്**

ഇല്ലസ്ട്രേഷൻ
**ഫാത്തിമ റിസാന**
**റിനീഷ സി. പി**
**സജിൽ വി. കെ**

ടൈറ്റിൽസ്
**അസ്ഹറുദ്ധീൻ . പി**

കവർ ഡിസൈൻ
**റിനീഷ സി. പി**

ഫോട്ടോഗ്രാഫി
**ഫോട്ടോലാന്റ് സ്റ്റുഡിയോ പുത്തനങ്ങാടി**

ലേ ഔട്ട്
snowy master designs

www. stmaryscollege.info/magazine
/stmarysputhanangadi




# സമർപ്പണം

അന്ധകാരം
ഞങ്ങളിൽ ഒഴുകിപ്പരന്നപ്പോൾ അങ്ങ്
അറിവിന്റെ തിരിനാളവുമായി കടന്നുവന്നു.
നന്മയുടെ പൂമരമായി നിറഞ്ഞു നിന്നു.
ഓർമ്മകൾക്കു മരണമില്ല.
ഞങ്ങളുടെ ജോയ് സാറിന്റെ ജ്വലിക്കുന്ന
ഓർമ്മകൾക്കു മുമ്പിൽ....




മൃതിപാഠങ്ങൾ
പോസ്റ്റ്മോർട്ടം ടേബിളിൽ നിന്ന്...
മെഷീൻ
സ്നേഹത്തിന്റെ കാവൽക്കാരൻ
നിഴൽ
നീ
WELCOME TO
വേട്ട
സാക്ഷി
വൈവിധ്യങ്ങളാണ് ജനാധിപത്യത്തിന്റെ കരുത്ത്...
പുതിയരോഗി
The Old Man in the
അരാസ്റ്റ്
आज का युग
മനസ്സൊരു മായാലോകം
CHILD'S PLAY
മായാത്ത സൗഹൃദം
Wikihow: Birth of a Feminist



# 01

# വെടിമുഴക്കം

"...വിചിത്രമായൊരു ലോകം
മുന്നിൽ തെളിയുന്നു...
നിശീഥിനിയുടെ നിശ്ശബ്ദതക്കൊപ്പം
ഈ തെരുവും വിജനമായിക്കൊണ്ടിരിക്കുന്നു...
മങ്ങിയ നടപ്പാതയിലൂടെ
അതാ ഒരു സ്ത്രീ നടന്നു വരുന്നു...
തല ഉയർത്തിപ്പിടിച്ചിരിക്കുന്നു.
ഇടറാത്ത ചുവടുകൾക്കൊപ്പം
ഇടതുതോളിൽ തൂങ്ങിയാടുന്ന ഒരു ബാഗ് ...
പരിഭ്രമം നിഴലിച്ച
അവരുടെ കണ്ണുകൾ
അനന്തതയിൽ
എന്തോ പരതിക്കൊണ്ടിരുന്നു...
പെട്ടെന്ന്...
ഇരുട്ടിൽ നിന്ന്
മുഖമില്ലാത്ത കുറച്ച് മനുഷ്യർ
കടന്നു വന്നു.
അവരുടെ പാദങ്ങൾ
പുറകിലേക്ക് നീണ്ടവയായിരുന്നു.
അവരുടെ ശിരസ്സ്
എപ്പോഴും പുകഞ്ഞു കൊണ്ടിരുന്നു
അവരുടെ ശരീരത്തിൽ
ഹൃദയഭാഗത്ത്
ഓസോൺപാളി കണക്കെ
ദ്വാരമുണ്ടായിരുന്നു.
കൈകളിൽ യന്ത്രത്തോക്കുകൾ
കരുതിയിരുന്ന അവർ
സദാ പുലമ്പിക്കൊണ്ട്
ആ സ്ത്രീയുടെ
വേഗതയേറിയ നിഴലിനെ
പിന്തുടർന്നു...
ഒരു വേള....
അരണ്ട തെരുവുവിളക്കിനു താഴെ
ഒരു വെടിമുഴക്കം...
അബലയായ ആ സ്ത്രീയുടെ
ഇടതുതോൾ ലക്ഷ്യമാക്കി
ഒരു വെടിയുണ്ട കുതിച്ചു പാഞ്ഞു...
ഒരു നിലവിളി
അവിടമാകെ
പ്രകമ്പനം കൊള്ളുമ്പോൾ
ആ മനുഷ്യർ
ഇരുട്ടിൽ നിന്ന്
ഇരുട്ടിലേക്കിഴഞ്ഞു നീങ്ങിക്കൊണ്ടിരിക്കുകയായിരുന്നു.

തുടരും...



സുഹൃത്തേ...
ഭയം പേറിയുള്ള ഈ യാത്രയിൽ ഒരല്പം
ധൈര്യം കൈമുതലായ് വേണം..
ഈ വരികൾ നിങ്ങൾക്കു വഴികാട്ടും.

# ~~അ~~സ്വാതന്ത്ര്യം

ഇനി നമ്മളിൽ
ദൗർബല്യങ്ങളുടെ അസ്വസ്ഥതകളില്ല.
നിയന്ത്രണങ്ങളുടെ നൂൽച്ചരടുകളില്ല.
ഇപ്പോൾ
പാരതന്ത്ര്യത്തിന്റെ വീർപ്പുമുട്ടലിൽ നിന്ന്
നമ്മൾ മോചിതരാണ്.
പതിയെ നടന്നു നീങ്ങാം ...
ഹൃദയം തളിർക്കുന്ന ആനന്ദങ്ങളിലേക്ക്...
ആഗ്രഹങ്ങളുടെ അഗാധതയിലേക്ക് ...

# “വൈവിധ്യങ്ങളാണ് ജനാധിപത്യത്തിന്റെ കരുത്ത്...”

പരസ്പരം മാറ്റുകയും നിരന്തരം സംഘർഷത്തിലാകുകയും ചെയ്യുന്ന വർത്തമാന കാല വിശേഷം. മതേതരത്വവും മനുഷ്യവകാശവും നിരന്തരം ചോദ്യം ചെയ്യപ്പെടുമ്പോൾ, ആവിഷ്ക്കാര സ്വാതന്ത്ര്യം തെരുവിൽ വെടിയേറ്റു വീഴുമ്പോൾ, വ്യവസ്ഥകൾക്കെതിരെ ശബ്ദമുയർത്തേണ്ടത് പൗരന്റെ കടമയാണ്. വർത്തമാനകാല സമൂഹത്തിലെ പുത്തൻ പ്രവണതകളെ അധികരിച്ച് പ്രമുഖ ചിന്തകനും എഴുത്തുകാരനുമായ **ഡോ. സുനിൽ പി. ഇളയിടവുമായി** ഒരു അഭിമുഖം.



***ദേശീയത, രാജ്യസ്നേഹം തുടങ്ങിയ ആശയങ്ങൾ വർത്തമാനകാലത്ത് കൂടുതൽ ചർച്ച ചെയ്യപ്പെടുകയും വക്രീകരിക്കപ്പെടുകയും ചെയ്യുന്നു. ഈ അവസ്ഥയെ എങ്ങനെ വിലയിരുത്തുന്നു. ?***

ദേശീയത ചരിത്രത്തിന്റെ ഒരു ആവിഷ്ക്കാരമാണ്. അല്ലാതെ ശാശ്വതമായ ഒരു മൂല്യമല്ല. ഒരു സവിശേഷഘട്ടത്തിൽ ലോകത്തിലെ എല്ലാ ജനസഞ്ചയങ്ങളും ഏറിയും കുറഞ്ഞും ദേശീയതയുമായി ബന്ധപ്പെടുന്നു. ഇതിന് രണ്ട് തലങ്ങളുണ്ട്. ഒരർത്ഥത്തിൽ ഇതാണ് മൂന്നാം ലോകരാജ്യങ്ങളുടെ വിമോചനത്തിന്റെ കേന്ദ്ര ആശയമായി വർത്തിച്ചത്. സാമ്രാജ്യത്വ വിരുദ്ധ സമരങ്ങളുടെ അടിസ്ഥാന ആശയമായി പലപ്പോഴും അത് മാറി. മറ്റൊരർത്ഥത്തിൽ അത് വൻതോതിലുള്ള വംശീയ വിദ്വേഷങ്ങൾക്കും ഫാസിസ്റ്റ് സ്വഭാവമുള്ള പ്രവർത്തനങ്ങൾക്കും വഴിതെളിച്ചു. നമ്മൾ എങ്ങനെ പ്രയോഗിക്കുന്നു എന്നിടത്താണ് ഇതിന്റെ കടിഞ്ഞാൺ. ഉദാഹരണമായി ഇന്ത്യയിലെ മുഴുവൻ മനുഷ്യരും ഇന്ത്യക്കാരാണെന്ന് കരുതുകയും അവസാന ഇന്ത്യക്കാരന്റെയും യാതനകൾ തന്റേതുകൂടിയാണ് എന്ന് കരുതുകയും ചെയ്യുന്നതിന് നമ്മുടെ ദേശീയബോധം പ്രേരണയാവുന്നുങ്കിൽ അത് നല്ലതാണ്. അതേ സമയം ദേശീയത എന്നത് കൃത്രിമമായി നിർമ്മിക്കപ്പെട്ട ചില തത്ത്വങ്ങളാണ്, അത് ഈ രാജ്യത്തെ മുഴുവൻ ജനങ്ങളും അനുസരിക്കലാണ് എന്ന് കരുതുകയാണെങ്കിൽ അത് ഫാസിസ്റ്റ് സ്വഭാവമുള്ളതാണ്. ഇന്ത്യ എന്ന രാഷ്ട്രത്തിന്റെ പ്രാഥമിക ലക്ഷ്യം എന്താണ് എന്ന് ഗാന്ധിജിയോട് ചോദിച്ചപ്പോൾ “To wipe out the tears from the eyes of the common man” എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അവസാനത്തെ ആളുടെ കണ്ണീരൊപ്പുന്ന ദേശീയതയും, തിയേറ്ററിൽ ദേശീയഗാനം കേൾക്കുമ്പോൾ ചാടിയെണീക്കുന്ന ദേശീയതയും ഒന്നല്ല. ആദ്യത്തേത് ഒരു സമത്വാധിഷ്ഠിത സാമൂഹ്യബോധമാണ്. രണ്ടാമത്തേത് തികച്ചും കാപട്യം നിറഞ്ഞ ഒരു ആചാരം മാത്രമാണ്.

ഫാസിസവും ഒരു ദേശീയതയാണ്. ഏറ്റവും തീവ്രമായ ദേശീയബോധത്തിന്റെ പേരാണത്.

അതിനാൽ ദേശീയബോധം സർവത്രികമായി നല്ലതാണ് എന്ന് ഒരു കാരണവശാലും തെറ്റിദ്ധരിച്ചു പോകരുത്.

***ഇന്ത്യൻ ദേശീയത രൂപപ്പെട്ടത് ബ്രിട്ടീഷ് ഭരണത്തിലൂടെയാണ് എന്നൊരു വാദം ചില ചരിത്രകാരന്മാർ അടുത്തിടെ ഉന്നയിക്കുകയുണ്ടായി ഇത് എത്രത്തോളം ശരിയാണ് ?***

കൊളോണിയൽ ഭരണം ഇന്ത്യൻ ദേശീയതയുടെ ഭൗതികസാഹചര്യം രൂപപ്പെടുത്തിയതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. അതായത് ഇന്ത്യയുടെ അതിർത്തി, ഗതാഗതം, ഭരണ സംവിധാനങ്ങൾ തുടങ്ങിയവ രൂപപ്പെടുത്തിയെടുക്കുക വഴി ഒരു പൊതുഘടന സൃഷ്ടിച്ചെടുക്കുകയും, അതിനുള്ളിലെ ജനങ്ങളെ കൂട്ടിയിണക്കി തങ്ങൾ ഒരു പ്രദേശത്തുകാരാണ് എന്ന ഒരു ഔപചാരികബോധം രൂപപ്പെടുത്തുകയും ചെയ്തതിൽ ബ്രിട്ടീഷ് ഭരണത്തിനു വലിയ പങ്കുണ്ട്. പക്ഷേ അങ്ങനെയൊരു അതിർത്തി ഉണ്ടായതുകൊണ്ടുമാത്രം ഈ നാട്ടിലെ ജനങ്ങൾക്ക് തങ്ങൾ ഈ നാട്ടുകാരാണ് എന്നൊരു ബോധം ഉണ്ടായിരുന്നില്ല. ഈ നാട്ടുകാരാണ് എന്നത് പുതിയൊരു സ്വത്വബോധമാണ്. ഈ ബോധമില്ലെങ്കിൽ അതിർത്തി കൊണ്ട് യാതൊരു പ്രയോജനവുമില്ല. ഈയൊരു ബോധം പല പല ധാരകളിലൂടെയാണ് രൂപപ്പെട്ടത്. അതിൽ ബ്രാഹ്മണിക്കലായ ഒരു ധാര പുരാണങ്ങൾ, വേദങ്ങൾ, ഉപനിഷത്തുകൾ തുടങ്ങിയവ വഴി ഇന്ത്യയെ നിർവ്വചിക്കാൻ ശ്രമിക്കുകയുണ്ടായി. അതാണ് ആർഷഭാരത സംസ്കാരം എന്നറിയപ്പെടുന്നത്. അതുവഴി ഒരു സാംസ്കാരിക ദേശീയ വാദത്തിലൂടെ അവർ ഇന്ത്യയെ നിർവ്വചിക്കാൻ ശ്രമിച്ചു. പക്ഷേ ഈ ആശയം


ഗാന്ധിജി


ദയാനന്ദ സരസ്വതി


ശ്രീ നാരായണ ഗുരു

ഇന്ത്യൻ ജനതയായി കണ്ടത് ബ്രാഹ്മണരെ മാത്രമാണ്. അതുകൊണ്ട് ഈ മൂല്യങ്ങളുടെ പേരിൽ മാത്രം ഇന്ത്യൻ ജനത ഒത്തു ചേർന്നിട്ടില്ല. വാസ്തവത്തിൽ ബഹുഭൂരിപക്ഷം ഇന്ത്യക്കാരെയും കൂട്ടിയിണക്കിയ പ്രധാനശക്തി ദേശീയ പ്രസ്ഥാനമാണ്. സ്വാതന്ത്ര്യ സമരം ഇല്ലായിരുന്നുവെങ്കിൽ ഈ ഐക്യം രൂപപ്പെടുമായിരുന്നില്ല. മൂന്ന് ഘട്ടങ്ങളിലൂടെയാണ് ഇന്ത്യൻ ദേശീയത രൂപപ്പെട്ടത് എന്നാണ് എന്റെ അഭിപ്രായം. സാംസ്കാരിക മൂല്യങ്ങളും, സാമ്രാജ്യത്വ വിരുദ്ധ പോരാട്ടവും, ഭൂമിശാസ്ത്രപരമായ അതിർത്തിയുമാണവ.

***പുതിയകാലത്ത് സാഹചര്യങ്ങൾ കൂടുതൽ തീവ്രമാക്കുകയും ആവിഷ്ക്കാര സ്വാതന്ത്ര്യം നിരന്തരം വെല്ലുവിളി നേരിടുകയും ചെയ്യുന്നു. ഇവിടെ ഒരു പൗരനെന്ന നിലയിൽ നമ്മുടെ ധർമ്മമെന്ത് ?***

നല്ല എഴുത്ത് എപ്പോഴും അധികാരവ്യവസ്ഥകൾക്കെതിരായിരിക്കും. കാരണം എഴുത്തിന്റെ സ്വഭാവം എന്നും വിധ്വംസകത്വം നിറഞ്ഞതാണ്. കഴിഞ്ഞ വർഷം അന്തരിച്ച പ്രമുഖ കലാചിന്തകനായ ജോൺ ബെർഗർ ഒരിയ്ക്കൽ പറയുകയുണ്ടായി "നമ്മുടെ എല്ലാ അനുഭവങ്ങൾക്കും പേരുണ്ടായിരുന്നുവെങ്കിൽ കവിത ആവശ്യമില്ലായിരുന്നു" എന്ന്. കാരണം അനുഭവത്തിനുള്ള പേര് സാമാന്യമാണ്. എല്ലാ അനുഭവങ്ങൾക്കും പേരുണ്ട്. സ്നേഹം, അസൂയ, വിദ്വേഷം എന്നിങ്ങനെ. ഇതെല്ലാം സാമാന്യമായ പേരുകളാണ്. പക്ഷേ അനുഭവത്തിന്റെ ഒരു സന്ദർഭം വളരെ സവിശേഷമാണ്. ഇതാണ് കലയും വ്യവസ്ഥയും തമ്മിലുള്ള അകലം. അതിനാൽ വ്യവസ്ഥ ക്രമപ്പെടുത്തുന്ന സൗഹൃദത്തെ അസ്ഥിരപ്പെടുത്തുകയാണ് സൗഹൃദത്തിന്റെ ഒരു അനുഭവം ചെയ്യുന്നത്. വലിയ ഏകാധിപത്യ സംവിധാനങ്ങൾ ഈ അനുഭവങ്ങളെ വ്യവസ്ഥയിലേക്ക് കീഴ്പ്പെടുത്താനാണ് ശ്രമിക്കുന്നത്. രാജ്യം എന്നാലെന്ത്? ആരുടെയാണ് രാജ്യം? അത് മുഹമ്മദ് അഖ്ലാഖിന്റെയാണോ? ജുനൈദിന്റെയാണോ ? അതോ പ്രധാനമന്ത്രിയുടേതാണോ? ജുനൈദിനെ സംബന്ധിച്ചിടത്തോളം രാജ്യമെന്നത് താൻ വാഹനത്തിൽ സഞ്ചരിക്കുമ്പോൾ ആൾക്കൂട്ടം തന്നെ കൊലപ്പെടുത്തുന്ന അവസ്ഥയുടെ പേരാണ്. ഇത് രാജ്യമാണെന്നു വരുമ്പോൾ രാജ്യത്തെക്കുറിച്ചുള്ള നമ്മുടെ വ്യവസ്ഥാപിതധാരണയ്ക്ക് മാറ്റം വരും. അതുകൊണ്ട് ഈ വൈരുദ്ധ്യ മണ്ഡലത്തിലാണ് കല നിലനിൽക്കുന്നത്. നമ്മുടെ അനുഭവങ്ങളെ വ്യവസ്ഥപ്പെടുത്താനും, വ്യവസ്ഥപ്പെടുത്തി കീഴടക്കാനുമുള്ള അധികാരത്തിന്റെ ശ്രമങ്ങളോടുള്ള നിത്യമായ കലാപമാണ് കല. ഈ കലാപത്തെ ഉയർത്തിപ്പിടിക്കുക എന്നത് കലാകാരന്റെ മാത്രം ദൗത്യമല്ല. സമൂഹത്തിന്റെ പൊതുവായ ഉത്തരവാദിത്തമാണ്. മറ്റൊരർത്ഥത്തിൽ ആവിഷ്ക്കാരസ്വാതന്ത്ര്യം എന്നത് അത് ആവിഷ്ക്കരിക്കുന്ന ഒരുത്തന്റെ മാത്രം സവിശേഷ അധികാരമല്ല, മറിച്ച് വ്യവസ്ഥയും മനുഷ്യാനുഭവങ്ങളും തമ്മിലുള്ള സംഘർഷത്തിന്റെ നിത്യമായ പ്രകാശനമാണ്. നാം വ്യവസ്ഥക്കു കീഴടങ്ങിക്കൂടാ. കാരണം അങ്ങനെ നാം വ്യവസ്ഥക്കു കീഴടങ്ങാതിരിക്കുമ്പോൾ മാത്രമാണ് ജനസഞ്ചയത്തിന് അടുത്ത പടിയിലേക്ക് മുന്നോട്ടു പോകാൻ കഴിയുന്നത്. കല നിലനിൽക്കേണ്ടത് കലാകാരന്റെ മാത്രം അഭിമാന പ്രശ്നമാണ് എന്ന രീതിയിലാണ് നമ്മുടെ ചർച്ചകൾ പലതും മുന്നോട്ടു പോവുന്നത്. ഇതുമാറി മനുഷ്യവംശത്തിന്റെ സ്വാതന്ത്ര്യത്തിന്റെ പ്രശ്നമാണിതെന്ന കാഴ്ച്ചപ്പാടിലേക്ക് നാം എത്തണം.

***നമ്മുടെ ആശയങ്ങൾ നമ്മുടേതല്ല. ഈ സമൂഹത്തിൽ വിവിധ സാഹചര്യങ്ങളുമായി ഇടപെടുമ്പോൾ സ്വാഭാവികമായി നമ്മിൽ രൂപപ്പെടുന്നവയാണ്. ഈയൊരു മന:ശാസ്ത്ര ചിന്തയെ എങ്ങനെ വിശദീകരിക്കാം ?***

ഏത് ആശയരൂപീകരണത്തിലും നാം ജീവിക്കുന്ന കാലത്തിന്റെയും നാം ഉൾക്കൊള്ളുന്ന ആശയത്തിന്റെയും രൂപപ്പെടുത്തലുകൾ ഉണ്ട്. ഇതിനെ ഒരു ശൂന്യതയിൽ നിന്ന് മനസ്സിലാക്കാൻ നമുക്കാവില്ല. നമ്മുടെ മാതൃഭാഷയായ മലയാള ഭാഷയുടെ സവിശേഷ ശ്രമങ്ങളിലൂടെയാണ് നാം ഈ ലോകത്തെ വിശദീകരിക്കുന്നത്. ഇതേ വിശദീകരണം മറ്റൊരു ഭാഷയിൽ ഇതേപടി ആവർത്തിക്കാൻ കഴിയില്ല. നമ്മുടെ എല്ലാതരം അറിവുകളിലും പലതരത്തിലുള്ള മുൻധാരണകൾ നിലനിൽക്കുന്നുണ്ട്. അവ ചരിത്രപരമോ, ഭാഷപരമോ ഒക്കെ ആയി

രിയ്ക്കാം. ഇതിലൂടെയാണ് നാം ലോകത്തെ അറിയുന്നത്. എന്നാൽ ഈ ഉപാധികളുടെയെല്ലാം ആകെത്തുകയാണ് നമ്മുടെ ലോകധാരണ എന്ന് തെറ്റിദ്ധരിച്ചുകൂടാ. കാറൽ മാർക്സിന്റെ രസകരമായ ഒരു വിശദീകരണമുണ്ട്. ഒരു തേനീച്ച കൂടുണ്ടാക്കുന്നു, മനുഷ്യൻ വീടുണ്ടാക്കുന്നു. മനുഷ്യന്റെ വീടിനെ അപേക്ഷിച്ച് വളരെ സങ്കീർണ്ണമാണ് തേനീച്ചയുടേത്. പക്ഷേ, ഇവ തമ്മിലുള്ള വ്യത്യാസം തേനീച്ച മുൻകൂട്ടി തയ്യാറാക്കപ്പെട്ട ഒന്നിനെ ആവർത്തിച്ചു കൊണ്ടേയിരുക്കുന്നു എന്നതാണ്. അതേസമയം മനുഷ്യനാകട്ടെ ഓരോ ആവർത്തനത്തിലും പുതുക്കിപ്പണിയുന്നു. ഈ പുതുക്കിപ്പണിയലിന്റെ ഭാഗമായി വീടിനൊരു ചരിത്രമുണ്ടാകുന്നു. മനുഷ്യനെ സംബന്ധിച്ചിടത്തോളം അവനൊരു നിർവ്വാഹകത്വം ഉണ്ട്. അവൻ തന്റെ സമൂഹത്തിൽ ഇടപെടുന്നു. പക്ഷേ ലഭ്യമായ പരിസരത്തിലേ ഇടപെടാൻ കഴിയൂ. ഇങ്ങനെയുള്ള ഈ മാറ്റിത്തീർക്കലിന്റെ അംശത്തിലാണ് ചരിത്രവും ക്രിയാത്മകതയും പ്രധാനപ്പെട്ടതാകുന്നത്. ചരിത്രമെന്നാൽ ഭൂതകാലമെന്നല്ല, നമ്മുടെ പ്രവൃത്തി വഴി നമ്മെത്തന്നെ പുതുക്കിപ്പണിയലാണ്.

***മതനിരപേക്ഷത, ജനാധിപത്യം തുടങ്ങിയ ജീവിത ക്രമങ്ങൾക്ക് ഇന്ത്യൻ പൊതുസമൂഹത്തിൽ തിരിച്ചടി നേരിടുമ്പോൾ പ്രതിരോധം എങ്ങനെ സാധ്യമാകും ?***

മതരാഷ്ട്രീയവും ഫാസിസ്റ്റ് തീവ്രവാദവും ഉയർത്തിക്കൊണ്ടു വരുന്ന സത്താപരമായ വാദങ്ങളെ കഴിയുന്നത്ര തുറന്നു കാണിയ്ക്കണം. അതായത് നമ്മുടെ നാട്ടിൻപുറത്തെ പാരമ്പര്യം ഇതാണ്എന്ന് സ്ഥാപിയ്ക്കാൻ ശ്രമിയ്ക്കുന്നതു മുതൽ രാഷ്ട്രസ്വരൂപം ഇന്നതാണ് എന്ന് പറയാൻ ശ്രമിയ്ക്കുന്നതുവരെയുള്ള കാര്യങ്ങളിൽ വിമർശനാത്മകമായ നിലപാട് സ്വീകരിക്കണം. നമ്മുടെ പാരമ്പര്യത്തിനകത്തുള്ള കൂടിക്കലരുകളുടെ, പങ്കുവയ്പുകളുടെ ചരിത്രത്തെ കഴിയുന്നത്ര അനുഭവവേദ്യമാക്കാനുള്ള പരിശ്രമങ്ങൾ നിരന്തരം നടത്തണം. അങ്ങനെ നടത്തുമ്പോൾ വ്യക്തിപരമായി നമ്മൾ കൊണ്ടുനടക്കുന്ന ഏറിയും കുറഞ്ഞുമുള്ള ആധിപത്യ പ്രവണതകളെ വിമർശനാത്മകമായി സമീപിക്കാൻ കഴിയും. അതിലൂടെ കുഴപ്പം ലോകത്തിന്റേതു മാത്രമല്ല, തന്റേതു കൂടിയാണെന്ന തിരിച്ചറിവ് നമ്മൾ നേടും. അങ്ങനെ വിപുലമായ ഒരു സംവാദത്തിനുള്ള അവസരം സൃഷ്ടിക്കുക എന്നതാണ് പ്രഥമവും പ്രധാനവുമായ കാര്യം. രണ്ടാമതായി ചില അടിസ്ഥാന തത്ത്വങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് പരമാവധി വിപുലമായ പ്രതിരോധനിര ഉണ്ടാക്കിയെടുക്കുക എന്നതാണ്. സാമൂഹ്യനീതി, ജനാധിപത്യം, മതനിരപേക്ഷത തുടങ്ങിയവ മുൻനിർത്തി, കഴിയുന്നത്ര വിപുലമായ കൂട്ടായ്മകൾ രൂപപ്പെടുത്തുക. അത് രാഷ്ട്രീയ-തെരെഞ്ഞെടുപ്പ് മുന്നണികളല്ല. മുന്നിലുള്ള സന്ദർഭത്തിനുള്ള പ്രതികരണമെന്ന നിലയ്ക്കു മാത്രം. നമുക്ക് ഒരു ശുദ്ധ ആദർശസ്ഥലത്ത് പ്രവർത്തിക്കാൻ കഴിയില്ല. ലഭ്യമായ സാഹചര്യങ്ങളിലേ പ്രവർത്തിക്കാനാകൂ. ഇത് തിരിച്ചറിഞ്ഞാവണം നമ്മുടെ പ്രവർത്തനങ്ങൾ.

***അടിസ്ഥാനപരമായി ഇന്ത്യൻ സമൂഹത്തിൽ നാം എന്തിനെയാണ് ഭയപ്പെടേണ്ടത്...?***

ഇന്ത്യയിൽ ഫാസിസ്റ്റ് സ്വഭാവമുള്ള ഒരു ഭരണകൂടം രൂപപ്പെട്ടുവരുന്നുണ്ട്. അതിനെ ചെറുക്കണം. ഭയം പലതിനെയും ഗ്രസിച്ചിട്ടുണ്ട്. ഈ ഭയം മറികടക്കുക എന്നതാണ് പ്രധാനം. നമ്മുടെ പൊതുമണ്ഡലത്തിൽ നിന്ന് പിൻവാങ്ങുന്ന ചർച്ചകൾ നോക്കുക. കേരളത്തിൽ ചർച്ച ചെയ്യപ്പെടുന്ന ഒരു



മലബാറിലെ സ്വാതന്ത്ര്യ സമരം



ജോൺ ബെർഗർ



ഇടശ്ശേരി

വിഷയം ഉത്തരേന്ത്യയിൽ ചർച്ച ചെയ്യാൻ കഴിയുമോ? അത് തെറ്റായതു കൊണ്ടല്ല. പക്ഷേ പറയാൻ കഴിയില്ല. അതിനാൽ ഭയം ഇല്ല എന്ന കരുതിക്കൂടാ... ഭയം ഭരിക്കുന്ന ഒരു രാജ്യം തന്നെയാണ് ഇന്ത്യയും. അളവിലും അനുപാതത്തിലും ഒരുപക്ഷേ മാറ്റമുണ്ടാകും. വാസ്തവത്തിൽ ഭയത്തിന്റെ അന്തരീക്ഷം ഒട്ടുമേ ഇല്ലാത്ത ഭരണകൂടങ്ങൾ ലോകത്ത് നിലനിൽക്കുകയില്ല. അതുകൊണ്ട് എത്ര നേർത്തതാണെങ്കിലും നമ്മുടെ ശബ്ദം ഉയർത്തിക്കൊണ്ടേയിരിക്കണം. സമരം ചെയ്യുക എന്നതാണ് പ്രധാനം. വിജയം രണ്ടാമത്തേതാണ്. ലോകത്ത് മഹിതമായ പല ആശയങ്ങളും വിജയിച്ചിട്ടില്ല. നീതി, സ്വാതന്ത്ര്യം തുടങ്ങിയവയൊക്കെ പ്രഹേളികയാണ്. പക്ഷേ, ദൗർഭാഗ്യവശാൽ പ്രതികരണത്തിന്റെ ആവശ്യകത പലരും തിരിച്ചറിയുന്നില്ല എന്നതാണ് വാസ്തവം. കേരളത്തിൽ ഫാസിസ്റ്റ് ശക്തികൾക്കെതിരെ ഉയരുന്ന വലിയൊരു ശബ്ദം സച്ചിദാനന്ദന്റേതാണ്. യുവ എഴുത്തുകാരിൽ ബഹുഭൂരി ഭാഗവും ഇക്കാര്യത്തിൽ കുറ്റകരമായ അനാസ്ഥ തുടരുന്നു. ദേശീയപ്രസ്ഥാന കാലത്ത് ഈയൊരു സാഹചര്യമായിരുന്നില്ല. അന്ന് ബഹുഭൂരിപക്ഷവും പ്രതികരണശേഷിയുള്ളവരായിരുന്നു. എല്ലാത്തിനെയും അടക്കിയൊതുക്കുന്ന ഒരു സ്വഭാവം നമ്മുടെ സമൂഹത്തിനുണ്ട്.അറിഞ്ഞോ അറിയാതെയോ അത് നമ്മെയും ബാധിക്കുന്നു. നിങ്ങൾ ഒരു ഐ.ടി. പ്രൊഫഷണൽ ആണെങ്കിൽ കോട്ടും സ്യൂട്ടുമിട്ട് റോഡിലിരുന്ന് മുദ്രാവാക്യം വിളിക്കുന്നതിൽ നിങ്ങൾക്ക് അപകർഷതാബോധം തോന്നും. ഒരു ചിന്തകനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ വാക്കുകൾ വ്യവസ്ഥാപിതമായ ചട്ടക്കൂടിലൊതുങ്ങുന്നു. കലാകാരന്മാരിലും ഈയൊരു ബോധം പ്രകടമാണ്. ഇത്രയും പുരോഗമനപരമായി ചിന്തിക്കുന്ന സമൂഹത്തിൽ ഫാസിസത്തിന്റെ മുഖത്തു നോക്കി രണ്ടുവാക്ക് പറയാനുള്ള തന്റേടം ഒരു സിനിമാനടനുമില്ല. കേരളത്തേക്കാൾ നൂറുമടങ്ങ് ഹിന്ദുത്വശക്തികൾ ഭീഷണിയുയർത്തുന്ന കർണ്ണാടകയിൽ അവർക്കെതിരെ പ്രകാശ് രാജ് ശക്തമായി പ്രതികരിക്കുന്നു. ഒരു മധ്യവർഗ്ഗമെന്ന സുരക്ഷിതത്വബോധത്തിൽ കടിച്ചു തൂങ്ങി നാം മലയാളികൾ ജീവിക്കുന്നു.

***? ഇന്ത്യയുടെ പ്രാചീന ചരിത്രം പഠിക്കുമ്പോൾ പ്രധാനമായും ധാരാളം ജാതി, മത വർഗ്ഗങ്ങളുടെ വളർച്ചയും വികാസവും കാണാം. വാസ്തവത്തിൽ നമ്മുടെ ഭൂതകാലം മതങ്ങളാൽ വിഭജിയ്ക്കപ്പെട്ടതായിരുന്നോ ?***

മതങ്ങളാൽ വിഭജിക്കപ്പെട്ടതല്ല. മതങ്ങളും ആശയങ്ങളും സംസ്ക്കാരങ്ങളും വൻതോതിൽ കൂടിക്കലർന്നതാണ് നമ്മുടെ ഭൂതകാലം. അനവധി പാരമ്പര്യങ്ങൾ കടന്നുവന്നു. അവ പരസ്പരം കൂടിക്കലർന്ന് അടുത്ത ഘട്ടത്തിലേയ്ക്ക് സംക്രമിച്ച ചരിത്രമാണ് നമ്മുടേത്. വിഭജിതം എന്നത് ഒരു കൊളോണിയൽ യുക്തിയാണ്. അതായത് പ്രാചീന ഇന്ത്യ ഹിന്ദുക്കളുടേതാണ്, മധ്യകാല ഇന്ത്യ മുസ്ലിംകളുടേതാണ് എന്നെല്ലാം ഇതിനെ വിഭജിച്ചത് ജെയിംസ് മില്ലും കൊളോണിയൽ ചരിത്രകാരന്മാരുമാണ്. വാസ്തവത്തിൽ അതിന് യാതൊരു അർത്ഥവുമില്ല കാരണം ഹിന്ദുക്കളുടേതെന്ന് അവർ പറയുന്ന പ്രചീനഘട്ടത്തിൽ ബുദ്ധമതവും ജൈനമതവുമെല്ലാമുണ്ട്. അതുകൊണ്ടു തന്നെ പ്രാചീന കാലത്തെ മതങ്ങളാൽ വിഭജിക്കപ്പെട്ട കാലമായി ഒരു നിലയ്ക്കും മനസ്സിലാക്കിക്കൂടാ. മറിച്ച് മതങ്ങളും ഭിന്നപാരമ്പര്യങ്ങളും സംസ്കാരങ്ങളും വൻതോതിൽ കൂടിക്കലർന്നതാണ്. പക്ഷേ നമ്മൾ ഈ കൂടിക്കലരിനെ വിഭജനം എന്ന രീതിയിൽ ചിത്രീകരിക്കാൻ പരിശീലിക്കപ്പെട്ടു.

***ജാതീയതയാണ് വർത്തമാന ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ വെല്ലിവിളി എന്നു പറയാനാകുമോ ?***

ജാതീയത മാത്രമല്ല സമകാലിക ഇന്ത്യ നേരിടുന്ന വെല്ലുവിളി. എങ്കിലും ജാതീയത ഒരു കേന്ദ്ര പ്രശ്നമാണ്, പാർശ്വ പ്രശ്നമല്ല. ഇന്ത്യയുടെ സാമൂഹ്യ രൂപീകരണത്തിന്റെ മുഖ്യഘടകം ജാതിയാണ്. സമത്വത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, അസമത്വം ഇന്ത്യയിൽഏറ്റവും കൂടുതൽ നിലനിർത്തുന്നത് ജാതിയാണെന്ന് പറയേണ്ടി വരും. അതുകൊണ്ട് ജാതിയെ അഭിസംബോധന ചെയ്യാതെയും ജാതിയെ മറികടക്കാതെയും ഇന്ത്യയിൽ സാമൂഹ്യനീതി എന്ന ആശയം സംസാരിക്കാനാകില്ല. അതോടൊപ്പം മറ്റൊരു പ്രശ്നം, ഇന്നത്തെ സാമ്രാജത്വം, മുതലാളിത്തം, മിച്ചമൂല്യ ഉൽപാദനം ഇതിനെയൊക്കെ വിമർശിക്കാൻ ജാതീയത പോരാതെ വരും എന്നതാണ്. കോളനിവാഴ്ച്ചക്കാലത്ത് ഭരണകൂടം എല്ലാവർക്കും പഠിയ്ക്കാനുള്ള സൗകര്യം, എല്ലാവർക്കും ബാധകമായ പൊതുനിയമങ്ങൾ ഇതൊക്കെ നടപ്പാക്കി. പക്ഷേ, ഫ്യൂഡൽ വ്യവസ്ഥിതിയെ തൊട്ടില്ല. ഫ്യൂഡൽ വ്യവസ്ഥിതി നില നിൽക്കുന്നിടത്തോളം കാലം പൊതുവിദ്യാലയങ്ങൾ കൊണ്ട് എന്ത് നേട്ടം ? ഇതിനുള്ള പരിഹാരം ഭൂമി എല്ലാവർക്കും ലഭ്യമാക്കുക എന്നതായിരുന്നു. അതിന് ജന്മിത്തത്തെ തകർക്കണം. പക്ഷേ, ജന്മിത്തത്തെ ഭരണകൂടം തൊട്ടില്ല. മാത്രമല്ല നികുതി പിരിച്ചെടുക്കുന്നതിനുള്ള ഇടനിലക്കാരായി അവരെ ഉപയോഗപ്പെടുത്തുകയും ചെയ്തു. തത്ത്വത്തിൽ ഔപ



ഡോ. അംബേദ്കർ



രവീന്ദ്രനാഥ് ടാഗോർ



ചാരികമായി മാത്രം ഭൂമിയുടെ ഉടമസ്ഥവകാശമുണ്ടായിരുന്ന ജന്മിക്ക് ഭൂമിയുടെ മേലുള്ള അവകാശം നിയമപരമായ വകവച്ചു കൊടുത്തത് കൊളോണിയൽ ഭൂപരിഷ്കാരങ്ങളാണ്. ജാതീയമായ വിഭജനത്തെ ഇന്നത്തെ മൂലധനശക്തികൾ മറ്റൊരു രൂപത്തിലാണ് അവതരിപ്പിക്കുന്നത്. മൊത്തത്തിൽ ഇന്ത്യ നേരിടുന്ന എല്ലാ പ്രശ്നങ്ങളുടെയും മൂലഹേതു ജാതീയതയാണെന്ന് പറയാൻ കഴിയില്ല. ഉദാഹരണമായി വർഗ്ഗീയത. ഇന്ത്യയിലെ ജാതീയതയ്ക്കുമേൽ മതം ആധിപത്യം നേടിയതാണല്ലോ വർഗ്ഗീയത. പ്രഹേളികകൾ സൃഷ്ടിച്ച് എങ്ങനെ ജാതിസ്വത്വങ്ങളെ തകർക്കാമെന്ന് അതിന്റെ വക്താക്കൾ കാണിച്ചു തന്നു. ഉത്തർപ്രദേശിലെ തെരഞ്ഞെടുപ്പിൽ ജാതി ഐഡന്റിറ്റികളെ മതം വിഴുങ്ങിയതായി കാണാൻ കഴിഞ്ഞു. സ്വത്വരാഷ്ട്രീയത്തിന് അതിന്റേതായ പരിമിതികളുണ്ട് എന്നർത്ഥം. ജാതി എന്ന കേന്ദ്ര പ്രശ്നത്തെ പരിഹരിക്കുവാൻ ജാതീയമായ പരിഹാരങ്ങൾ മാത്രം പോരാ എന്നാണ് എന്റെ അഭിപ്രായം.

***? അഭയാർഥികൾ എന്നും ലോകത്തിന്റെ മുറിവാണ്. ലോകത്ത് 12 കോടിയോളം ജനങ്ങൾ ഇന്നും അഭയമില്ലാതെ അലഞ്ഞു നടക്കുന്നു. സങ്കീർണ്ണമായ ഈ വിഷയത്തെ നമ്മൾ എങ്ങനെ സമീപിക്കും ?***

അഭയാർഥികൾ യഥാർത്ഥത്തിൽ നമ്മുടെ തന്നെ സൃഷ്ടികളാണ്. സ്വാതന്ത്ര്യാനന്തരഭാരതത്തിലെ അഭയാർഥികൾ നമ്മുടെ വികസനപ്രവർത്തനങ്ങളുടെ ബാക്കിപത്രമാണ്. നമ്മുടെ ആഭ്യന്തര ജനാധിപത്യത്തിന്റെ ദൗർബല്യമാണ് അവരുടെ എണ്ണം വർധിക്കാൻ കാരണം. പുറത്താക്കപ്പെട്ടവരുടെ ഉത്തരവാദിത്വം നമുക്കാണെന്ന് നാം ചിന്തിക്കുന്നില്ല. പുതുതായി ഒരു അണക്കെട്ട് വരുമ്പോൾ പതിനായിരക്കണക്കിന് ആളുകൾ ഒഴിപ്പിക്കപ്പെടുന്നു. ഇവർ എവിടെപ്പോകും? വികസനം വേണ്ട എന്നല്ല. പുറത്താക്കപ്പെടുന്നവർക്ക് എന്ത് സംഭവിക്കുന്നു എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇടശ്ശേരിയുടെ 'കുടിയിറക്കം' എന്ന കവിതയിൽ ഇത് വളരെ വ്യക്തമായി പറയുന്നുണ്ട്. വാസ്തവത്തിൽ ജനാധിപത്യം ഒരു നൈതികമായ കാഴ്ച്ചപ്പാടാണ്, രാഷ്ട്രീയ പ്രമാണമല്ല.

***നമ്മുടെ ചരിത്രത്തിൽ ധാരാളം മുൻവിധികൾ നിലനി ൽക്കുന്നുണ്ട്. വർത്തമാനകാലത്ത് ഇതിന്റെ തോത് വളരെയധികം വർദ്ധിച്ചു വരുന്നതായി കാണപ്പെടുന്നു. ഈ സാഹചര്യത്തെക്കുറിച്ച് ?***

നമ്മുടെ ചരിത്രത്തിൽ ധാരാളം മുൻവിധികൾ പലരൂപത്തിൽ നിലനിൽക്കുന്നുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. ചരിത്രത്തെ യാഥാർത്ഥ്യബോധത്തോടെ മനസ്സിലാക്കുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ പ്രവർത്തനമായി മാറേണ്ടതാണ്. ചരിത്രവക്രീകരണത്തിന്റെ ഒരു ഇരയാണ് ടിപ്പു സുൽത്താൻ. ടിപ്പുവിന്റെ ചരിത്രം വളരെയധികം തിരുത്തിയെഴുതിയിട്ടുണ്ട്. ഈയിടെ ഞാൻ ഗോവ സന്ദർശിക്കുകയുണ്ടായി. അവിടത്തെ ഒരു പുരാവസ്തു മ്യൂസിയത്തിൽ അനവധി ചരിത്രശേഷിപ്പുകളുണ്ട്. എന്റെ കൂടെയുള്ള ഗോവൻ സുഹൃത്ത് പറഞ്ഞത് ഇതെല്ലാം പോർച്ചുഗീസുകാർ തകർത്ത ക്ഷേത്രാവശിഷ്ടങ്ങളാണ് എന്നാണ്. ഇതിൽ എത്രത്തോളം വാസ്തവമുണ്ടാകും ? ക്ഷേത്രങ്ങൾ തകർത്ത അവശിഷ്ടങ്ങൾ മാത്രമേ അവിടെയുള്ളൂ എന്ന് ഒരാൾ കരുതുന്നു. ഇത്തരം ചില മുൻധാരണകളെ നാം സാമാന്യേന വകവച്ചു കൊടുത്തിരിക്കുന്നു. നമ്മുടെ



സച്ചിദാനന്ദൻ



പ്രകാശ് രാജ്



പാർവ്വതി



ഭീം കൊറോഗേവ് സ്മാരകം

തെറ്റായ ചരിത്രബോധത്തിന്റെ ഒരു നേർക്കാഴ്ച്ചയാണിത്.

***കേരളീയ നവോത്ഥാനം പൊതുവേ ഇന്ത്യൻ നവോത്ഥാനത്തിൽ നിന്നും വളരെയധികം വേറിട്ടു നിന്നിരുന്നു. ഇത് ഏതെല്ലാം തലങ്ങളിലായിരുന്നു?***

വളരെ ലളിതമായി പറഞ്ഞാൽ ഇന്ത്യൻ നവോത്ഥാനമെന്നത് മേൽത്തട്ടിലെ ഒരു പരിഷ്ക്കരണ ശ്രമമാണ്. കേരള നവോത്ഥാനം കീഴ്ത്തട്ടിൽ നിന്നുള്ള ഒരു വ്യവസ്ഥാപരിവർത്തനമാണ്. അടിസ്ഥാനപരമായി ജാതി വ്യവസ്തയോടുള്ള സമീപനം ആര്യസമാജം, ബ്രഹ്മസമാജം, പ്രാർത്ഥനാസമാജം തുടങ്ങിയവയിൽ, നില നിൽക്കുന്ന മതങ്ങൾക്കുള്ളിലെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും പരിഹരിച്ച് ഒരു ആധുനിക മൂല്യത്തോട് അതിനെ ചേർത്തു വയ്ക്കുക എന്നതായിരുന്നു. കേരള നവോത്ഥാനം അതിന്റെ തുടക്കത്തിൽ തന്നെ ജാതിനശീകരണ പരമായിരുന്നു. പരിഷ്ക്കരണപരമായ ധാര ഇല്ലെന്നു പറയാനാകില്ല എങ്കിലും ജാതി വിരുദ്ധമായ ധാരയ്ക്കായിരുന്നു മേൽക്കൈ. ഈയൊരു ഊന്നൽ ദേശീയ നവോത്ഥാന ചരിത്രത്തിൽ കാണാനാകില്ല. കാണുന്നതാകട്ടെ ചെറിയ തോതിലും. നമ്മൾ ഭീം കൊറോഗേവിനെക്കുറിച്ച് കേൾക്കുന്നത് ഇപ്പോഴാണ്. അതിനു പക്ഷേ ഇരുന്നൂറ് വർഷത്തെ പഴക്കമുണ്ട്. ഈ ഇരുന്നൂറ് വർഷത്തിനിടയിൽ അത് നമ്മുടെ ധാരണയിൽ വന്നില്ല. കാരണം നമ്മൾ നവോത്ഥാനത്തെ നോക്കിക്കാണുന്നത് മേൽത്തട്ടിലെ ജാതിമേധാവികളുടെ യുക്തിയിലൂടെയാണ്. അത്തരം യുക്തികൾക്കപ്പുറമുള്ള യുക്തികൾ അന്നുമുതലേ കേരളത്തിൽ നടന്നു എന്നതാണ്.

***വർഷങ്ങൾ പിന്നിടുമ്പോൾ കേരള നവോത്ഥാനം ദലിതുകൾ, ആദിവാസികൾ തുടങ്ങിയ അരികുവൽകൃത വിഭാഗങ്ങളിൽ ഏത് രീതിയിലാണ് പ്രതിഫലിച്ചത്?***

ജാതി മർദ്ദനത്തിന്റെ ഇരകളെന്നു വിളിക്കപ്പെടുന്നവരോ, ജാതീയമായി മാറ്റി നിർത്തപ്പെടുന്നവരോ ആയ ഒരുകൂട്ടം ആളുകൾക്ക് മധ്യവർഗ്ഗപരമായ ഒരു ജീവിതപരിസരം കൈവന്നു. അതേസമയം ഏറ്റവും കീഴ്ത്തട്ടിലുണ്ടായിരുന്ന ജനവിഭാഗങ്ങൾക്ക് കേരള നവോത്ഥാനം കൊണ്ട് വലിയ നേട്ടം കൈവന്നു എന്നു പറയാനാകില്ല. അതിന്റെ പ്രകടമായ ഉദാഹരണമാണ് കേരളത്തിലെ സ്ത്രീകളുടെ ജീവിതം. നാഷണൽ ഫാമിലി ഹെൽത്ത് സർവ്വേയുടെ പുതിയ കണക്കു പ്രകാരം സ്വതന്ത്രമായി സഞ്ചരിക്കാൻ സ്വാതന്ത്രമുള്ള സ്ത്രീകൾ വെറും 15% മാത്രമാണ്. ജോലി ചെയ്തു കിട്ടുന്ന ശമ്പളം സ്വയം ഇഷ്ടപ്രകാരം വിനിയോഗിക്കാൻ കഴിയുന്നത് 40% സ്ത്രീകൾക്കാണ്. ജാതിയുടെയും, സ്ത്രീ സ്വാതന്ത്ര്യത്തിന്റെയും, വിഭവ വിനിയോഗത്തിന്റെയുമൊക്കെ കണക്കെടുക്കുമ്പോൾ നമ്മുടെ നവോത്ഥാനം പിൻനിരയിലേക്ക് മാറ്റിനിർത്തപ്പെടുന്നു. ഈ പരിമിതികൾക്കൊപ്പം അതിലെ ചില മികവുകളെക്കൂടി കാണാതിരുന്നുകൂടാ. കേരളീയ ജനതയുടെ വലിയൊരു വിഭാഗത്തെ മധ്യവർഗ്ഗത്തിന്റെ പരിധിയിലേക്ക് ഉയർത്തികൊണ്ടുവരാൻ നവോത്ഥാനത്തിന് കഴിഞ്ഞു എന്നത് ഒരു യാഥാർഥ്യമാണ്. ഈയൊരു മധ്യവർഗ്ഗത്തിന്റെ വളർച്ചയോടുകൂടിത്തന്നെയാണ് മറുവശത്ത് ശക്തമായ പാർശ്വവത്കരണം ഉണ്ടായത്. ഇന്ത്യയിലെ ഏറ്റവും മോശമായ ജീവിതനിലവാരം പുലർത്തുന്നത് കേരളത്തിലെ ആദിവാസി വിഭാഗങ്ങളാണ്. ഇത് കേരള മോഡലിന്റെ മറുപുറമാണ്. ശിശുമരണ നിരക്ക്, ആയൂർദൈർഘ്യം, തുടങ്ങിയ സൂചികകളിൽ കേരളം യൂറോപ്യൻ രാജ്യങ്ങളോട് കിടപിടിക്കത്തക്ക രീതിയിലുള്ള നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. പക്ഷേ ആദിവാസികളുടെ ആയൂർദൈർഘ്യം കുറവാണ്. ലഹരി ഉപയോഗം, പോഷകാഹാരക്കുറവ്, ജീവിത പരിസരങ്ങളിലെ അപര്യാപ്തത

തുടങ്ങിയവയാണ് ഇതിനു കാരണം. വലിയൊരു വിഭാഗം ദലിതുകളുടെ ജീവിതവും ഇതിനു സമാനമാണ്. ഇതിനർഥം കേരളത്തിൽ യാതൊരു മികവുകളുമില്ല എന്നല്ല. ഉദാഹരണമായി കേരളത്തിൽ ജാതി മർദ്ദനത്തിന്റെ പ്രത്യക്ഷമായ അനുഭവങ്ങളില്ല. മതപരമായ വിവേചിതവ്യവസ്ഥ കാണുന്നില്ല. ഇവയൊന്നും വിലകുറഞ്ഞ നേട്ടങ്ങളല്ല ഇതിന്റെ മൂല്യം തിരിച്ചറിയുന്നത് മറ്റു പ്രദേശങ്ങളിലൂടെ സഞ്ചരിക്കുമ്പോഴാണ്. അതായത് അഞ്ചു രൂപക്ക് മത്സ്യം വാങ്ങി പാകം ചെയ്യുമ്പോൾ അതിന്റെ മണം പുറത്തു പോവാതിരിക്കാൻ പത്തു രൂപയുടെ ചന്ദനത്തിരി വാങ്ങി പുകയ്ക്കുന്ന ജനവിഭാഗങ്ങളും ഇന്ത്യയിലുണ്ട്. പാർശ്വവൽകൃത ജനവിഭാഗങ്ങളിലേക്കുകൂടി നവോത്ഥാനത്തിന്റെ ഫലം എത്തിക്കുക എന്നത് ഇക്കാലത്ത് വളരെ പ്രധാനപ്പെട്ടതാണ്. സ്ത്രീവിരുദ്ധമായ കാഴ്ച്ചപ്പാട് കേരളീയ പൊതുസമൂഹത്തിൽ വളരെ ശക്തമായിത്തന്നെ നിലനിൽക്കുന്നുണ്ട്. നടി പാർവ്വതിക്കെതിരായ സൈബർ ആക്രമണം തന്നെയെടുക്കുക. ഇവിടെ പ്രശ്നം മമ്മുട്ടിയെ വിമർശിച്ചതൊന്നുമല്ല. സ്വാധികാരത്തോടെ ഒരു സ്ത്രീ അഭിപ്രായം പറയുന്നു എന്നതാണ്. വുമൺ ഇൻ മലയാളം സിനിമ കലക്ടീവിനെതിരെയുള്ള വിഷയവും ഇതാണ്. കേരളത്തിലെ സ്ത്രീ സംഘടനകളെല്ലാം പുരുഷകേന്ദ്രീകൃത പ്രസ്ഥാനങ്ങളുടെ പാർശ്വങ്ങളാണ്. കേരളീയ സമൂഹം ഒട്ടേറെ മാറിക്കൊണ്ടിരിക്കുന്നുണ്ട് എന്ന് തെറ്റിദ്ധരിച്ച ഒരാളാണ് ഞാൻ. പക്ഷേ സമീപകാല സംഭവങ്ങൾ എന്റെ ധാരണകൾ ശരിയല്ല എന്ന കാഴ്ച്ചപ്പാടിലേക്ക് എന്നെ കൊണ്ടുപോയി.

***കുറച്ചുകാലം മുമ്പു വരെ കേരളത്തിൽ ശക്തമായി നിലനിന്നിരുന്ന ഒരു ക്രിട്ടിക്കൽ സപേസ് ഇന്ന് നമുക്ക് ലഭ്യമല്ല. ഇതിനെക്കുറിച്ച് ?***

എല്ലാത്തിനോടും വിമർശനാത്മകമായ നിലപാടെടുക്കുക എന്നതായിരുന്നു കേരള നവോത്ഥാനത്തിന്റെ കാതൽ. ഇന്ന് അത് ഒട്ടുമേയില്ല. ഋഷിവര്യനായ ശ്രീനാരായണഗുരു യുക്തിവാദിയായ സഹോദരൻ അയ്യപ്പനെ അനുയായിയാക്കിയതുപോലെ ഒരു പ്രസ്ഥാനത്തിലും കാണാൻ കഴിയില്ല. എന്തിനേറെ ഗാർഹികാന്തരീക്ഷത്തിൽപ്പോലും വിമർശനാത്മകത നഷ്ടമായിരിക്കുന്നു.

***അങ്ങയുടെ കാലഘട്ടത്തിൽ നിന്നും പുതിയ കാലഘട്ടത്തിലേക്കു വരുമ്പോൾ തലമുറകളുടെ വൈകാരികതയിലും മറ്റും മാറ്റങ്ങൾ സംഭവിച്ചിട്ടില്ലേ ?***

ഏതു കാലഘട്ടത്തിനും അതിന്റേതായ മികവുകളുണ്ട്. അതോടൊപ്പം പോരായ്മകളും. എൺപത് – തൊണ്ണൂറുകളിലാണ് എന്റെ വിദ്യാഭ്യാസകാലഘട്ടം, അതിനു മുമ്പുള്ള ഒരു കാലം, അതായത് എഴുപതുകൾ നക്സലേറ്റ് മുന്നേറ്റത്തിലൂടെയെല്ലാം കുറേകൂടി ആദർശനിഷ്ഠമായിരുന്നു. ഞങ്ങൾ പഠിക്കുമ്പോൾ പറഞ്ഞിരുന്നത് എഴുപതുകൾ മികച്ച കാലഘട്ടമായിരുന്നു എന്നാണ്. എന്നാൽ ഇന്നത്തെ തലമുറ പറയുന്നത് ഞങ്ങളുടെ തലമുറയാണ് മികച്ചത് എന്നാണ്. ഇത് ഓരോ ഘട്ടത്തിലും മാറിവരും. ഞങ്ങളുടെ കാലത്ത് സെമസ്റ്റർ സിസ്റ്റം ഇല്ല. ഇടക്കിടെ പരീക്ഷകളില്ല. ഇങ്ങനെ അമിത സമ്മർദ്ദങ്ങളില്ലാത്തതിനാൽ ഞങ്ങൾ മറ്റു പല കാര്യങ്ങളിലും സജീവമായി ഇടപെടുമായിരുന്നു.

ഇന്ന് ഒരു വിദ്യാർത്ഥിക്ക് അതിന് കഴിയില്ല. സാങ്കേതിക വിദ്യയുടെ കാലമായ ഇന്ന് നിലവിലെ സാഹചര്യങ്ങളൊന്നും പരിഗണിക്കാതെ വിദ്യാർത്ഥികൾക്ക് സർഗ്ഗശേഷിയില്ല, രാഷ്ട്രീയ ബോധമില്ല, എന്നൊന്നും ഞാൻ പറയില്ല. വാസ്തവത്തിൽ സാശ്രയ വിദ്യാഭ്യാസം ഇല്ലാതാക്കിയത് വിദ്യാർത്ഥികളുടെ സാമൂഹ്യ ബോധമാണ്. ഞങ്ങൾ പ്രവർത്തിച്ചിരുന്ന പൊതു മണ്ഡലം കുട്ടികൾക്ക് നഷ്ടമായിരിക്കുന്നു. എന്തുകൊണ്ടാണ് യുവാക്കളും രാഷ്ട്രയപ്പാർട്ടികളും തമ്മിൽ അകൽച്ച വരുന്നത്? യുവത്വത്തിന്റെ ആശയലോകവും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ കാഴ്ച്ചപ്പാടുകളും തമ്മിൽ വലിയ അന്തരമുണ്ട്. ഈ അകൽച്ച കുറക്കേണ്ടതുണ്ട്.

***അവസാനമായി ഞങ്ങളുൾപ്പെടുന്ന വിദ്യാർഥി – യുവജനങ്ങളോടുള്ള ഉപദേശം?***

ഉപദേശമൊന്നുമില്ല. ഞാൻ കണ്ട ലോകത്തെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. നിങ്ങളുടെ ലോകം ഇതിൽ നിന്നും തികച്ചും ഭിന്നമാണ്. അതുകൊണ്ട് എന്റെ ഉപദേശത്തിന് ഈ നിലയിൽ വലിയ



പ്രാധാന്യമൊന്നുമില്ല. എങ്കിലും ചില അടിസ്ഥാനതത്ത്വങ്ങളിൽ ഉറച്ചു നിൽക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. എപ്പോഴും നീതിബോധം മുറുകെപ്പിടിക്കുക . നീതി എന്നാൽ നിങ്ങളല്ലാത്തതിനെക്കുറിച്ചുള്ള നിങ്ങളുടെ കരുതലാണ്. ഇത്തരമൊരു വിശാലമായ നീതിബോധത്തെയാണ് ഞാൻ രാഷ്ട്രീയം എന്നു വിളിക്കുന്നത്. ആ അർത്ഥത്തിൽ നമ്മുടെ നൈതികത വിശാലമാക്കുന്നതിലൂടെ നമുക്ക് അപരത്വം എന്ന ആശയത്തിലേക്ക് എത്തിച്ചേരാനാകും.



**SANA HAMZA**
*VI th Sem. BA English*



# Wikihow: Birth of a Feminist

Toying with my mind
Playing with my feelings
Insincere in approach
And disrespectful in attitude
Always trying to gain the upper hand
Messing with my boundaries;
Pretending I'm always available
Liability being mine to make adjustments
My sacrifices are not acknowledged.
I have irrational tastes,
Unjustified excuses, whatsoever.
Any charcoal-image is my creation;
Any glorious end-result, confiscated.
The fault is mine, the wrong-sider.

So goes my story, I know,
You've heard this one before.
Does that make it any less real?
Forget that I asked, alright?
I just wanted to show....,No!
We're going to play a game.
I'll be you, you'll be me.
You look so cheerful already.
Exactly as I should have been.
Another is another and rather, not us
And how desperately we pretend
That sly struggle to belong, to be...
Enough of these petty pretend games.
Let's call it a day.

Now, I will leave and
I'm going to make my own gown
Something that would become mine...
Mine to wear, mine to tear;
And about these pretend games
Soon, they will fall out of trend
Like any other fashionable wear.

# നിലാവൊഴിഞ്ഞ രാത്രി




**ANEESA RISVA. P**
*IV[th] Sem. BSc. Maths*


ഏകയായ് നിന്നൊരാ
ശാന്തമാമന്തിയിൽ
ചന്ദ്രശോഭയൂർന്നിറങ്ങി
ജനലഴികളിലൂടെ.
ഊയലാടുന്ന
തെങ്ങോലത്തുമ്പുകൾ.
കാറ്റിന്റെ ചൂളമതിൽ
നിശാഗന്ധിതൻ സൗരഭ്യം.
ഹൃദയത്തെ പുണരും
മഞ്ഞിൽ കുളിരും
സ്വയമേ മറന്നതി
ലായലിഞ്ഞു ഞാൻ.

തൽക്ഷണം വന്നൊരാ
മിന്നൽ പിണരതിൽ
പ്രകൃതിതൻ സൗന്ദര്യം
കത്തിയമർന്നു,
ഇരുളിൻ കയത്തിൽ
നിലാവു പോയ് മറഞ്ഞു.
ഇടിനാദം കേൾപ്പുണ്ടാ–
രട്ടഹാസം പോൽ

മുന്നിൽ തെളിഞ്ഞു
നിഗൂഢ പ്രതീകമാം
ഡ്രാക്കുള പ്രഭുവിൻ
പടുകൂറ്റൻ മാളിക.

നീണ്ടൊരു മൂക്കുമായ്
കൂർത്ത ചെവികളായ്
ചുണ്ടിൽ വിരിഞ്ഞു
വിളറിയ പുഞ്ചിരി.
ശരമെയ്യും നോട്ടമായ്
വരണ്ടുണങ്ങി നയനങ്ങൾ
ചലിക്കാൻ കഴിയാതായെൻ
കൺപീലികൾപോലും
കാതിൽ മുഴങ്ങി
കടവാവലിൻ ചിറകടി
തെന്നലിൽ ചാലിച്ചൊരാ
ചുടുചോര തൻ ഗന്ധവും
ജാലകക്കമ്പിയിൽ
വികൃതമാം മരവിച്ച
കൈകൾ പതിഞ്ഞതും
പെട്ടന്നുകൊട്ടിയടച്ചു
ഞാനിരുജനൽപ്പാളികൾ
സ്വപ്നച്ചിറകിലൊരു
വിലങ്ങിട്ടതു പോൽ.
മുഖമമർത്തി പരുപരുത്തൊരാ
മെത്തയിൽ
ഘടികാരസൂചി
കിതച്ചുനിന്നീടവേ...





# മാനവികത നഷ്ടപ്പെട്ട സമൂഹം



**RISHANA JASMIN**
*IV<sup>th</sup> Sem. BA English*

മനുഷ്യൻ എന്ന നിലയിൽ ഒരു പരിഗണനയോ അംഗീകാരമോ ലഭിക്കാത്ത ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. സമൂഹത്തിലെ ചൂഷിത വിഭാഗത്തിൽപ്പെടുന്ന ഒരു വർഗ്ഗം ജനങ്ങളാണ് നമുക്കിടയിലുള്ളത്. മാനവികത, മനുഷ്യത്വം ഇതിനൊന്നും ജീവിതത്തിൽ ഒരു പ്രാധാന്യവും നൽകാൻ നാം തയ്യാറാകുന്നില്ല.

“നമ്മൾ” എന്ന വികാരത്തിൽ നിന്നും “നാം” എന്നതിലേക്ക് ചുരുങ്ങിയത് മുതൽ നമ്മിലെ മനുഷ്യത്വം മരവിച്ചു പോയിരിക്കുന്നു. സഹജീവികളുമായുള്ള സഹവർത്തിത്വം ഇന്ന് അന്യം നിന്ന് പോയിരിക്കുന്നു. എന്താണ് യാഥാർത്ഥ്യം, ഏതാണ് യാഥാർത്ഥ്യം എന്ന് ഉൾക്കൊള്ളാൻ കഴിയാത്ത ഒരു അവസ്ഥയിലേക്ക് നമ്മുടെ സമൂഹം അധഃപതിച്ചു പോയിരിക്കുന്നു.

നമ്മുടെ ഈ ലോകത്ത് നമുക്കെത്ര കടമകൾ ചെയ്തു തീർക്കാനുണ്ട് എന്ന ഒരു ചിന്തപോലും ആരുടെയും മനസ്സിലില്ല. എല്ലാവരും വ്യക്തികളായി മാറിയിരിക്കുന്നു. എന്തെന്നാൽ ഒന്നിനെയും അതിന്റെ വ്യക്തതയോടെ മനസിലാക്കാനോ ഉൾക്കൊള്ളാനോ ഉള്ള കഴിവ് നമുക്ക് ഇന്ന് ഇല്ല. മാനവികത നമ്മളിൽ നിന്നും ചോർന്ന് പോയ്കൊണ്ടിരിക്കുകയാണ്. എന്താണ് വാസ്തവത്തിൽ നടക്കുന്നത് എന്ന് തിരിച്ചറിയാൻ ആർക്കും സാധിക്കുന്നില്ല. എപ്പോഴാണ് ഓരോരുത്തരുടെയും സ്വഭാവവും ചിന്താഗതിയും മാറി മറിയുക എന്ന് നമുക്കറിയില്ല. പുറത്ത് നിഷ്ക്കളങ്കതയുടെ ചിരിയാണെങ്കിലും ആ ചിരി മായാൻ അധികസമയമൊന്നും വേണ്ടിവരില്ല.

മനുഷ്യൻ എന്ന നിലയിൽ നമ്മുടെ പല മൂല്യങ്ങളും ഇന്ന് ചോർന്ന് പോയിരിക്കുന്നു. ബന്ധങ്ങൾക്കൊന്നും ഇന്ന് ഒരു പ്രാധാന്യവും ഇല്ല. എല്ലാ ബന്ധങ്ങളും അന്യം നിന്ന് പോയിരിക്കുന്നു. കുടുംബബന്ധത്തിന് പോലും ഇന്ന് നമ്മുടെ ജീവിതത്തിൽ ഒരു പ്ര ാ ധാന്യവുമില്ല. ഒരു വ്യക്തിയുടെ സ്വഭാവ രൂപീകരണത്തിനും, സമൂഹത്തിലുള്ള പെരുമാറ്റരീതികൾക്കും സുപ്രധാന പങ്ക് വഹിക്കുന്ന, ജീവിതത്തിൽ അകറ്റി മാറ്റാൻ കഴിയാത്ത ഒരു ബന്ധമാണ് കുടുംബ ബന്ധം. പണ്ടത്തെ കാലത്തെ വെച്ചുനോക്കുമ്പോൾ കുടുംബ ബന്ധങ്ങളെല്ലാം അന്യം നിന്ന് പോയിരിക്കുന്നു. കൂട്ടുകുടുംബം അണു കുടുംബം എന്നതിലേക്ക് ചുരുങ്ങി പോയിരിക്കുന്നു. “നാം ഒന്ന് നമുക്ക് ഒന്ന്” എന്നാണവരുടെ ആപ്തവാക്യം.

സമൂഹത്തിൽ എന്ത് അനീതിയും അക്രമവും സംഭവിച്ചാലും മനുഷ്യത്വം മരവിച്ച, പ്രതികരണശേഷി നശിച്ചുപോയ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. പണത്തിനും, സ്വത്തിനും, സുഖലോലുപതക്കും വേണ്ടി മനുഷ്യജീവൻ ബലി കൊടുക്കാൻ ആർക്കും ഒരു മടിയുമില്ല. താൻ എന്നും സമൂഹത്തിൽ ഉയർന്നവനാവണം എന്ന ഒരു മനോഭാവമാണ് ഇതിനു പിന്നിൽ. പക്ഷെ ഇത് കൊണ്ട് സമൂഹത്തിൽ എന്തൊക്കെയാണ് സംഭവിക്കുന്നത് എന്ന് ആരും മനസ്സിലാക്കുന്നില്ല.

“മാതാ-പിതാ-ഗുരു-ദൈവം” എന്ന വാക്യം നാം എല്ലാവർക്കും സുപരിചിതമാണ്. പക്ഷെ ഇന്ന് അതിന് ഒരു പ്രാധാന്യമില്ല. സ്വന്തം കാര്യം നേടാൻ വേണ്ടി ആരെയും ഏത് രീതിയിലും



നശിപ്പിക്കാൻ പ്രാപ്തമായ ഒരു സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്.

മനുഷ്യൻ എന്നതിലുപരി ആരെയും മനസിലാക്കാനോ , ഒന്നിനും നാം തയ്യാറാകുന്നില്ല. സ്ത്രീ, പുരുഷൻ എന്ന വിവേചനവും ഇവിടെ കാണാൻ കഴിയും. ഇതിന്റെ പരിണിതഫലമാണ് ഒട്ടനവധി വിവാഹമോചനക്കേസുകൾ നടക്കുന്നത്. “ഭാര്യ” എന്നാൽ ഭരിക്കപ്പെടുന്നവൾ എന്നും “ഭർത്താവ്” എന്നാൽ ഭരിക്കുന്നവൻ എന്നുമാണ് ധാരണ. പരസ്പരം കാര്യങ്ങൾ പറഞ്ഞ് പ്രശ്നം ഒത്തു തീർപ്പാക്കാൻ ആരും തയ്യാറാകുന്നില്ല. മനുഷ്യൻ be human എന്നതിലുപരി നമ്മൾ ഒരു മനുഷ്യമൃഗമായി മാറിയിരിക്കുന്നു. നാം ഒരു സാമൂഹ്യജീവിയാണ്. സമൂഹത്തിൽ എന്തൊക്കെ നടക്കുന്നു എന്ന് മനസ്സിലാക്കാനുള്ള സാമാന്യബുദ്ധി നാം ഓരോരുത്തർക്കുമുണ്ട്.

നമുക്ക് സുപരിചിതമായ വാർത്തകളാണ് ജിഷ വധക്കേസ്, സൗമ്യ വധക്കേസ് എന്നതെല്ലാം. ഒരു പെണ്ണായി പിറന്നതുകൊണ്ട് അവർക്ക് ഈ സമൂഹത്തിൽ നിന്ന് കിട്ടിയ പ്രതിഫലമാണ് അവരുടെ ധാരുണാന്ത്യം. ഇതുമാത്രവുമല്ല. അമ്മ മകനെ കൊന്നു, സ്വത്ത് തർക്കത്തിന്റെ പേരിൽ മക്കൾ മാതാപിതാക്കളെ വധിച്ചു, ഉപേക്ഷിച്ചു ഇങ്ങനെ പലവാർത്തകളും നമുക്ക് സുപരിചിതമാണ്. മനുഷ്യത്വം ഉള്ളിലുള്ളൊരു വ്യക്തിയും ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യാത്ത കാര്യങ്ങളാണ് ഇന്ന് നമ്മുടെ സമൂഹത്തിൽ നടക്കുന്നത്.

നമ്മുടെ തലമുറക്ക് മുമ്പും ഇവിടെ മനുഷ്യർ ഉണ്ടായിരുന്നു. പക്ഷെ അവരൊന്നും ഒന്നും ചൂഷണം ചെയ്തിട്ടില്ല. അന്നത്തെ കാലത്ത് സമൂഹത്തിൽ എല്ലാത്തിനും ഒരു നിലയും വിലയും പ്രാധാന്യവുമുണ്ടായിരുന്നു. അന്നൊന്നും മനുഷ്യത്വം മരവിച്ച ഒരു വിഭാഗം ജനങ്ങൾ ഉണ്ടായിരുന്നില്ല. വ്യക്തിതാൽപര്യത്തിന് വേണ്ടി മനുഷ്യരെ ഒരു കച്ചവടച്ചരക്കായി വിൽക്കാൻ ആരും മുതിർന്നിരുന്നില്ല. അന്ന് എല്ലാ ബന്ധങ്ങൾക്കും അതിന്റേതായ പ്രാധാന്യം ഉണ്ടായിരുന്നു. ഇന്ന് സുഹൃദ്ബന്ധമായാലും, ദാമ്പത്യബന്ധമായാലും, കുടുംബബന്ധമായാലും എല്ലാം ഒരു പരിധിവരെ മാത്രം. എല്ലാം ചങ്ങലക്കിട്ട് പൂട്ടിയിരിക്കുകയാണ്. എപ്പോൾവേണമെങ്കിലും പൂട്ട് പൊട്ടിച്ച് പുറത്ത് വരാം. ആരും ചോദിക്കാനും പറയാനും വരില്ല. ബന്ധങ്ങൾ നിലനിർത്താനുള്ള സമയമോ, താൽപ്പര്യമോ ആർക്കുമില്ല. എല്ലാം ഒരു പേരിനുമാത്രം.

നാം ചെയ്യുന്ന വാക്കുകളും പ്രവർത്തികളും തമ്മിൽ പോലും ഇന്നൊരു ബന്ധവുമില്ല. എന്തിനോ വേണ്ടി എന്തൊക്കെയോ ചെയ്യുന്നു. എന്തൊക്കെയോ നമ്മുടെ കൺമുന്നിൽ നടക്കുന്നു. പ്രതികരിക്കാനുള്ള ശേഷി നശിച്ചിരിക്കുന്നു. എല്ലാത്തിനും മുമ്പിലും കണ്ണടച്ച് നിൽക്കുന്നു. മനുഷ്യത്വം മരവിച്ച, പ്രതികരണശേഷി നശിച്ച ഒരു സമൂഹത്തിലെ വ്യക്തികളാണ് നമ്മൾ. ഇനി വരുന്ന തലമുറക്ക് വേണ്ടി ഒന്നും സൂക്ഷിക്കാൻ നമുക്കില്ല.

ഇനി വരുന്ന തലമുറ ജീവന്റെ പ്രാധാന്യം ഉൾക്കൊണ്ട് എല്ലാം അറിഞ്ഞും പ്രവർത്തിച്ചും ജീവിക്കട്ടെ എന്ന് നമുക്കാശിക്കാം. ഇനിയെങ്കിലും ഒരു മനുഷ്യനായി ജീവിക്കാൻ നമുക്ക് ശ്രമിക്കാം. ദൈവത്തിന്റെ ഒരു വരദാനമാണ് ഈ മനുഷ്യജന്മം. അത്കൊണ്ട് തന്നെ അതിന്റെ പ്രാധാന്യം നാം മനസ്സിലാക്കണം.



**THASLEEM. T**
*IV[th] Sem. Bcom. Finance*

# നിനക്കായ്

അവളെ ഞാൻ ഇന്നും സ്നേഹിക്കുന്നു
അകറ്റിയതിൽ സങ്കടം ഇല്ലാത്തത്
സ്നേഹക്കുറവ് കൊണ്ടല്ല
എന്നേക്കാൾ കൂടുതൽ ജന്മംതന്ന
അച്ഛനേയും ജീവിതം പഠിപ്പിച്ച
അമ്മയേയും സ്നേഹിക്കാൻ
അവൾക്ക് കഴിഞ്ഞതു കൊണ്ടാണ്
പുതിയ മുഖംമൂടി അണിഞ്ഞ്
മറ്റൊരാളായി ജീവിയ്ക്കാൻ
കഴിയാത്തതിനാലാകാം അവൾ,
അഗ്നിസാക്ഷിയായി
ലോകത്തോട് വിടപറഞ്ഞത്.
അതിൽ ഞാൻ അവളോട് പരിഭവത്തിലാണ്
കാരണം ഇന്ന് അവൾ എന്നെ കാണുന്നു
ഞാൻ കാണുന്നുമില്ല.

# സ്നേഹത്തിന്റെ കാവൽക്കാരൻ



**Mr. SREENATH. M.K**
*Computer Department*

പതിവില്ലാതെയുള്ള ആലോചന കണ്ടിട്ടാകണം അവൾ ചോദിച്ചത് "എന്താ ഏട്ടാ ഇത്ര കാര്യമായി ആലോചിക്കാൻ ? " "ഒന്നുമില്ല കുട്ടീ, കോളേജ് മാഗസിനിലേക്ക് എന്റെ വക എന്തെങ്കിലും വേണം. എന്താ എഴുതേണ്ടതെന്ന് ആലോചിക്കുകയായിരുന്നു. " ചില കാര്യങ്ങളെ പോസിറ്റീവായി വേണം കാണാൻ. ശരിയാണ് ഇന്നെഴുതാനുള്ള വിഷയം അങ്ങനെ ത്തന്നെ വേണം. വർഷങ്ങൾക്കുമുന്നേയുള്ള ഒരനാഥനല്ല ഞാനിപ്പോൾ. അന്ന് കോളേജിലെ പ്രസ്ഥാനത്തിനു വേണ്ടി, ജനിച്ച മണ്ണിനു വേണ്ടി പോരാടുമ്പോൾ, ഒരിക്കലും വിചാരിച്ചിരുന്നില്ല ഇങ്ങനെയൊരു മാറ്റം. അനാഥനായതുകൊണ്ട് ചോദിക്കാൻ ആളില്ലല്ലോ, ഊണം ഉറക്കവും കളഞ്ഞ്, നേരാവണ്ണം ഭക്ഷണം പോലും കഴിക്കാതെയുള്ള പൊതുപ്രവർത്തനവുമായി നടന്ന ആളായിരുന്നു. അന്ന് നാളെയെക്കുറിച്ച് വേവലാതിപ്പെട്ടിരുന്നില്ല. ഒരു പക്ഷെ എന്നെ ഭയപ്പെടുത്താനുള്ള ഒന്നും കാലത്തിന്റെ പക്കൽ ഇല്ലായിരുന്നു എന്ന സത്യമാവാം അതിനു കാരണം. പിന്നെയും കാലം മുന്നോട്ട് പോയപ്പോഴാണ് അവൾ ജീവിതത്തിലേക്ക് കടന്നുവന്നത്. ഒരനാഥയായതുകൊണ്ട് അധികമൊന്നും ആലോചിക്കാതെ ആ വിവാഹം നടന്നു. പിന്നീടങ്ങോട്ട് ജീവിതത്തിൽ മാറ്റങ്ങൾ ഉണ്ടാകാൻ തുടങ്ങി. ചിലതിനോടുള്ള പേടി തന്നെയായിരുന്നു ആ മാറ്റങ്ങൾക്ക് കാരണം. ജീവിതം ചിട്ടയായി മാറാൻ തുടങ്ങി. സ്വന്തമായി വീട് എന്ന ആഗ്രഹം അവൾ പ്രകടിപ്പിച്ചപ്പോൾ എതിർത്തില്ല.

പിന്നീടങ്ങോട്ടുള്ള കാലം വീടെന്ന സ്വപ്നത്തിനു പുറകേയായി. ജീവിതത്തിന് ഒരടുക്കും ചിട്ടയും വേണമെന്നവൾ പഠിപ്പിച്ചു. ഭക്ഷണം, ജോലി, ആരോഗ്യം, വിശ്രമം എല്ലാം വേണമെന്നവൾ ശഠിച്ചു. സ്നേഹക്കൂടുതൽ കാരണം മറുവാക്കുകളില്ലാതെ അതെല്ലാം അനുസരിച്ചു. ആ അനുസരണയിൽ സ്നേഹത്തിന്റെ മുഖം മൂടിയാൽ കാണാതെ കിടന്ന മറ്റൊന്നുണ്ടായിരുന്നു. ആ ഒരു വിവരമാവാം, അതിന്റെ വകഭേദങ്ങളാവാം നമ്മെയെല്ലാം ഇന്നും പലകാര്യങ്ങളും ചെയ്യാൻ പ്രേരിപ്പിക്കുന്നത്. പിന്നീടുള്ള ഈ കാലമത്രയും അങ്ങനെ സ്നേഹത്തിന്റെ പേരുള്ള പലതിനും പിറകേയുള്ള യാത്രയായിരുന്നു. എതിർക്കുമെങ്കിലും, അതുതന്നെയാണ് മിക്ക ആളുകളുടേയും ജീവിതവും.

അവൾ എന്നത് ഒരു പ്രതീകം മാത്രമായിരുന്നു. സ്നേഹത്തിലൂടെ, വിശ്വാസ്യതയിലൂടെ ഭയത്തിന്റെ വിത്തുകൾ എന്റെ മനസ്സിൽ മുളപ്പിച്ച പ്രിയതമ. അതുചിലരാണ്. അമ്മയാകാം, അച്ഛനാകാം, ബന്ധുക്കളാകാം, ചില സ്വപ്നങ്ങളുമാകാം. സ്നേഹത്തിന്റെ പേരിൽ അവൾ പാകിയ വിത്തുകൾ കാലാന്തരത്തിൽ വളർന്ന് വടവൃക്ഷമായി. ഒരുപാടു സ്വപ്നങ്ങൾ കാണാനും, ആഗ്രഹങ്ങൾ നിറവേറ്റാനുമുള്ളതായി ജീവിതം. ഭയം, പേടി അതല്ലെങ്കിൽ ചില ആകുലതകൾ, അതുതന്നെയാണ് ജീവിക്കാൻ പ്രേരിപ്പിച്ചത്, മുന്നോട്ട് നയിച്ചത്. ഒരു കുടുംബനാഥനെന്ന നിലയിൽ നല്ല നാളെകളെക്കുറിച്ചുള്ള സ്വപ്നങ്ങൾ, അത് ദുരിതപൂർണ്ണമാകുമോ എന്ന ഭയം ഇന്നുള്ള ജീവിതത്തെ കൂടുതൽ മെച്ചപ്പെട്ടതാക്കാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ഞങ്ങൾ നടത്തുന്ന അനാഥാശ്രമം അവിടുത്തെ പുതിയ കെട്ടിടത്തിന്റെ നിർമാണമാണ്, അതിനായി പലരേയും കാണാനും ധനസഹായം ലഭിക്കാനുമായുള്ള ഓട്ടങ്ങൾ. അതിനെല്ലാം പുറകിലും ചില പേടികൾ ഉണ്ട്. ഞങ്ങളെ ആശ്രയിച്ചവരെ പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വരുക എന്നഭയം, അവരെ വേണ്ട വിധത്തിൽ നോക്കുവാൻ കഴിയില്ലേ എന്ന ഭയം. അങ്ങനെ നോക്കുമ്പോൾ സ്വപ്നങ്ങളുടെ, സ്നേഹത്തിന്റെ മറ്റൊരു പേരാണോ ഭയം.. ആവാം, അതെല്ലെങ്കിൽ ചിലപ്പോഴെങ്കിലും അങ്ങനെതന്നെയാണ്. ഭയമേ, നന്ദി !. ഇന്നുള്ള എന്നെ വളർത്തിയത് നീയാണ്. സ്നേഹത്തിലൂടെ പുഞ്ചിരിയിലൂടെ, നിനക്കിനിയും ഒരുപാടു ചെയ്യാനുണ്ട്. തൽക്കാലം ഓർമകൾക്കു വിട. ഭയമില്ലാത്ത ലോകം, അതൊരു പൊള്ളയായ വാക്കാണ്. മറ്റെന്തിനേയും പോലെ ഇതും ലോകത്തിന് ആവശ്യമാണ്. സ്നേഹത്തിന്റെ കാവൽക്കാരാ! നീയാണ് നല്ല നാളെയെ സൃഷ്ടിക്കുന്നത്.



**JITHA.P**
*IInd Sem. BA English*

# നിഴൽ

ഭൂമിയിലേക്ക് പിറന്നു വീഴുമ്പോഴും
മരണത്തിലേക്ക് ചുവടുവെയ്ക്കുമ്പോഴും
എന്നോടൊപ്പം ഉണ്ടായിരുന്ന നീ
അന്ന്... അപ്പോൾ മാത്രമെന്തേ
എന്നെ തനിച്ചാക്കി ?
ഒറ്റയ്ക്കായപ്പോൾ നമ്മളൊന്നിച്ചു കളിച്ചു.
മാനും മുയലും ഒട്ടകവും ഉണ്ടാക്കി കളിച്ചു.
ഒരു മനസ്സും ഒരു ശരീരവുമായിരുന്നില്ലേ നമ്മൾ
എന്നിട്ടും, അപ്പോൾ മാത്രം എന്തിന് നീ
എന്നെ തനിച്ചാക്കി ?
ആഴമുള്ള കുളത്തിൽ ചാടിക്കളിക്കുമ്പോൾ
നീയും കൂടെച്ചാടി രസിച്ചില്ലേ ?
എത്ര ഞാൻ നിന്നെ കല്ലെടുത്തെറിഞ്ഞാലും,
നോവിച്ചാലും
ഒരു പരാതിയും പറയാതെ, വീണ്ടും
എന്റെ മുൻപിലെത്തിയില്ലേ?
നിന്റെ കണ്ണീരു ഞാൻ കണ്ടില്ല
നിന്റെ പുഞ്ചിരിയും ഞാൻ കണ്ടില്ല
നിന്റെ മുഖം പോലും ഇന്നു വരെ
ഞാൻ കണ്ടില്ല.
പക്ഷെ, നിന്റെ മനസ്സെനിക്കു കാണാമായിരുന്നു.

ഞാൻ കരയുമ്പോൾ, ചിരിക്കുമ്പോൾ
നീയും കൂടെക്കരയും, ചിരിക്കും
അതെനിക്കറിയാമായിരുന്നു.
പക്ഷെ അപ്പോൾ മാത്രം നീ എന്നെ
തനിച്ചാക്കുമെന്ന് ഞാൻ
അറിയാതെ പോയി ?
നിന്നെ വിശ്വസിക്കരുതെന്ന് പലരും പറഞ്ഞു
നീ കാപട്യത്തിന്റെ മുഖം മൂടിയാണെന്നും
പറഞ്ഞു. ഞാൻ കേട്ടില്ല.
പക്ഷെ അന്ന്, ആ അമാവാസി രാവിൽ
നിന്നെ ഞാൻ എത്ര തിരഞ്ഞു ?
അന്നല്ലേ ആദ്യമായി എന്നെ ഏകാന്തത പിടികൂടിയത് ?
ഇരുട്ടിന്റെ ക്രൂരമായ കൈകളിലേക്ക്
നിഷ്ക്കരുണം എന്നെ എറിഞ്ഞുകൊടുത്ത്
നിശബ്ദയായ് നീ
എങ്ങോ പോയ് മറഞ്ഞില്ലേ ?
അന്ന് ഞാൻ തിരിച്ചറിഞ്ഞു.
ആരെയും വിശ്വസിക്കരുത്
കാരണം നിഴൽപോലും
ഇരുട്ടത്ത് നമ്മെ തനിച്ചാക്കും !

# स्त्री शिकार

शिकारी देखता है कहाँ और से कहीं
वह खोज रहा है शिकार मृग को
उसका लक्ष्य हमेशा एक है - स्त्री / औरत ।
स्त्रीयों से / औरतों को वह शिकार करती है
उसकी दर्द देखकर वह संतुष्ट / खुश है।
स्त्री शिकार बढता है आजकल।।
एक स्त्री को शिकार करते शिकारी
उसकी दर्द नहीं सोचते है।
स्त्री सब सहकर बाहर नहीं आते हैं,
रसोई के चार दीवारों के अन्धकार
में बैठते हैं।
उसके न्याय मिलने के प्रतीक्षा न थे,
घर से, बाहर से हमेशा एक है वो,
कोई उसके न्याय नहीं दी है,
स्त्री शिकार बढता है आजकल।।
शिकारी अमीर है, दुष्ट है,
वो अपने-अपने बारे में सोचता है।
माँ का मूल्य वो नहीं याद करता है
एक पति का कर्तव्य वह नहीं सोचता है।
न एक बाई की और न बच्चा की।
वह अपनी खुशी केलिए स्त्री की उपयोग करती है,
उसकी दर्द वह नहीं समझता है।
स्त्री शिकार बढता है आजकल।।
शिकारी का मृग होते पर भी
वो सब सहते है और माफि करती है,
शिकार की शिकारी कुत्ता जैसे अनुसार की है।
वह नारी है, बेटी है, बहन पत्नी और
शिकारी की माँ भी है,
ये सब शिकारी नहीं सोचता है।
स्त्री शिकार बढता है आजकल।।
केवल पशु-पक्षी शिकार नहीं है
स्त्री शिकार बढता है आजकल।
वो दुर्बल है, उसको आवाज नही है
वो हमेश चुपकर सहते हैं।
ईश्वर की आँखों यहाँ बन्द है
स्त्री की न्याय यहाँ प्रश्न है, हिसाब आती है,
स्त्री शिकार बढता है आजकल।।



**SUKANYA SUNDAR**
*II[rd] Sem. BCom - C*



CRIME
POLICE

02

# കാക്കിധാരികൾ

“ഹലോ... ഹലോ....”
“യെസ്... പോലീസ് സ്റ്റേഷൻ”
ഹലോ.. സർ .. ഇവിടെ സെക്കന്റ് സ്ട്രീറ്റിൽ”
.. സെക്കന്റ് സ്ട്രീറ്റിൽ...?
“ഹലോ... ഇവിടെ ഒരു സ്ത്രീ വെടിയേറ്റു കിടക്കുന്നു...
ഒരു എഴുത്തുകാരിയോ മറ്റോ ആണെന്ന് തോന്നുന്നു...
“മൈ ഗോഡ്... സെക്കന്റ് സ്ട്രീറ്റിൽ എവിടെയാണ്...?
“ഇവിടെ ഓട്ടോ പാർക്കിന്നു സമീപം”
“യെസ്... ഞങ്ങളിതാ എത്തി..”
'നിമിഷങ്ങൾക്കകം രാത്രിയുടെ നിശ്ശബ്ദതയെ ഭേദിച്ചു
കൊണ്ട് ചുവപ്പുനിറത്തിൽ മുങ്ങിക്കുളിച്ച്, 'സൈറൺ
മുഴക്കി ഒരു പോലീസ് ജീപ്പ് കടന്നു വന്നു...
അങ്ങിങ്ങായി ഒറ്റപ്പെട്ടു നിന്ന പലരും വീണ്ടും
ചിതറിമാറാൻ തുടങ്ങി...
ഭയത്തിന്റെ ഒരു അന്തരീക്ഷം അവിടമാകെ വലയം
ചെയ്തു തുടങ്ങി...

ആനയും പോലിസും...
എത്ര കാലും മതിവരാത്ത രണ്ടുപേർ
പക്ഷേ ഒന്നുണ്ട്...
തൊട്ടടുത്ത് ഒരു കാക്കിധാരിയെ കണ്ടാൽ
പോലീസ് ജീപ്പ് കണ്ടാൽ
ഒരു ഉൾക്കിടിലത്തോടെ സ്വയം ഉൾവലിയുകയായി...

തുടരും...

മാഗസിൻ സമിതി



# മൃദുഭാവേ..... ദൃഢകൃത്യേ........

തലവാചകം കണ്ട് തല പെരുപ്പിക്കേണ്ട, നമ്മുടെ സ്വന്തം കേരള പോലീസിന്റെ ആപ്തവാക്യമാണിത്. പോലീസ് ജീപ്പ് കാണുമ്പോൾ ഷോർട്ട്കട്ട് എടുക്കുന്നവരും, പോലീസ് സ്റ്റേഷനിൽ പോകാൻ ഒന്നു മടിക്കുന്നവരും ഏറെയുള്ള നമ്മുടെ നാട്ടിൽ പോലീസ്പ്പേടിയുടെ അന്തർധാരകൾ തുറന്നെഴുതേണ്ടത് അനിവാര്യമാണ്. **പെരിന്തൽമണ്ണ ഡി.വൈ.എസ്.പി. ശ്രീ മോഹനചന്ദ്രൻ** സാറിന്റെ വാക്കുകളെ കേന്ദ്രീകരിച്ച് തയ്യാറാക്കിയ പ്രത്യേക ഫീച്ചർ.

**പോലീസ്പ്പേടിയുടെ നാൾവഴികൾ.**

സമൂഹം ഏറെ മുന്നോട്ടുപോയെങ്കിലും പോലീസിനെക്കുറിച്ചുള്ള ഭയം പല രീതിയിൽ നിലനിൽക്കുന്നുണ്ട്. ഇത് മാറ്റിയെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ജനമൈത്രി, ശിശുസൗഹൃദ-സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷൻ, തുടങ്ങിയ പദ്ധതികളെല്ലാം നടപ്പിൽ വരുത്തിയത്. ഭയം രൂപപ്പെട്ടതിന്റെ പ്രധാന കാരണം ഒരു കൊളോണിയൽ ഭരണസംവിധാനത്തിന്റെ ഭാഗമായാണ് പോലീസ് രൂപപ്പെട്ടത് എന്നതു കൊണ്ടാണ്. ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ വരവാണ് ഇതിൽ പ്രധാനം. തുടക്കത്തിൽ നാട്ടുരാജാക്കൻമാരുമായി കച്ചവട ബന്ധം സ്ഥാപിച്ച അവർ പതിയെ ഭരണം പിടിച്ചെടുത്ത് അധികാരം സ്ഥാപിച്ചു. ആധുനിക പോലീസ് സംവിധാനത്തിൽ നിയമലംഘനങ്ങളുണ്ടാവുമ്പോൾ മാത്രമേ ഇടപെടൽ ഉണ്ടാവുന്നുള്ളൂ. എന്നാൽ ബ്രിട്ടീഷ് ഭരണ കാലത്ത് നാട്ടുരാജാക്കൻമാരും മറ്റും കരം പിടിച്ചെടുക്കാനും മറ്റും പോലീസുകാരെ ഉപയോഗിച്ചു തുടങ്ങി. ഇത് സാധാരണ ജനങ്ങളിൽ പോലീസിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകളിലേക്കും ഭയത്തിലേക്കും നയിച്ചു. നമ്മുടെ പൂർവ്വികരിൽ അലിഞ്ഞു ചേർന്ന ഈ വികാരം തലമുറകളിലൂടെ പടർന്നു പിടിച്ചു. മൂന്നു നൂറ്റാണ്ടിലധികം കൊളോണിയൽ ശക്തികൾ ഈ നാട് അടക്കി ഭരിച്ചിട്ടുണ്ട്. ഈ നീണ്ട കാലം കൊണ്ട ജനങ്ങളിലുണ്ടായ ധാരണകളെ സ്വാതന്ത്ര്യാനന്തര കാലത്തെ ഏഴു പതിറ്റാണ്ടുകൾ കൊണ്ട് മാറ്റിയെടുക്കാൻ കഴിയുമോ?

പക്ഷേ വലിയ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. പത്തു വർഷം മുമ്പ് ഒരു പോലീസ് ഉദ്യോഗസ്ഥന്റെ മുമ്പിൽ വന്ന് ഭയത്തെക്കുറിച്ച് സംസാരിക്കണമെന്ന് പറയാൻ നിങ്ങളെപ്പോലെയുള്ള വിദ്യാർത്ഥികൾ ധൈര്യപ്പെട്ടിരുന്നില്ല. പക്ഷേ പുതിയ തലമുറയിൽപ്പെട്ട നിങ്ങൾക്കതിന് സാധിക്കുന്നു.

രണ്ടാമതായി ഒരു കാര്യം, നമ്മുടെ സമൂഹത്തിൽ പോലീസായാൽ ഭയം വേണമെന്ന് ചിന്തിക്കുന്ന ഒരുപാടു പേരുണ്ട്. ഒരനുഭവം പറയാം. അടുത്തിടെ എന്റെ പഴയൊരു സുഹൃത്തിനെ കണ്ടുമുട്ടി. അദ്ദേഹം തന്റെ കൂടെയുള്ള മകന് പരിചയപ്പെടുത്തിയത് ഇപ്രകാരമാണ്. " ഇതാരെന്നറിയാമോ ? ഇത് പോലീസ് മാമനാണ് ". ആ സമയം ഞാൻ ഭയം നിറഞ്ഞ മുഖഭാവത്തോടെ നിന്നിരുന്നുവെങ്കിൽ ആ കുട്ടിക്ക് ജീവിത കാലം മുഴുവൻ പോലീസിനെക്കുറിച്ചുള്ള മിഥ്യാബോധത്തിൽ ജീവിക്കേണ്ടിവരും. പക്ഷേ ഞാൻ ആ കുട്ടിയോട് അടുത്തിടപഴകി.

നമ്മുടെ സമൂഹത്തിൽ നിലനി ൽക്കുന്ന അനാരോഗ്യ പ്രവണതകളിലൊന്നാണിത്.മറ്റൊരു തലത്തിൽ, മനുഷ്യന്റെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്താൻ അധികാരമുള്ള അതോറിറ്റി പോലീസാണ്.മോഷണത്തിലേർപ്പെട്ട ഒരു വ്യക്തി ഒരു കെട്ടിടത്തിൽ കയറി ഒളിച്ചിരുന്നാൽ വാതിൽ തകർത്ത് അകത്തുകയറി പ്രതിയെ കസ്റ്റഡിയിൽ എടുക്കാൻ പോലീസിന് അധികാരമുണ്ട്. ഈ അവസ്ഥകളൊക്കെ വച്ചുനോക്കുമ്പോൾ വലിയൊരു വിഭാഗം പോലീസിനെ ഭയപ്പെടുന്നു. യഥാർത്ഥത്തിൽ ഭയമല്ല വേണ്ടത്, ബഹുമാനമാണ്.

### ജനകീയ സമരങ്ങൾ : പോലീസ് ആരുടെ പക്ഷത്ത് ?

സമൂഹത്തിൽ വർധിച്ചു വരുന്ന ഒരു തെറ്റിദ്ധാരണയാണ് പോലീസ് ഭരിക്കുന്ന ഗവൺമെന്റിന്റെ തീരുമാനങ്ങൾക്കനുസരിച്ചു മാത്രം പ്രവർത്തിക്കുന്നു എന്നത്. ഗവൺമെന്റ് താൽപര്യങ്ങൾ സംരക്ഷിക്കുക മാത്രമല്ല പോലീസ് ചെയ്യുന്നത്.ഇത്തരം സമരങ്ങളെല്ലാം നി യമവിരുദ്ധമാണ് എന്ന് ബോധ്യപ്പെട്ടതിനും നിയമസഭയിൽ ബില്ല് പാസാക്കിയതിനുമൊക്കെ ശേഷമാണ് നടപടിയെടുക്കുന്നത്. അതോടൊപ്പം ജുഡീഷ്യറി ഇതെല്ലാം വിലയിരുത്തുന്നുമുണ്ട്. പോലീസ് നടപടികളിൽ എന്തെങ്കിലും അസ്വാഭാവികതയുങ്കെിൽ നീതിന്യായവ്യവസ്ഥയ്ക്ക് അതിൽ ഇടപെടാൻ ഭരണഘടന അനുവദിക്കുന്നുണ്ട്. പലപ്പോഴും പലരും പോലീസിനെ മാത്രം കുറ്റപ്പെടുത്തുന്ന സാഹചര്യമുണ്ട്.

### ക്രിമിനൽ നിയമങ്ങളിൽ പഴുതുകളോ?

കേരളത്തിൽ ജീവിക്കുന്നു എന്നതു തന്നെ ഏറ്റവും വലിയ സൗഭാഗ്യമാണ്.പോലീസിൽ നടക്കുന്ന ചർച്ചകളിൽ പലരും ഉയർത്താറുള്ള ഒരു ചോദ്യമാണ് 'സുകുമാരക്കുറുപ്പിനെ' അറസ്റ്റു ചെയ്തില്ലല്ലോ എന്നുള്ളത്. എത്രയോ വർഷങ്ങൾക്ക് മുമ്പുള്ള കേസാണത്. ഇനി ക്രിമിനൽ നിയമങ്ങളിൽ പഴുതുകളുണ്ട് എന്ന് മുറവിളിയുയരുമ്പോൾ അതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്യാറുണ്ട്. അത്തരം ചർച്ചകളിൽ നിന്നുള്ള സ്വീകാര്യമായ പരിഷ്കാരങ്ങൾ കാലാകാലങ്ങളായി നിയമങ്ങളിൽ കൊണ്ടുവരാറുണ്ട്. ഉദാഹരണമായി കുറച്ചു മുമ്പു വരെ പൊതുമുതൽ നശിപ്പിക്കുന്നവർക്ക് വലിയ ശിക്ഷയൊ ന്നും ഉണ്ടായിരുന്നില്ല. പുതിയ വിധിപ്രകാരം പൊതുമുതൽ നശിപ്പിച്ചവർക്ക് അതിന്റെ നഷ്ടം ഒടുക്കിയതിനു ശേഷമേ ജാമ്യം അനുവദിക്കൂ എന്നുള്ളതാണ്.കരുതൽ തടങ്കിലടയ്ക്കുന്നതിനു പോലും വളരെ ശക്തമായ നിയന്ത്രണങ്ങൾ നിലവിലുണ്ട്. നിയമവിരുദ്ധ പ്രവർത്തനം തടയൽ (യു.എ.പി.എ.) എന്നൊരു നിയമമുണ്ട്. തീവ്രവാദ പ്രവർത്തനങ്ങളിലേർപ്പെടുന്നവരെ അറസ്റ്റ് ചെയ്യുന്നതിനാണ് ഈ നിയമം പാസാക്കിയത്. ഇത്തരത്തിൽ അറസ്റ്റ് ചെയ്യപ്പെടുന്നവർ മുമ്പ് നിയമ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരാണ് എന്ന് ജില്ലാ കലക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം. അതിനു ശേഷം ഹൈക്കോടതി ജഡ്ജിമാരടങ്ങുന്ന പുനപ്പരിശോധനാ സമിതിയുടെ കൂടി നിർദ്ദേശങ്ങൾ പരിഗണിച്ചു മാത്രമേ അറസ്റ്റ് ചെയ്യാനാകൂ . ഭരണഘടനാ പ്രകാരം നമ്മുടെ വ്യവസ്ഥിതിയിൽ എക്സിക്യുട്ടീവ് , ലെജിസ്ലേറ്റീവ് ജുഡീഷ്യറി എന്നിവയ്ക്ക് തുല്യ പ്രാധാന്യമാണുള്ളത്.

### കസ്റ്റഡി മരണങ്ങൾ

കസ്റ്റഡി മരണങ്ങളുടെ തോത് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ജനാധിപത്യ വ്യവസ്ഥിതിയിൽ പ്രതിപക്ഷത്തിന് വലിയ പ്രാധാന്യമുണ്ട്. ഗവൺമെന്റിനു കീഴിൽ പ്രവർത്തിക്കുന്ന ഏത് ഘടകങ്ങളുടെയും വീഴ്ചകളെ സമൂഹത്തിൽ ഉയർത്തിപ്പിടിക്കാൻ വലിയ ശ്രമങ്ങൾ ഉണ്ടാവാറുണ്ട്. ഒരു പരിധി വരെ അത് ആവശ്യമാണുതാനും. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഒരു കണക്കു പ്രകാരം ഇന്ത്യയിലെ 40% യുവാക്കളും ഏതെങ്കിലുമൊരു കുറ്റകൃത്യത്തിൽ ഏർപ്പെടുന്നവരാണ്.ഇതനുസരിച്ച് നോക്കുമ്പോൾ ഇന്ത്യ ഒരു ക്രിമിനൽ രാജ്യമാണ്.പക്ഷേ യാഥാർത്ഥ്യമെന്തെന്നു വച്ചാൽ പെറ്റിക്കേസുകൾ പോലും ഈ കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നതാണ്. ഒരാൾ കുറ്റം ചെയ്തു എന്ന് പറയിപ്പിക്കേണ്ട ബാധ്യത പോലീസിനില്ല.സാങ്കേതികവിദ്യ വികസിച്ചതോടെ വലിയ സാധ്യതകളായി. കുറ്റം തെളിയിക്കാൻ ദൃക്സാക്ഷികളെ മാത്രം ആശ്രയിക്കേണ്ട അവസ്ഥയില്ല.സി.സി.ടി.വി.ക്യാമറകളും ടവർ ലൊക്കേഷനുമെല്ലാം കുറ്റം തെളിയിക്കാൻ പോലീസിനെ സഹായിക്കുന്നുണ്ട്.

### അനാവശ്യ ഭയം വേണ്ട..

പോലീസുകാരും മനുഷ്യരാണ്. സമൂഹമെന്നു പറയുമ്പോൾ ധാരാളം ഗുണങ്ങളും ദോഷങ്ങളുമുണ്ട്. ഇത് ഒരു പക്ഷേ പോലീസുകാരിലും ഉണ്ടാകാം.പോലീസ് എന്ന് കേൾക്കുമ്പോഴേയ്ക്ക് ഭയക്കേണ്ട കാര്യമില്ല. നമ്മുടെ സമീപനങ്ങളിലാണ് മാറ്റം വരേണ്ടത്.പോലീസുകാരോട് നല്ലരീതിയിൽ സമീപിക്കുമ്പോൾ തിരിച്ചും ആ സമീപനം പ്രതീക്ഷിക്കാം.

# The Old Man in the Cell

"Number 237, this is your cell," the police man said halting in front of a cell with number 237 written on top of it. "You have a cell of your own boy, be a good lad and don't do anything stupid," the policeman said. He locked the door made of steel bars with the keys and left.

It was dark inside the cell. The smell inside was choking him. There was a dead rat in the corner with flies circling around it. He sat there in a corner with his back against the wall. He couldn't believe that he is in a prison now. Not even in the wildest of his dreams had he thought that he will be in a real prison, that too for killing a man. *What if none of that hadn't happened?* he thought to himself. *What would be my life like if I hadn't done it?* he asked himself. *Now I am afraid and alone in this dark cell,but is it different from my life before I did it? No,I was alone then,I am alone now.I was afraid then,I am afraid now.Now or then,it's the same,I am a frightened little boy.*

He sat there in the corner for a long time, blaming and cursing himself for the person he is. His train of thoughts travelled miles and he didn't even notice he is falling asleep. He woke up sometime later in the night hearing a loud crack. It was raining outside. *It may be the sound of lightning… ...or a bad dream,* he thought. When he was about to lie down again, he saw a figure in the other corner of the cell. A man was sitting there and he was staring right at him. Fear was mounting inside him. His whole body was trembling. He wanted to ask the man who he is, but he couldn't.

"Are you afraid?" the man asked.

The man had a deep hoarse voice like an old man. He tried to get a view of the man's face, but he couldn't.

"You look like you are afraid, is it me that you are afraid of?" the man asked.

It was raining heavily outside and there was lightning. He got a glimpse of the man's face from the lightning. He has got a face wrinkled like an old man and a very long grey beard. He looked like an old beggar from the streets. The man was looking at him all the while. Something about the man's look was frightening him.



"No, I am not afraid," he answered.

"Don't be bothered by me son. Iam just an old man trying to get some sleep," the old man said.

"Tell me about yourself," the old man added.

He was expecting this question. *Who am I?* he asked himself.

*A coward,you are a coward,* someone inside him told.

"I am Thomas," he answered.

" And? "

" And what? "

"Why are you here Thomas?" the old man asked.

*Why am I here?* he thought. *Iam here for being brave,* he wanted to tell.

"For killing a man," he answered. "Why are you here?" he asked.

"For the same reason you are here," he answered.

*This old man may be my cellmate,* he thought. He finally had the courage to look at his eyes. "Weren't you afraid?" he managed to ask.

"Were you Thomas? Were you afraid when you did it?" the old man asked.

He didn't know whether he was afraid or not when he did it. He was afraid, but at the same time he was brave too.

*I was brave,* he wanted to tell. *But was I?*

"I don't know," he finally answered.

The old man didn't say anything. He looked at him as if waiting for him to say something.

After several moments of silence, he said, "I was afraid."

"So was I," the old man replied.

"How did you do it when you were afraid?"

"The same way you did it."

Everything that happened on that day flashed before his eyes. *The scream.....the man... the fire...*It was painful.

After a few moments he said, "I did it because I had to. I was afraid even when I pulled the trigger. But, it was what I needed to do at that time to save her. Not that I was a brave man. I was scared of everything and everyone. But, when someone tried to take away the only one I had, I had to do something terrible." Tears were filling his eyes.

"So you were brave even though you were afraid," the old man said.

"How can someone be brave when he is afraid?" he asked.

"It's the only time a man can be brave. How can a soldier in the battle defeat his enemy when he is not afraid? How can he move faster, think quicker and fight stronger than possible when he doesn't have the most powerful impulse of the soul, the fear of death."

"All my life only once I had tried to be brave and thoughts about it gives me nightmares," he said.

"Do you regret it Thomas? Being brave?" the old man asked.

"I don't know. If not how could I save her?" he said rubbing his eyes to fight back the tears.

"Do you believe in God Thomas?" the old man asked.

"Does it matter?" he replied.

"God has his strange ways. You were a coward all your life and you had a bad time dealing with that fact. Look at what he did to you. He placed you in a point where you had to make a choice. All the things in your life led you to that moment. A single moment that could change your life. A moment where you had to choose whether to be a frightened little boy or a brave

man....and you chose to be brave."

"If God wanted me to do it, why did He want me to rot in this cell?" he shouted.

"May be He did. But it was the right thing, wasn't it? To save her that was what needed," the old man said.

"Are you afraid....Thomas?" he asked.

He kept looking at the floor and said nothing.

The old man sighed a little and said, "It's ok to be afraid. We all are. Fear is the line separating courage and cowardice. We are given a choice to go either side of that line. Whatever the choice we make, that line is still there. Fear is always inside us. We may not expose it, but it is there. We always try to look strong...strong for us....and for our loved ones. Fear gives us that strength."

"So you are asking me to live with my fears?" he asked.

"I'm asking you to conquer your fears. Fear is an emotion, just like love, hate and happiness. It is always there. I want you to conquer it before it conquers you," the old man said.

"But, what's the point in talking about it now? Everything's over. I have no life here," he said.

"Your life isn't over. Killing that man was a choice. Coming here was your destiny. Your whole life is in front of you. Take control of it Thomas," the old man said.

He didn't say anything. There was only silence in the cell. *Everything he says is true...... But how does he know so much about me,* he thought.

"Who are you?" he asked.

The old man was starting to lie on the floor. He laughed a little and replied, "I told you I am an old man trying to get some sleep."

"But, what is your ----"

"You can call me Gabriel. Good night Thomas," he said and turned to the other side.

"But how could you---" he couldn't complete his question, the old man was already snoring.

It was around midday when Thomas woke up the next day. He was feeling hungry. The old man wasn't there. *He might have gone to the food counter for lunch,* he thought. But the door was locked. A policeman was walking through the verandah. He was the one who brought him yesterday. He called him.

The policeman halted in front of the cell. "What?" he asked.

"There was an old man in this cell....he-he isn't here," he said.

The policeman shrugged a little and said, "Don't act dumb and waste my time. There ain't any old man here. You are the first prisoner in this cell in five years."

The policeman walked away and Thomas fell silent.



**UMMUL MOHASINA**
*IIrd Sem. BA English*



# മിഴിമുത്തുകൾ

പ്രഭയേറും വദനമാൽ ചിരിതൂകും നിലാവെ
കാർമേഘവാതിലിന്നരികെ നിന്ന്
മിഴിനീർക്കണങ്ങൾ തൂകി നീ
തിരയുവതെന്തു പറയാനായ്
പറയാതെയറിയുന്ന നിന്നുള്ളിലെ തിരനോട്ട–
മറിയുമ്പോൾ കരളുള്ളിൽ വേദനയായ്
ഇടനെഞ്ചു പിളരുമോർമകൾ നെയ്തു ഞാൻ
ഇടറുമെൻ നയനങ്ങൾ കടലോളമായ്.
വിടരാനൊരുങ്ങുന്ന കരൾ പൂവിലേക്കു നീ
തുണയായി തന്നൊരാ സൗഗന്ധികം
പടരാതെ കാത്തെന്നകതാരിനുള്ളിൽ
അഴലായി നിഴലായി വന്ന കാലം.
മഴയോടും പുഴയോടും വഴിയോടും ചൊല്ലി ഞാൻ
കസ്തൂരി തോൽക്കുമാ സൗഗന്ധികം
നിറമാർന്ന ചിരിയോടെ അഴകായ് വിടർന്നതോ
മനമോടു ചേർത്തു ഞാൻ ഭദ്രമാക്കി
കാലമേ നീയന്ന് കാലനായ് വന്നപ്പോൾ
കാറ്റാൽ പുഴക്കി ഞാൻ കാത്തതെല്ലാം
കരയുവാനറിയാതെ പറയുവാനാകാതെ
അകലം നടിച്ചു ഞാനേകയായ്.
വിധിയെ പഴിക്കാതെ വിടചൊല്ലും നേരത്ത്
വിരഹമൊഴുക്കാതെ നീർമലരായ്.
കടലോളം കനലെഴും ഹൃദയത്തിൽ നീ തന്ന
വാക്കുകളിന്നെൻ മിഴിമുത്തുകൾ.



# അറസ്റ്റ്

നിർവ്വികാരതയുടെ നിഴലാട്ടങ്ങളിൽ ഒരുപക്ഷെ,
ചിട്ടപെടുത്താനാകാത്തത്ര ദിനങ്ങൾ.
വികാരതയുടെ ഒരംശം പോലും നിർവീര്യമാക്കാൻ
പറ്റാത്തത്ര അകപ്പെട്ടുപോയതെൻ അറസ്റ്റ്... !
കരയ്ക്കുമപ്പുറം കടലുണ്ടെന്നും, ഞാൻ അഭിനയിച്ച–
തിനുമപ്പുറം നാട്യമുണ്ടെന്നുമുള്ള
വാസ്തവം അറിയിച്ചതോ
എൻ മറുവിലങ്ങിലെ പങ്കാളി.
ഇരു മുറിയിലേക്കുന്തിയിട്ടാ കതകടച്ചപ്പോൾ
ഞാൻ പഠിച്ചതെന്തന്നോ,
“നൊന്ത് പ്രസവിച്ചെന്നമ്മക്കു
തന്നെയാ ജീവൻ തിരിച്ചെടുക്കാമത്രെ”
അതും തിരുത്തിയെറിഞ്ഞു
എന്നെ വിലങ്ങണിയിച്ചൊരീ അറസ്റ്റ്.
പലഭാവത്തിൽ, രൂപത്തിൽ എന്നരികിൽ വന്ന
എത്രയോ മുഖങ്ങൾ.
അല്ല, തികച്ചും ശരീരങ്ങൾ.
ഓരോ ശരീരത്തിന്റെയും ഭാവവ്യത്യാസമുള്ള
കാമബീജ വികാരത്തിന്റെ തള്ളിക്കയറ്റത്തിന്റെ
നീറലുകളെ നിറചിരിയോടെ അടക്കിപ്പിടിക്കാൻ പഠിപ്പിച്ചു
എന്നെ ആ നിറമാർന്ന പുസ്തകങ്ങൾ.
“ അതാണത്രെ ജീവിതം.
നിനക്ക് വിധിക്കപ്പെട്ട ജീവിതം”
ആരോ മന്ത്രിച്ചു കൊണ്ടേയിരുന്നു.
പക്ഷെ, ആ നിറപ്പകിട്ടേറിയ പുസ്തകങ്ങളിലെ
പാഠങ്ങളല്ല പാഠങ്ങളെന്നു
വീണ്ടും തിരുത്തയെൻ പുതുവാദ്ധ്യാർ–
അറസ്റ്റ്
രണ്ടിരുമ്പു വളയങ്ങളിൽപ്പെട്ടുപോയ ഈ ജീവിതം.
കഴിഞ്ഞുപോയ ജന്മത്തിൻ ഫലമത്രെ.
അതിൻ പാകപ്പിഴവത്രെ...
ഇതിലേതത്രെ തെറ്റും ശരിയും ...
കഴിഞ്ഞ കാലത്തിൻ പാഠമോ, അതോ
ഈ കുടുക്കിട്ട ഉരുക്കിൻകഷ്ണം പഠിപ്പിച്ചതോ ?
എന്നുടൽ മാംസത്തിലേക്ക് തള്ളിക്കയറ്റപ്പെട്ട
ജീവസ്രോതസ്സുകൾക്കുമുണ്ട് പറയാനേറെ
അടയ്ക്കപ്പെട്ട, തടഞ്ഞുവെച്ച കഥകൾ..
പേരറിയാത്ത ദൈവമേ !
ഇനിയെങ്കിലും ചൊൽക
ഇതെൻ അന്ത്യമോ? അതോ
ഉയിർത്തെഴുന്നേൽപ്പോ ?



# ജയിൽ ജീവിതങ്ങളുടെ സാക്ഷി..

ജയിൽ ഒരു അനുഭവമാണ്. നാമറിയാത്തതോ അറിയില്ലെന്ന് നടിക്കുന്നതോ ആയ സത്യങ്ങളുടെ നേർക്കാഴ്ച്ച. സമൂഹം തീർത്ത ലക്ഷ്മണരേഖക്കുള്ളിൽ ഒടുങ്ങിത്തീരുന്ന ജീവിതങ്ങൾ ഏറെ. സർവ്വീസ് കാലഘട്ടത്തിലെ അനുഭവങ്ങൾ പങ്കുയ്ക്കുകയാണ് വിയ്യൂർ സെൻട്രൽ ജയിൽ മുൻ **ഡി.ഐ.ജി. ജോസഫ് തോമസ്**

ജോലി സംബന്ധമായി 'കുറ്റവാളികളുടെ' ലോകത്തേക്ക് തിരിയുമ്പോൾ അതിത്രത്തോളം സംഭവബഹുലമായിരിക്കുമെന്ന് ഒരിക്കൽപ്പോലും ചിന്തിച്ചിരുന്നില്ല. 32 വർഷങ്ങൾ... അതിനിടെ കൺമുന്നിലൂടെ കരഞ്ഞും, കരയിപ്പിച്ചും, ചിരിച്ചും, ചിരിപ്പിച്ചും പറയാതെയും, പറഞ്ഞും കടന്നുപോയ ഒത്തിരി ജീവിതങ്ങൾ. അസി. ജയിലറായി ജോലിയിൽ പ്രവേശിച്ച ഇദ്ദേഹം പിന്നീട് പ്രമോഷനായി ഡി.ഐ.ജി. ആയാണ് റിട്ടയർ ചെയ്തത്.

പോലീസും പ്രിസണും തമ്മിൽ വലിയ അന്തരമുണ്ട്. കുറ്റവാളികളെ പാർപ്പിച്ചു സംരക്ഷണം നൽകുക എന്നതാണ് ജയിൽ ഉദ്യോഗസ്ഥരുടെ ദൗത്യം. ഇത് പോലീസിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. കുറ്റവാളിയെ ഉപദ്രവിക്കരുത് എന്നതോടൊപ്പം നിയമം കർശനമായി നടപ്പാക്കുകയും വേണം. ലോക്കപ്പ് മർദ്ദനങ്ങളെക്കുറിച്ച് സമൂഹത്തിൽ തെറ്റായ ധാരണകൾ നിലനിൽക്കുന്നു. ഇത്തരം ധാരണകൾ ജയിലിനെക്കുറിച്ച് അനാവശ്യ ഭയവും, മുൻവിധിയും സൃഷ്ടിക്കുന്നു.

**കുറ്റവാളികളിലെ മനംമാറ്റം**

കേവലം ഒരു ശിക്ഷ എന്നതിനപ്പുറം കുറ്റവാളികളിൽ വലിയ മാറ്റങ്ങൾക്ക് ജയിൽജീവിതം കാരണമാകുന്നുണ്ട്. പ്രത്യേകിച്ച് സ്വഭാവത്തിൽ. പ്രമാദമായ കരിക്കൻവില്ല കൊലക്കേസിലെ മുഖ്യപ്രതിക്ക് ജയിലിൽ കിടന്നതിന്റെ ഫലമായി പല മാറ്റങ്ങളും സംഭവിച്ചു. ജയിലിൽ നിന്നിറങ്ങിയ അദ്ദേഹം ലഹരിയ്ക്ക് അടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനായി കോട്ടയത്ത് ഒരു റീഹാബിലിറ്റേഷൻ സെന്റർ തുടങ്ങി. ഇതോടൊപ്പം മതപ്രചാരണവുമായി ബന്ധപ്പെട്ടും പ്രവർത്തിക്കുന്നു. കേവലം ഏകാന്തതയിൽ നിന്ന് രൂപം കൊള്ളുന്നതല്ല ഈ മാറ്റം. ജയിൽപ്പുള്ളികൾക്ക് ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്.. ഇതുതന്നെ രണ്ട് രീതിയിലുണ്ട്. ഒന്നാമതായി പ്രാർത്ഥിക്കാനുള്ള സൗകര്യങ്ങളും മതപരമായ ക്ലാസുകളും, രണ്ടാമത്തേത് വ്യക്തിത്വ വികസനത്തിനുതകുന്ന ക്ലാസുകൾ. അതോടൊപ്പം അവരോടുള്ള സമീപനവും അവരുടെ ജീവതത്തെ സ്വാധീനിക്കുന്നുണ്ട്. പക്ഷെ ഇതിനെല്ലാം പരിമിതികളുണ്ട്. ചെയ്ത തെറ്റിനുള്ള ശിക്ഷ അനുഭവിക്കുക എന്നതാണ് തടവുശിക്ഷ കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. അതല്ലാതെ നിലവിലെ പരിമിതമായ സംവിധാനങ്ങളുപയോഗിച്ച് സമൂലമായ ഒരു പരിവർത്തനമൊന്നും സാധ്യമല്ല.

**സാഹചര്യങ്ങൾ... പഴുതുകൾ**

ജയിലിൽ നിന്ന് പുറത്തിറങ്ങുന്ന കുറ്റവാളികൾ സംഘടിത കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പ്രവണതയുണ്ട്. ഒരു പരിധി വരെ സമാനമനസ്ക്കരുമായി ഇടപഴകുന്നതിന്റെ ഫലമായാണ് ഇത്. സിനിമയും സോഷ്യൽമീഡിയയുമൊക്കെ സമൂഹത്തിൽ കാര്യമാത്ര പ്രസക്തിയുള്ളവയാണ്. മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഇവയുടെ സ്വാധീനം തെളിഞ്ഞുകാണാം. ജിഷ വധക്കേസ്, സൗമ്യ വധക്കേസ് തുടങ്ങിയ കേസുകളിൽ പ്രതികൾ രക്ഷപ്പെടാൻ ശ്രമിക്കുന്നത്

നിയമത്തിന്റെ ചെറിയ പഴുതുകളിലൂടെയാണ്. ഇതെങ്ങനെ സംഭവിക്കുന്നു? ഇന്ത്യൻ പീനൽകോഡും മറ്റ് ക്രിമിനൽ നിയമങ്ങളുമെല്ലാം രൂപപ്പെടുത്തിയിരിക്കുന്നത് കുറ്റവാളികൾക്ക് വേണ്ടിയാണ്. വ്യക്തിസ്വാതന്ത്ര്യത്തിനാണ് ഇവ പ്രാധാന്യം നൽകുന്നത്. കുറ്റവാളിയാണെന്ന് കോടതി വിധിക്കുന്നതു വരെ നിരപരാധിയായി കണക്കാക്കണമെന്നാണ് നിയമം. ഇത്തരം നിയമപരിരക്ഷയില്ലെങ്കിൽ ജനങ്ങൾ നിയമം കയ്യിലെടുക്കുന്ന സാഹചര്യമുണ്ടാകും. ഇന്ത്യൻ നിയമവ്യവസ്ഥ പ്രധാനമായും നിലകൊള്ളുന്നത് ബ്രിട്ടീഷ് നിയമങ്ങളെ അടിസ്ഥാനമാക്കിയാണ്. ചില രാജ്യങ്ങൾ ഇത്തരം രീതികളല്ല പിന്തുടരുന്നത്. പലയിടങ്ങളിലും നിരപരാധിയെന്ന് തെളിയിക്കേണ്ട ബാധ്യത കുറ്റവാളിയുടെ തന്നെ ഉത്തരവാദിത്വമാണ്.




വിയ്യൂർ സെൻട്രൽ ജയിൽ

## കുറ്റവാളിയുടെ മന:ശാസ്ത്രം

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ നമ്മുടെ ശാപമാണ്. സമസ്ത മേഖലകളിലും പുരോഗതി നേടിയിട്ടും ഇതി നു മാത്രം മാറ്റമില്ല. നിയമങ്ങൾ ഒരുപാടുണ്ട്. അവ നടപ്പാക്കുന്നതിലെ പോരായ്മകളോടൊപ്പം വലിയൊരു വിഭാഗം ഇതിനെ ഭയക്കുന്നില്ല എന്നതാണ് വാസ്തവം. ജന്മനാ തന്നെ നിയമലംഘനം നടത്തുന്നതിൽ രസം കണ്ടെത്തുന്നവരുണ്ട്. പാരമ്പര്യവും സാഹചര്യങ്ങളും കുറ്റകൃത്യങ്ങളിലേർപ്പെടുന്നതിന് കാരണമാകുന്നു. ചെയ്തുപോയ കുറ്റത്തെ ഓർത്ത് പശ്ചാത്തപിക്കാത്തവരും നമുക്കിടയിൽ ജീവിക്കുന്നുണ്ട്. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുമ്പോൾ ചെറിയ പാളിച്ചകൾ വന്നതുമൂലമാണ് പിടിയ്ക്കപ്പെട്ടത് എന്ന് പരിതപിക്കുന്നവരെയും കണ്ടിട്ടുണ്ട്. സംഘടിത കുറ്റകൃത്യങ്ങളായ അഴിമതി, കൊള്ള തുടങ്ങിയവയെ അപേക്ഷിച്ച് തങ്ങൾ ചെറിയ കുറ്റകൃത്യങ്ങളിലാണല്ലോ ഏർപ്പെട്ടത് എന്നോർത്ത് ആത്മനിർവൃതിയടയുന്നവരും കുറവല്ല.

## മറക്കാൻ കഴിയാത്ത പ്രതികൾ

തങ്ങളുടെ പെരുമാറ്റം കൊണ്ടും പ്രവർത്തനം കൊണ്ടും സ്വാധീനിച്ച തടവുകാരുണ്ട്. ഒരു പ്രധാന രാഷ്ട്രീയ കൊലപാതകത്തിലെ പ്രതി പ്രദീപൻ അത്തരത്തിലൊരാളാണ്. കണ്ണൂർ സെൻട്രൽ ജയിലിൽ ഓഫീസറായിരുന്ന കാലം. പ്രദീപൻ ഗ്രന്ഥശാലാ സംഘത്തിന്റെ സജീവപ്രവർത്തകനായിരുന്നു. ജയിലിലും അദ്ദേഹം തന്റെ പ്രവർത്തനങ്ങൾ തുടർന്നു. ഈ കേസിലെ തന്നെ മറ്റൊരു പ്രതിയായ ദിനേശൻ സ്വന്തം പുസ്തകമെഴുതി പ്രകാശനം ചെയ്തു. സമൂഹത്തിലെ വലിയ കുറ്റവാളികളെല്ലാം ജയിലിൽ 'ഡീസന്റാണ്'. റിപ്പർ ചന്ദ്രനെ (ആളുകളെ അകാരണമായി തലക്കടിച്ചു കൊന്നിരുന്ന കുറ്റവാളി)ക്കുറിച്ച് കേട്ടിട്ടുണ്ടാവും. ചന്ദ്രൻ ജയിലിലായിരുന്നപ്പോൾ ഞാനവിടെ സർവ്വീസിലുണ്ടായിരുന്നു. വളരെ സൗമ്യനായി പെരുമാറിയിരുന്ന ചന്ദ്രൻ അവിടെ ഒരു അൽഭുതമായിരുന്നു.

## വധശിക്ഷ

വധശിക്ഷ നേരിട്ടുകാണാൻ കഴിഞ്ഞിട്ടില്ല. കണ്ണൂർ സെൻട്രൽ ജയിലിൽ രണ്ട് തവണ വധശിക്ഷ നടന്നപ്പോഴും ഞാൻ വിയ്യൂരായിരുന്നു. ഹസൻ ഖാൻ, ബാലൻ എന്നിവരായിരുന്നു അക്കാലത്തെ പ്രധാന ആരാച്ചാർമാർ. ഇവർ രണ്ടുപേരുടേയും കുടുംബജീവിതം അത്ര സുഖകരമായിരുന്നില്ല. ഇത് ആരാച്ചാർമാരായതുകൊണ്ടാണ് എന്ന് അന്നൊരു ജനസംസാരമുണ്ടായിരുന്നു. കൊലക്കയറിനു മുമ്പിൽ നി

ർവ്വികാരതയോടെ നിന്ന പ്രതികളെക്കുറിച്ച് സഹപ്രവർത്തകർ പറയുന്നത് കേട്ടിട്ടുണ്ട്.

**ജയിലിലെ ജോലികൾ**

സബ്ജയിലിനെ അപേക്ഷിച്ച് സെൻട്രൽ ജയിലിൽ തടവുകാർക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും. വൈകുന്നേരം മാത്രമേ സെല്ലുകൾ പൂട്ടുകയുള്ളൂ. തടവുകാരുടെ കണക്ക് കൃത്യമായി രേഖപ്പെടുത്തണം. ഇതൊരു ബുദ്ധിമുട്ടേറിയ ജോലിയാണ്. ഈ കണക്ക് ഉന്നത ഉദ്യോഗസ്ഥർ ചെക്ക് ചെയ്യുകയും ചെയ്യും. ഒരു ദിവസം ഒരു തടവുകാരന്റെ കുറവ് അനുഭവപ്പെട്ടു. അന്വേഷിച്ചു ചെന്നപ്പോൾ ജയിലിൽ മരപ്പണി ചെയ്യുന്നിടത്ത് ഉറങ്ങിക്കിടക്കുകയാണ് കക്ഷി. തടവുകാർക്കുമുണ്ട് നിരവധി ജോലികൾ. ഗാർഡനിംഗ്, നെയ്ത്ത്, പാചകം തുടങ്ങി പൂജപ്പുര സെൻട്രൽ ജയിലിൽ ചപ്പാത്തി നിർമ്മാണ യൂണിറ്റുണ്ട്. അലക്സാണ്ടർ ജേക്കബ് സർ ജയിൽ ഡി.ജി.പി. ആയിരുന്ന കാലത്താണ് ഇത് ആരംഭിച്ചത്. ചീമേനി ഓപൺ ജയിലിൽ ചെങ്കൽ ക്രഷറിയിൽ ജോലിയെടുക്കുന്ന തടവുകാരുണ്ട്.

കൂറ്റൻ മതിലുകൾ ചാടിക്കടക്കുന്ന പ്രതികളുമുണ്ട്. അടുത്തിടെ പത്തനംതിട്ടയിൽ രണ്ട് അന്യസംസ്ഥാന തൊഴിലാളികൾ ഇപ്രകാരം ജയിൽ ചാടി. ജയിലിലെ കിടക്കവിരി ഉപയോഗ ശൂന്യമായ ഇരുമ്പുപൈപ്പ് എന്നിവയൊക്കെ ഉപയോഗിക്കാറുണ്ട്. തടവുകാരുടെ മനുഷ്യാവകാശങ്ങളെക്കുറിച്ച് പലരും വാചലരാകാറുണ്ട്. ആരെയും തല്ലിക്കൊല്ലാനോ തെറി വിളിയ്ക്കാനോ കൊതിച്ചിരിക്കുന്നവരല്ല പോലിസുകാർ. ആരോടും വിരോധമില്ല. സ്വന്തം കുഞ്ഞിനെ കൂട്ടിക്കൊടുത്തും, തല്ലിപ്പഴുപ്പിച്ചും വരുന്നവരോട് എങ്ങനെ മാന്യമായി പെരുമാറും? ഒരു തരി പൊന്നിനായി ഒരു ജീവനെടുക്കുന്നവരോട് എങ്ങനെ കരുണ കാണിക്കും? ഗോവിന്ദച്ചാമി വികലാംഗനാണെന്ന് വിലപിയ്ക്കാൻ ആളുണ്ടായ നാടാണിത്. കസ്റ്റഡിയിൽ മരിച്ച സമ്പത്തിനു വേണ്ടി മുറവിളി കൂട്ടുന്നവർ അവന്റെ കയ്യാൽ പിടഞ്ഞു തീർന്ന പാവം സ്ത്രീയെ കാണാതെ പോയി (പുത്തൂർ ഷീല വധക്കേസ് പ്രതി സമ്പത്ത് പോലീസ് കസ്റ്റഡിയിൽ മരിച്ച സംഭവം)

**മാറാം, പക്ഷേ...**

എല്ലാം ഒഴിവാക്കി സാധാരണ ജീവിതത്തിലേക്ക് തിരിച്ചു നടക്കാൻ ആശിക്കുന്നവർ ഏറെയാണ്. പലരും അതിനു ശ്രമിച്ചിട്ടുമുണ്ട്. എന്നാൽ സദാചാരക്കണ്ണുമായി നടക്കുന്ന സമൂഹം പലപ്പോഴും അവരുടെ ആശകൾ കാണാതെ പോകുന്നു. ഇതിനിടയിൽ വക്കീലന്മാരുടെ ചൂഷണം വേറെ (എല്ലാവരുമല്ല). ജാമ്യമെടുത്തു കൊടുക്കാനെന്ന പേരിൽ ഇവരുടെ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാരുന്ന വീരന്മാരുമുണ്ട്. പിന്നെ ഈ കടം വീട്ടാനാവും ഏർപ്പാടിനിറങ്ങുന്നത്.

അബദ്ധവശാൽ കുറ്റം ചെയ്തു പോയവരെയും സർവ്വീസിനിടയിൽ കണ്ടുമുട്ടേണ്ടി വന്നിട്ടുണ്ട്. ഇത്തരത്തിലുള്ളവർക്ക് ജയിൽജീവിതം വലിയ ഭീഷണിയാണ് പിന്നീടുള്ള ജീവിതത്തിൽ. എത്ര വലിയ യോഗ്യതകളുണ്ടെങ്കിലും സമൂഹത്തിൽ 'ജയിൽപ്പുള്ളി' എന്ന അടയാളം വീണാൽ അതോടെ എല്ലാം തീർന്നു. ഗവൺമെന്റ് സർവ്വീസുകളിൽ കയറുന്നതിനുവരെ ഇതൊരു തടസ്സമായി മാറുന്ന അവസ്ഥയുണ്ട്.

**രാഷ്ട്രീയ സ്വാധീനം**

രാഷ്ട്രീയ സ്വാധീനം വളരെയധികമാണ് ജയിലിനുള്ളിൽ. മൊബൈൽ ഫോൺ സാർവത്രികമായതോടെ നിയമവിരുദ്ധമായ ആശയവിനിമങ്ങൾ നടക്കാറുണ്ട്. രാഷ്ട്രീയക്കേസുകളിലെ പ്രതികളുമായി ബന്ധപ്പെട്ട് വ്യത്യസ്ത അനുഭവമാണ്. തടവുകാരോട് മൃദുസമീപനം പുലർത്തുന്നു എന്നൊരു പരാതി എന്നെക്കുറിച്ച് നിലനിന്നിരുന്നു. പൊതുപ്രവർത്തകരടങ്ങുന്ന ഉന്നതരോടും സാധാരണക്കാരോടും സമീപനത്തിൽ ചെറിയ മാറ്റം വരുത്താവുന്നതാണ്. ഇതിന്റെ പൂർവ്വമാതൃകകൾ ബ്രിട്ടീഷ് ഇന്ത്യയിൽ കാണാം. മഹാത്മാഗാന്ധിയെ അറസ്റ്റ് ചെയ്തപ്പോൾ സാധാരണക്കാരെ പാർപ്പിക്കുന്ന ജയിലിലല്ല അടച്ചത്. ആഗാഖാൻ കൊട്ടാരത്തിലാണ്. ഇത് ബ്രിട്ടീഷുകാർ ഗാന്ധിജിക്ക് നൽകിയ പ്രത്യേക പരിഗണനയാണ്. സമൂഹത്തിലെ മാന്യ ത അനുസരിച്ച് പ്രതിക്ക് അർഹമായ പരിഗണന നൽകുന്നതിനുള്ള അധികാരം കോടതിക്കും ഗവൺമെന്റിനുമുണ്ട്. അത് ദുരുപയോഗം ചെയ്യുന്ന സാഹചര്യവുമുണ്ട്. ഉത്തരം പറയേണ്ടത് സുരക്ഷാ ഉദ്യോഗസ്ഥരാണ്.

**ഭയം വേണ്ട**

ജയിലിനെ ഭയപ്പെടേണ്ട. ജയിലിലേക്ക് നയിക്കുന്ന സാഹചര്യങ്ങളെയും, നിയമങ്ങളെയുമാണ് ഭയക്കേണ്ടത്. നിയമങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത് സാമൂഹ്യ സുരക്ഷക്കു വേണ്ടിയാണ്. നിയമം പാലിക്കുന്നവർ ജയിലഴികളെ ഭയപ്പെടേണ്ട... ●

# WELCOME TO സബ് ജയിൽ

ഒരുനാൾ ഞങ്ങളൊരു യാത്രപോയി. കണ്ണഞ്ചിപ്പിക്കുന്ന മായക്കാഴ്ച്ചകളിലേക്കല്ല. കൺതുറക്കേണ്ട യാഥാർഥ്യങ്ങളിലേയ്ക്ക്... അധികമാരും പോകാൻ ഇഷ്ടപ്പെടാത്ത ഒരിടത്തേയ്ക്ക്... ഒരു ജയിലിനുള്ളിലേയ്ക്ക്...

തെറ്റിദ്ധരിക്കേണ്ട... ശരി ധരിയ്ക്കൂ സുഹൃത്തേ... ജയിലെന്നു കേൾക്കുമ്പോൾ ആദ്യം ഓടിയെത്തുന്ന ദൃശ്യം... വിലങ്ങടിച്ചു നിൽക്കുന്ന ഇരുമ്പുകമ്പികൾ... ഇരുൾ നിറഞ്ഞ അന്തരീക്ഷം, അകന്നകന്നുപോകുന്ന പോലീസ് ബൂട്ടിന്റെ ശബ്ദം... സിനിമകളിലും മറ്റും കണ്ടു ശീലിച്ച ഈ പതിവുദൃശ്യങ്ങൾ തന്നെ മനസ്സിലോർത്ത് ഒരു കോരിച്ചൊരിയുന്ന മഴയത്ത് ഞങ്ങൾ പെരിന്തൽമണ്ണ സബ് ജയിലിന്റെ പടികൾ കയറി. പക്ഷേ അവിടെ ഞങ്ങളെ കാത്തിരുന്നത് മറ്റു ചില അനുഭവങ്ങളായിരുന്നു..

*"എന്റെ ജീവിതം കാളരാത്രിയായി മാറിയ ആ രാത്രി. കോൺസൺട്രേഷൻ ക്യാംപിലെ ആദ്യരാത്രി എനിക്കൊരിക്കലും മറക്കാനാവില്ല... ആ പുകയും കുഞ്ഞുങ്ങളുടെ മുഖങ്ങളും മറക്കാനാവില്ല. നിശ്ശബ്ദമായ നീലാകാശത്തിനു താഴെ, അവരുടെ ഉടലുകൾ ധൂമപടലങ്ങളാവുന്നത് ഞാൻ കണ്ടു."*

തടവറകളുടെ പൂർവ്വ മാതൃകകളെക്കുറിച്ചുള്ള അന്വേഷണത്തിൽ അവിചാരിതമായി കണ്ണിൽപ്പെട്ട വാക്കുകളാണിത്. ഹിറ്റ്ലറുടെ കോൺസൺട്രേഷൻ ക്യാമ്പിലെ മനുഷ്യത്വത്തെ മരവിപ്പിക്കുന്ന പീഡനങ്ങൾ തുറന്നു കാട്ടിയ ഏലി വീസലിന്റെ വാക്കുകൾ. കാലമേറെ പിന്നിട്ടപ്പോൾ തടവറ എന്ന നമ്മുടെ സങ്കൽപത്തിന് വലിയ മാറ്റങ്ങൾ സംഭവിച്ചു. നിയമം പാലിയ്ക്കുക എന്നത് വലിയ വെല്ലുവിളിയായി കാണുന്ന ജനങ്ങൾ ഏതൊരു സമൂഹത്തിലും കാണും. രാജഭരണകാലത്ത് രാജാവിന്റെ ഭടന്മാരെ ചിലർ ഭയപ്പെട്ടതും ഇതുകൊണ്ടു തന്നെയായിരുന്നു. ഇതുകൊണ്ടാക്കെത്തന്നെ ക്രമസമാധാനം ഉറപ്പുവരുത്തുക എന്നത് അന്നും ഇന്നും സമൂഹത്തിന് വെല്ലുവിളിയേറിയതാണ്.

ഇന്ത്യയിലെ ജയിൽ സമ്പ്രദായത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചത് ബ്രിട്ടീഷുകാരുടെ വരവോടെയാണ്. സ്വാതന്ത്ര്യസമരകാലത്ത് നിരപരാധികളായ പല ധീരദേശാഭിമാനികളെയും തടവിൽ പാർപ്പിച്ചിരുന്ന ജയിലുകൾ




സ്വതന്ത്ര്യാനന്തരം ഇന്ത്യയിൽ ക്രമസമാധാനം ഉറപ്പു വരുത്തുന്നതിൽ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. നിയമവിരുദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ തടവിലിടുക വഴി അവരിൽ ക്രമാനുസൃതമായ മാറ്റങ്ങൾ സൃഷ്ടിക്കാനാകും എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിലാണ് ജയിലുകൾ പ്രവർത്തിക്കുന്നത്.

**അറസ്റ്റ്**

ഇന്ത്യയിൽ അറസ്റ്റ് ചെയ്യുന്ന കുറ്റവാളികളെ പ്രധാനമായും രണ്ടായി തിരിക്കാം. പൊതുനിയമങ്ങൾ ലംഘിക്കുക വഴി അറസ്റ്റ് ചെയ്യുന്നവരും, കരുതൽ തടങ്കലിൽ അടക്കപ്പെടുന്നവരും. പൊതുനിയമങ്ങൾ ലംഘിക്കുക വഴി അറസ്റ്റ് ചെയ്യുന്നവർക്ക് ഭരണഘടന സവിശേഷമായ അവകാശങ്ങൾ നൽകുന്നുണ്ട്. അറസ്റ്റ് ചെയ്തതിന്റെ കാരണമറിയാനും, അഭിഭാഷകനുമായി ബന്ധപ്പെടാനും, 24 മണിക്കൂറിനുള്ളിൽ മജിസ്ട്രേറ്റിനു മുന്നിൽ ഹാജരാക്കണമെന്നുമൊക്കെയുള്ള അവകാശങ്ങളാണിവ. എന്നാൽ കരുതൽ തടങ്കലിന്റെ കാര്യം വിപരീതമാണ്. ടാഡ, കാപ്പ തുടങ്ങിയ നിയമങ്ങൾ ഉപയോഗിച്ച് അറസ്റ്റ് ചെയ്താൽ താൻ നിരപരാധിയാണെന്ന് തെളിയിക്കേണ്ടത് അറസ്റ്റ് ചെയ്യപ്പെട്ടവരുടെ ഉത്തരവാദിത്വമാണ്. ഇത്തരം നിയമങ്ങളെ, ദുരുപയോഗം ചെയ്യുന്ന സാഹചര്യങ്ങൾ നിലനിൽക്കുന്നു.

### തടവറക്കുള്ളിൽ

സെൻട്രൽ ജയിലുകളെ അപേക്ഷിച്ച് സബ് ജയിലുകളിൽ തടവുകാർക്ക് പരിമിത സൗകര്യങ്ങളാണുള്ളത്. അധികവും വിചാരണത്തടവുകാരായിരിക്കും പരിമിത സൗകര്യങ്ങളാണെങ്കിലും തടവുകാരുടെ അടിസ്ഥാന ആവശ്യങ്ങൾ കുറ്റമറ്റ രീതിയിൽ നടന്നു പോകുന്നു. കുറ്റവാളികളെ ജയിലിൽ സംരക്ഷിക്കുക എന്നത് ശ്രമകരമായ ദൗത്യമാണ്. പലപ്പോഴും അക്രമം അടക്കിനിർത്തുന്നതിൽ ജയിലിലെ നിയമപാലകർക്ക് വലിയ പങ്കുണ്ട്...

പൂന്തോട്ടം നിർമ്മാണം,പച്ചക്കറിത്തോട്ട നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളിൽ തടവുകാർ ഏർപ്പെടാറുണ്ട്. വിജ്ഞാനത്തിനും വിനോദത്തിനുതകുന്ന രീതിയിൽ ലൈബ്രറി, ടി.വി. തുടങ്ങിയവ സജ്ജീകരിച്ചിട്ടുമുണ്ട്. ഇതെല്ലാം തന്നെ ജയിലിലെ സാഹചര്യങ്ങളോട് പൊരുത്തപ്പെടാൻ കുറ്റവാളികളെ സഹായിക്കുന്നു. ജയിലിൽ നിന്ന് രക്ഷപ്പെടാൻ ചിലർ ശ്രമം നടത്താറുന്നെതും ഒരു വസ്തുതയാണ്. പലരും ഹൈ–ടെക് രീതികൾ തന്നെ ഉപയോഗപ്പെടുത്താറുണ്ട്.

### കുട്ടിക്കുറ്റവാളികൾ പെരുകുമ്പോൾ

നമ്മുടെ കുട്ടികളുടെ ഭാവി നിർണ്ണയിക്കുന്നതിൽ അവരവരുടെ മാതാപിതാക്കളുടെ സ്വഭാവവും ജീവിതരീതിയും പ്രധാനപങ്കാണ് വഹിക്കുന്നത്. ദുർഗുണപരിഹാര പാഠശാലകളെ കേന്ദ്രീകരിച്ച് നടത്തിയ ഒരു പഠനം ഈ വസ്തുതയിലേക്ക് വിരൽ ചൂണ്ടുന്നു. കുട്ടിക്കാലവും, കൗമാരവും, അച്ഛനും, അമ്മയ്ക്കും, സഹോദരങ്ങൾക്കുമൊപ്പം ആസ്വദിച്ച് ജീവിയ്ക്കാൻ താൽപര്യമുണ്ടായിരുന്ന പലകുട്ടികൾക്കും ഇതെല്ലാം ഇല്ലാതാക്കിയത് സ്വന്തം മാതാപിതാക്കൾ തന്നെയായിരുന്നു. അച്ഛൻ അമ്മയെ മദ്യപിച്ച് തല്ലുന്നതും തെറിവിളിക്കുന്നതും കുട്ടിക്കാലം മുതൽ കണ്ടവരാണ് പലരും. രക്ഷിതാക്കളുടെ തഴുകിത്തലോടലുകൾക്കും സ്നേഹസാന്ദ്രമായ ഉപദേശങ്ങൾക്കും പകരം അവഗണനയും ശകാരവും അട്ടഹാസവും കുട്ടികളുടെ മനസ്സിൽ പ്രതികാരമാണ് വളർത്തിയത്. സ്വന്തം കുട്ടികളുടെ ഭാവിയോർക്കാതെ രക്ഷിതാക്കൾ തമ്മിൽ തല്ലുണ്ടാക്കിയത് നേരിൽ കണ്ട കുട്ടികൾ കൗമാരത്തിൽ തന്നെ ദുസ്സ്വഭാവത്തിനുടമയാകുന്നു. ഇവർക്കനുസരിച്ച കൂട്ടുകെട്ടിലേക്കും ബന്ധങ്ങളിലേക്കും ഇവർ വേഗം നടന്നടുക്കുന്നു.

### നമ്മൾ ചെയ്യേണ്ടത്

ജയിലിൽ നിന്ന് ശിക്ഷാകാലാവധി കഴിഞ്ഞിറങ്ങുന്ന തടവുകാരിൽ പരിവർത്തനമുണ്ടായോ എന്ന് പരിശോധിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. കുറ്റവാളികൾ സമൂഹത്തിൽ വർധിച്ചു വരാതിരിക്കാൻ ദുർഗുണ പരിഹാര പാഠശാലകളിലുള്ള കുട്ടികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുക, ജീവിതത്തെ പുണ്യത്തിനും സ്വയം പര്യാപ്തരാവുന്നതിനുള്ള പരിശീലനപദ്ധതികൾ ആവിഷ്ക്കരിക്കുക, കുട്ടികളുടെ മാനസിക – ശാരീരിക വളർച്ചക്കാവശ്യമായ സ്ഥാപനങ്ങളും സാഹചര്യങ്ങളുമുണ്ടാക്കുക. ഇതൊക്കെയാണ് മുന്നോട്ടു വയ്ക്കുന്ന മറ്റു പ്രതിവിധികൾ.

ജയിലെന്നു കേൾക്കുമ്പോഴുള്ള അനാവശ്യ ഭയം നാം ഒഴിവാക്കണം. സമൂഹത്തിന്റെ ഇടുങ്ങിയ കാഴ്ച്ചപ്പാടിനേക്കാൾ എത്രയോ വിശാലമാണ് ജയിലറകൾ... ഓരോ മതിൽക്കെട്ടിനുള്ളിലും സുരക്ഷിതരാണെന്ന ബോധം, ആ മതിൽക്കെട്ടിനപ്പുറം തങ്ങളെ ബാധിക്കില്ലെന്ന ചിന്തകളാണ് തടവുകാരെ നയിക്കുന്നത്. കാരണം അവിടെ കണ്ണിമ ചിമ്മാതെ നമ്മുടെ നിയമപാലകർ കാത്തിരിപ്പുണ്ട്.

പ്രത്യേക നന്ദി : വിയ്യൂർ സെൻട്രൽ ജയിൽ മുൻ ഡി.ഐ.ജി. ജോസഫ് തോമസ്, പെരിന്തൽമണ്ണ സബ്ജയിലിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. ഇ. കൃഷ്ണദാസ്, മറ്റു സഹപ്രവർത്തകർ.



**JITHA.P**
*II^rd Sem. BA English*



# ചോറ്റുപാത്രം

ഉണ്ണി ഓടുകയായിരുന്നു. വഴിയിലെ കൂർത്ത കല്ലുകൾ അവന്റെ കാലുകളെ നോവിപ്പിച്ചപ്പോഴും കുറുപ്പ് മാഷിന്റെ നീ ചൂരലിനെ ഓർത്തപ്പോൾ കാലിന്റെ വേദനയൊന്നും സാരമാക്കിയില്ല. അമ്മൂട്ടിയെ എഴുന്നേൽപ്പിച്ച്, അമ്മയ്ക്ക് കാപ്പി ഇട്ടുകൊടുത്ത് വീട്ടിലെ ഒരുവിധം പണിയെല്ലാം തീർത്തിറങ്ങിയപ്പോൾ ഇന്നും അവൻ വൈകിപ്പോയി. അമ്മയ്ക്ക് പനിയാണ്. രണ്ടു ദിവസമായി തുടങ്ങിയിട്ട്. അടുത്ത വീട്ടിൽ ജോലിക്കു പോയാണ് അമ്മ അവനെയും അമ്മൂട്ടിയേയും നോക്കുന്നത്. ഉണ്ണിക്ക് സ്കൂളിൽ പോകാൻ ഒട്ടും താൽപര്യമില്ല. പക്ഷെ ഉച്ചക്ക് കിട്ടുന്ന ചൂടുകഞ്ഞിയും ചെറുപയർ പുഴുക്കുമോർത്താൽ അവന് വീട്ടിൽ ഇരിപ്പുറക്കില്ല. അപ്പനെ കണ്ട ഓർമ്മ ഉണ്ണിക്കില്ല. ചെറുപ്പത്തിലേ അമ്മയാണ് ഉണ്ണിയെയും അനിയത്തിയെയും വളർത്തുന്നത്. അമ്മൂട്ടി അവന് ജീവനാണ്. വീട്ടിലെ ദാരിദ്ര്യത്തിനിടയിലും അവളെ പട്ടിണിക്കിടാൻ അവനാവില്ല. തനിക്കുള്ള പങ്കുപോലും അനിയത്തിക്കു നീക്കി വെക്കും. പക്ഷെ അമ്മക്കു വയ്യാത്തതിനാൽ രണ്ടു ദിവസമായി വളരെ കഷ്ടത്തിലാണ്. പിന്നെ ആകെയുള്ള പ്രതീക്ഷ സ്കൂളിലെ ഉച്ചക്കഞ്ഞിയിലാണ്.

പൊടിഞ്ഞുപെയ്യുന്ന ചാറ്റൽമഴ അവന്റെ മുഖത്തും കുപ്പായത്തിലും ഉമ്മ വെച്ചുകൊണ്ടിരുന്നു. വിചാരിച്ചതുപോലെ ബെൽ അടിച്ചിരുന്നു. ക്ലാസും തുടങ്ങി. വാതിൽക്കൽ കിതച്ചു നിൽക്കുന്ന ഉണ്ണിയെ കണ്ട് ശ്രീധരൻ മാഷ് സംശയത്തോടെ കണ്ണടയുയർത്തി നോക്കി : "ഉം?... എന്തിനാ പോന്നേ?"

അവൻ ഒന്നും മിണ്ടാതെ തലതാഴ്ത്തി.

"ഹെഡ്മാഷിനെ കണ്ട് ക്ലാസിൽ കയറിയാ മതി."

സ്റ്റാഫ് റൂമിലേക്ക് നടക്കുമ്പോൾ ക്ലാസിൽ നിന്നും അടക്കിച്ചിരി കേട്ടു. സ്റ്റാഫ് റൂം വരെ അവനു പോകേണ്ടി വന്നില്ല. കുറുപ്പു മാഷ് മൂന്ന് സി യുടെ വാതിൽക്കൽ വടിയും പിടിച്ച് നി ൽപ്പുണ്ടായിരുന്നു. അവനെ കണ്ടതും മാഷ് ചൂരൽ ഉയർത്തി.

"ഓ, നീ ഇന്നും പുറത്താണല്ലേ. എത്ര തവണ പറഞ്ഞിട്ടുണ്ടെടാ നിന്നോട്... നീയൊക്കെ എന്തിനാ ഇവിടക്ക് വരണേ? കുരുത്തം കെട്ടവൻ. ഇനി ഇതാവർത്തിച്ചാൽ അച്ഛനേയും കൊണ്ട് വന്നാ മതി . കേട്ടോടാ... ഉം, പൊയ്ക്കോ..."

ഇതൊന്നും മനപ്പൂർവ്വമല്ലെന്ന് പറയണമെന്നുണ്ടായിരുന്നു അവന്. അണപൊട്ടിയ കരച്ചിലടക്കാൻ പാടുപെട്ട് ഉണ്ണി ക്ലാസ് റൂമിലേക്ക് നടന്നു. അടി കിട്ടിയ ഇടത്തേ കൈത്തണ്ട നന്നായി എരിയുന്നുണ്ടായിരുന്നു. ബെഞ്ചിൽ വന്നിരുന്ന അവന് ക്ലാസ് ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. അവൻ ഡെസ്കിൽ തല വെച്ചു കിടന്നു. അടുത്തിരുന്ന മനു അവനെ നുള്ളി.

"ഡാ... കണ്ടോ, ഇന്നലെ എന്റെ അച്ഛൻ എനിക്ക് പുതിയ കുപ്പായം വാങ്ങിത്തന്നല്ലോ..."

ശരിയാണ് മഞ്ഞനിറമുള്ള ഒരു പുതിയ ഷർട്ടാണവൻ ഇട്ടിരിക്കുന്നത്. അതിൽ ഏതോ ഒരു കാർട്ടൂൺ കഥാപാത്രം ഒരു കൈ ഉയർത്തി ആകാശത്തിലേക്ക് പറക്കാൻ ഒരുങ്ങുന്നു. താനും അതുപോലെ ആണെങ്കിൽ... അമ്മൂട്ടിയെയും അമ്മയെയും കൊണ്ട് ഈ ലോകം മൊത്തം കറങ്ങാമായിരുന്നു. മനുവിന് അച്ഛനുണ്ട്. ധാരാളം പണവുമുണ്ട്. അവൻ സ്കൂളിലെ ചോറ് കഴിക്കാറില്ല. വീട്ടീന്ന് കൊണ്ടുവരികയാ. ഉച്ചക്ക് ചോറ്റുപാത്രം തുറന്നാൽ തൈരു കൂട്ടിക്കുഴച്ച ചോറ് പാത്രം നിറയെ ഉണ്ടാകും. മുകളിൽ കണ്ണിമാങ്ങ അച്ചാറും പുളിയിഞ്ചിയും മെഴുക്കുപുരട്ടിയും. ഹാ! ഓർത്താൽ വായിൽ വെള്ളം നിറയും. ഉണ്ണി അധികവും കഞ്ഞിയാണ് കഴിക്കാറ്. അരിയോ പുതിയ കുപ്പായമോ വാങ്ങാനുള്ള പൈസ അമ്മയുടെ കയ്യിലില്ല. അതെല്ലാം അവനറിയാം. അതുകൊണ്ടു തന്നെ ആ പ്രായത്തിലുള്ള കുട്ടികൾക്കുാകുന്ന ദുർവാശിയോ കടുംപിടുത്തമോ ഒന്നും അവനില്ല. വീട്ടിൽ റേഷനരിയാണ് വാങ്ങാറ്. അതിന്റെ നാറ്റമൊന്നും കാര്യമാക്കില്ല. ഒറ്റവലിക്ക് കുടിക്കും. അതിനുമാത്രമേ ഉണ്ടാവാറുള്ളൂ താനും. ഒരിക്കൽ വലിയ പണക്കാരനാകും. എന്നിട്ട് സ്വന്തമായി ഒരു വീടു വാങ്ങും. ഒരു വലിയ ചോറ്റുപാത്രവും. എന്നിട്ട് അതിൽ നിറയെ...."ഠക്" ഒരു ചോക്ക് അവന്റെ തലയിൽ തട്ടി. അവൻ ഞെട്ടി. ചാടി എഴുന്നേറ്റു.

"ഉം, എന്താ അവിടെ? നേരം വൈകി വന്നതും പോരാ, ദിവാസ്വപ്നം കാണുന്നു. അതും ഈ പച്ചപ്പകല് ! ഏതു ലോകത്തായിരുന്നു? " ക്ലാസ് ഒന്നടങ്കം പൊട്ടിച്ചിരിച്ചു. ഉണ്ണി മിണ്ടാതെ തല താഴ്ത്തി ഇരുന്നു. ഇന്നത്തെ ദിവസത്തെ അവൻ ശപിച്ചു കൊണ്ടിരുന്നു. അല്ല, അവനെ സംബന്ധിച്ച് എല്ലാ ദിവസവും ഇങ്ങനെ തന്നെയാണ്. വയറാണെങ്കിൽ വിശന്ന് ചൂളം വിളിക്കുന്നു. തലക്കു ചുറ്റും പൊന്നീച്ച പാറുന്ന പോലെ. ഇന്നലെയും ഇന്നും മുഴുപ്പട്ടിണിയാണ്. എന്നാണാവോ ഇതിനെല്ലാം ഒരറുതി ഉണ്ടാകുക? അവൻ കൈയ്യിലേക്കു നോക്കി. അടികിട്ടിയ ഇടം ചുവന്നു തുടുത്തിരിക്കുന്നു. ഏതൊക്കെയോ മാഷമ്മാര് വരുന്നു, പോകുന്നു. പക്ഷെ വിശപ്പ് അത് മാറ്ണില്ലല്ലോ എന്റെ ഈശ്വരാ...

വീട്ടിലെ സ്ഥിതി, അമ്മൂട്ടിയെ കുറിചോർത്തപ്പോൾ അവന്റെ കണ്ണു നനഞ്ഞു. തന്റെ കാര്യം പോട്ടേന്നു വെക്കാം. പക്ഷെ പാവം! ആ കുഞ്ഞുവയറിനിതെല്ലാം താങ്ങാനാകുമോ? ഇപ്പോൾ ഉറങ്ങി എഴുന്നേറ്റ് എന്നെ കാണാതെ കരയുന്നുണ്ടാവും. അമ്മ അവളെ സമാധാനിപ്പിക്കുന്നുണ്ടാവും. ഉച്ചയാകട്ടെ. കിട്ടുന്ന കഞ്ഞി മുഴുവൻ അവൾക്കു കൊടുക്കണം.

ടിം.. ടിം.. ടിം.. കുറുപ്പുമാഷിന്റെ ചൂരൽ ശബ്ദം കേട്ടാണ് അവൻ എഴുന്നേറ്റത്. ക്ലാസിൽ മാഷില്ല. കുട്ടികൾ ഡെസ്കിലൂടെയും മറ്റും ഓടിച്ചാടി കളിക്കുന്നു. ആർക്കൊക്കെയോ മാഷിന്റെ കൈയ്യിൽ നിന്നും കിട്ടിയിട്ടുണ്ട്.

"ക്ലാസിൽ മാഷില്ലാത്തപ്പോൾ ഇങ്ങനെയാണോ... വാനരന്മാര്. എവിടെ കേക്കാമെന്നോ നിങ്ങടെ ശബ്ദം ഉം... പിന്നെ, ഇന്ന് സ്റ്റാഫ് മീറ്റിങ്ങായതുകൊണ്ട് ഉച്ചക്കുശേഷം ക്ലാസില്ല. എല്ലാവരും വീട്ടിൽ പൊയ്ക്കോ..."

കുട്ടികൾ അത് കേൾക്കേണ്ട താമസം വാണം വിട്ടപോലെ പാഞ്ഞു. ഇടിത്തീ ഏറ്റപോലെ അവൻ സ്തംഭിച്ചിരുന്നു. അപ്പോൾ... അപ്പോൾ അമ്മൂട്ടിക്കിനി... അവന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഉതിർന്നു കൊണ്ടിരുന്നു.

"കരയാതെ മോളേ. ദേ കേട്ടില്ലേ, സ്കൂളിൽ ബെല്ലടിച്ചു. അമ്മേടെ അമ്മൂട്ടിക്ക് ഏട്ടൻ ചോറ്റുപാത്രം നിറയെ ചോറുമായി ഇപ്പോ എത്തൂല്ലോ.... മോള് കരയണ്ടാട്ടോ...."



**SUNANDA**
*IInd Sem. MA English*



# വേട്ട

വേട്ടയാടിക്കൊണ്ടിരിക്കുന്ന
കഴുകൻ കണ്ണുകൾ പോലെ-
യാണിന്നെന്റെ സമൂഹം.
മൂർച്ചയേറിയ നഖങ്ങൾ
എന്നിലേക്കാഴ്ന്നിറങ്ങുമ്പോൾ
പിച്ചിവലിച്ച് തെരുവീഥിയിലേക്കെറിയുമ്പോൾ,
പകൽ പോലുമെന്നെ ഭയപ്പെടുത്തി.
പെയ്തൊഴിയാത്ത മഴയിൽ ഞാൻ നനഞ്ഞു.
അവ എനിക്കു വളമായിമാറി
എന്നിലെ ഭയത്തെ നട്ടുനനച്ചു.
ചിരിക്കുന്ന മുഖങ്ങൾക്കും മുന്നിൽ ഞാൻ
ചിരിയുടെ വാതിൽ കൊട്ടിയടച്ചു.
മേഘത്തെ തൊട്ടുതലോടുന്ന പറവകളോ-
ടെനിക്കു അസൂയ തോന്നുന്നു.
അവ തങ്ങളുടെ നിയമാവലികൾക്കു
മുകളിൽ ചിറകിട്ടടിക്കുന്നു.
സ്വർണ്ണരശ്മികൾ പരക്കുന്ന പുലരിയും,
നക്ഷത്രങ്ങൾ വാരിവിതറിയ നിലാവും,
വിടരാനൊരുങ്ങുന്ന പൂക്കളും,
എന്നെ ഭയപ്പെടുത്തുന്നു.
ഞാൻ എന്നെത്തന്നെ ഭയക്കുന്നു.
എന്റെ ഏകാന്തതയേയും.



# കുറ്റവാളിയുടെ മന:ശാസ്ത്രം

കുറ്റകൃത്യങ്ങൾക്ക് ഒരു കൃത്യമായ കാരണമില്ല. സംസ്കാരത്തിനും കാലത്തിനും അനുസരിച്ച് മാറ്റം വരുന്ന ഒരു സങ്കീർണ്ണമായ പ്രതിഭാസമാണത്. പല തരത്തിലുള്ള കുറ്റകൃത്യങ്ങൾക്ക് പലപ്പോഴും വ്യത്യസ്തമായ കാരണങ്ങളുണ്ട്. ജനങ്ങൾ, പ്രത്യേകിച്ച് കുട്ടികൾ, സ്വാഭാവികമായും നിഷ്കളങ്കരും വേദനകൾ ഒഴിവാക്കി സന്തോഷിക്കാൻ ആഗ്രഹിക്കുന്നവരുമാണ് എന്നതാണ് ഇതിന്റെ ഏറ്റവും ലളിതമായ തത്വം.

കുറ്റകൃത്യങ്ങളെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങൾ :

1) കുടുംബം (Attachment theories + Learning theories)

2. വ്യക്തിത്വം (Personality theories + Impulsiveness theories)

**Attachment theories**

ഈ സിദ്ധാന്തങ്ങളിൽ പ്രതിപാദിക്കുന്നത് മൂന്ന് പ്രധാന വ്യക്തിത്വ സംവിധാനങ്ങളെക്കുറിച്ചാണ് -Id, Ego, Superego

Id- ഒരാളുടെ വ്യക്തിത്വത്തെ പ്രതിനിധാനം ചെയ്യുന്ന സ്ഥിര ഘടകമായാണ് ഇത് നിർവ്വചിക്കപ്പെടുന്നത്. സന്തോഷം നേടാനും വേദന ഒഴിവാക്കാനും ആഗ്രഹിക്കുന്നതാണ് ഇതിന്റെ അടിസ്ഥാനതത്വം.

Ego – വ്യക്തിത്വത്തിന്റെ ഉപരിതലത്തെയാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. യാഥാർത്ഥ്യബോധമാണ് idൽ നിന്നും ഇതിനെ വ്യത്യസ്തമാക്കുന്നത്.

Superego-ഇതിൽ ഒരു വ്യക്തിയുടെ മനഃസാക്ഷിയും (Conscious) ego ideal ഉം ഉൾപ്പെടുന്നു. എന്ത് ചെയ്യണമെന്നും ഈഗോ ഐഡിയൽ ഒരു വ്യക്തിയുടെ ആദർശാധിഷ്ഠിതമായ ആത്മവീക്ഷണത്തെയും തീരുമാനിക്കുന്നു. ഈ സിദ്ധാന്തങ്ങൾ പ്രകാരം സ്വന്തം മാതാപിതാക്കളിൽ നിന്നും വേർപിരിക്കപ്പെട്ട കുട്ടികളിൽ അക്രമവാസന കൂടുതലായിരിക്കും.

Learning theories

മോശമായ രക്ഷാകർതൃത്വം കുറ്റകൃത്യത്തിന്റെ ഏറ്റവും ശക്തമായ അനുമാനമാണ്. കുട്ടിയുടെ സ്വഭാവത്തോടുള്ള മാതാപിതാക്കളുടെ പെരുമാറ്റമാണ് ഇതിൽ പരിഗണിക്കുന്നത്. പരുഷമായ പെരുമാറ്റവും ശിക്ഷാനടപടികളും കുട്ടികളെ മോശമായിത്തന്നെ ബാധിക്കുന്നു.

Personality Theories

കുറ്റകൃത്യം ചെയ്യുന്നവർ ശക്തമായ മനഃസാക്ഷി കെട്ടിപ്പടുക്കുവാൻ സാധിക്കാത്തവരാണ്. Extraversion, Psychotiasm എന്നിവ Eyesenck ന്റെ മൂന്ന് അളവുകോലുകളാണ്. ഇതിൽ Psychticio ത്തിന്റെ കീഴിൽ വരുന്ന വ്യക്തികളിൽ കുറ്റകൃത്യങ്ങൾക്കുള്ള സാധ്യത വളരെ കൂടുതലാണ്.

## Impulsive theories

കുറ്റവാളികളിൽ മുൻകൂട്ടി തിരിച്ചറിയുന്നതിലെ ഏറ്റവും പ്രധാനപ്പെട്ട അളവുകോലാണിത്. ഈ വ്യക്തികൾക്ക് അവരുടെ പെരുമാറ്റത്തെ നിയന്ത്രിക്കാനും പരിണിതഫലങ്ങളെ പരിഗണിക്കുവാനുമുള്ള കഴിവ് കുറവായിരിക്കും.

കുറ്റവാളികളിൽ വ്യക്തിഗത വ്യത്യാസങ്ങളുണ്ട്. ആനന്ദം അല്ലെങ്കിൽ ആവേശം എന്നതാണ് ഇതിലേക്ക് നയിക്കുന്ന പ്രധാന ഘടകം. എന്നിരുന്നാലും മനഃസാക്ഷിപരമായുള്ളതോ മറ്റു സമാന ആന്തരികതടസ്സങ്ങളോ ഇതിനുണ്ട്.

**കുറ്റവാളികളുടെ തരം**

1. ബാഹ്യസാഹചര്യങ്ങൾ മൂലം കുറ്റകൃത്യത്തിലേക്ക് നയിക്കപ്പെടുന്ന സാധാരണക്കാർ
2. അപ്രതിരോധ്യമായ പ്രചോദനത്തിലൂടെ കുറ്റം ചെയ്യുന്നവർ

3. അപ്രതിരോധ്യവും അജ്ഞാതവുമായ ശക്തികളാൽ കുറ്റം ചെയ്യുന്നവർ

4. സാമൂഹ്യവിരുദ്ധ മനോഭാവം കാണിക്കുന്ന യഥാർത്ഥ കുറ്റവാളികൾ

5. മാനസിക വൈകല്യത്തിന്റെയോ ജനിതകരോഗങ്ങളുടേയോ ഫലമായി തെറ്റു ചെയ്യുന്നവർ (ഇതൊരു മാനസിക പ്രശ്ന മല്ല)

**യഥാർത്ഥ കുറ്റവാളി**

വിശകലന വിദഗ്ദ്ധരുടെ അഭിപ്രായപ്രകാരം യഥാർത്ഥ കുറ്റവാളിക്ക് ധാർമിക മാനദണ്ഡങ്ങളോ സാധാരണ തടസ്സങ്ങ ളോ ഇല്ല. അവരെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്നും തടയാൻ ബാഹ്യമായ സമ്മർദ്ധങ്ങൾക്കേ സാധിക്കുകയുള്ളൂ. ഇത്തരം വ്യക്തികൾക്ക് തൃപ്തികരമായ വൈകാരിക ബന്ധങ്ങളില്ല. അതുകൊണ്ടു തന്നെ അവർ മറ്റുള്ളവർക്ക് പരിഗണന നൽകുന്നു മില്ല. യാഥാർത്ഥ്യ ബോധമില്ലായ്മ, ചിന്തയുടെ അഭാവം, അസു ഖകരമായ വസ്തുതകളും സാധ്യതകളും തിരസ്കരിച്ച് തന്റെ ബുദ്ധിയിലും രക്ഷപ്പെടാനുള്ള കഴിവിലും ഉള്ള അമിത വിശ്വാസം, ഇതെല്ലാം പല കുറ്റവാളികളുടേയും സവിശേഷതയാണ്.

കുറ്റവാളികളെ ശിക്ഷിക്കുന്നതിനുള്ള സാധാരണ രീതി അവരിൽ പലതും അടിച്ചേൽപ്പിക്കുക എന്നതാണ്. എന്നാൽ ഒരു വ്യക്തിയെ മോഷ്ടിക്കാൻ പ്രേരിപ്പിക്കുന്നത്, അയാളുടെ അതൃ പ്തികരമായ ജീവിതയാഥാർത്ഥ്യത്തെ മറക്കുവാൻ സഹായിക്കുന്ന ആനന്ദം മോഷണത്തിലൂടെ കിട്ടുന്നു എന്ന വസ്തുതയാണെങ്കിൽ, അയാളെ അസ്വസ്ഥനാക്കുന്നതിലൂടെ അയാളെ പുനർവിക്രയി ക്കുന്നതിൽ നമുക്ക് വിജയിക്കാൻ സാധ്യമല്ല.

ശാരീരികമോ മാനസികമോ ആയ പട്ടിണിയും നി രാശയും ഭയന്ന് ഒരു വ്യക്തി മോഷ്ടിക്കാൻ നിർബന്ധിതനാകു ന്നുവെങ്കിൽ സ്നേഹവും, ഭക്ഷണവും, പണവും, സന്തോഷവും തടയുന്നത് അയാളുടെ അരക്ഷിതബോധത്തെ വർദ്ധിപ്പിക്കുവാൻ മാത്രമേ സഹായിക്കുകയുള്ളൂ. ഭയവും കുറ്റബോധവും മിക്കവ രേയും കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുമെന്നത് വാസ്തവമാ ണ്. എന്നാൽ ഈ ലക്ഷ്യങ്ങൾക്ക് അവരെ ഒരിക്കലും സാമൂഹിക മായി നിലനിർത്താൻ സാധിക്കയില്ല.

മാതാപിതാക്കളുടെ സ്നേഹമാണ് കുട്ടിയെ സമൂഹ ത്തിൽ ജീവിക്കാനും യാഥാർത്ഥ്യത്തെ അംഗീകരിക്കാനും പഠി പ്പിക്കുന്നത്. രക്ഷിതാക്കൾ തന്റെ ആവശ്യങ്ങൾ പരിഗണിക്കുന്നു എന്നറിയുന്നതോടെ അവരുടെ വികാരങ്ങളും ആഗ്രഹങ്ങളും ശ്രദ്ധിക്കുവാൻ കുട്ടിയും തയ്യാറാവുന്നു. കുട്ടികൾക്ക് വേണ്ടത്ര സ്നേഹവും ക്ഷമയും നൽകിയില്ലെങ്കിൽ അവരുടെ ഉത്കണ്ഠ യും അരക്ഷിതത്വബോധവും വർദ്ധിക്കുകയും സാമൂഹ്യവിരുദ്ധ സ്വഭാവം ക്രമേണ പ്രകടിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ അക്ര മിക്കപ്പെടുമെന്ന ഭയം മറ്റുള്ളവരെ ആക്രമിക്കാൻ അവരെ പ്രേരി പ്പിക്കുന്നു.

കുറ്റവാളിയുടെ മനസ്സ് മനസ്സിലാക്കാതെ ജയിലിന്റെയും മറ്റു ശിക്ഷകളുടെയും സ്വാധീനം മനസ്സിലാക്കാൻ സാധിക്കുകയില്ല. ജയിലിന്റെ പ്രവർത്തനം ഭയത്തിലൂടെയാണ്.പലപ്പോഴും ജയിലിനെ 'സ്കൂൾ ഓഫ് ക്രൈം' എന്ന് വിശേഷിപ്പിക്കാറുണ്ട്. ജയിലിനു ള്ളിലെ വിദ്വേഷവും ഭീതിയും തിരിച്ചറിയാനും സഖ്യം ചേരാനും തട വുകാരെ പ്രാപ്തരാക്കുന്നതാണ് ഇതിന്റെ മനഃശാസ്ത്രപരമായ പ ശ്ചാത്തലം. ഇത് ഇല്ലാതാക്കാനായി തടവുകാർക്കിടയിലെ ബന്ധം ചെറുക്കാൻ ശ്രമിക്കുന്നതിലൂടെ അവരിലെ അവശേഷിക്കുന്ന സ്നേഹത്തേയും സാമൂഹിക ചിന്തകളേയും ഇല്ലാതാക്കുകയാ ണ് ചെയ്യുന്നത്. ജയിലിലെ മോശമായ സ്വാധീനം പ്രതിരോധിക്കു ന്നതിനുള്ള മെച്ചപ്പെട്ട മാർഗ്ഗം, തടവുകാർക്ക് സമൂഹത്തെ പ്രതി നിധാനം ചെയ്യുന്നവരുമായുള്ള മാനുഷികബന്ധം നിലനിർത്താൻ അനുവദിക്കുക എന്നതാണ്.

പലപ്പോഴും ജയിലിൽ നിന്ന് വിട്ടയച്ച ശേഷവും കുറ്റവാളിക്ക് തൃ പ്തികരമായ രീതിയിൽ പ്രവർത്തിക്കാൻ കഴിയുന്നില്ല. അതുകൊ ണ്ടുതന്നെ ജയിലിലെ അടിച്ചമർത്തൽ പലപ്പോഴും ദോഷകരമായാ ണ് പന്നീടുള്ള സാമൂഹ്യ ജീവിതത്തെ സ്വാധീനിക്കുന്നത്. എന്നാൽ ചെയ്ത തെറ്റിന്റെ ശിക്ഷ ലഭിക്കുന്നത് പലരിലും ആശ്വാസം ഉളവാ ക്കുന്നതായും കാണാറുണ്ട്.

കുറ്റവാളികളെ മനസ്സിലാക്കുന്നത് പോലെത്തന്നെ അവരോടുള്ള സമൂഹത്തിന്റെ പ്രതികരണങ്ങളും മനസ്സിലാക്കേതുണ്ട്. ഇവ രണ്ടുംതികച്ചും സങ്കീർണവും നിരവധി ഘടകങ്ങളാൽ സ്വാധീ നിക്കപ്പെടുന്നവയുമാണ്. വിദ്യാഭ്യാസം, വൈദ്യശാസ്ത്രം, നിയമ നിർമ്മാണം എന്നിങ്ങനെ എല്ലാ മേഖലകളിലുമായി ജീവിതസാഹച ര്യങ്ങൾ മുമ്പുള്ളതിനേക്കാൾ മെച്ചപ്പെട്ട സ്ഥിതിയിലാണ്. എന്നിട്ടും കുറ്റകൃത്യങ്ങൾ ഒട്ടും കുറഞ്ഞിട്ടില്ല. അതേ സമയം കുറ്റകൃത്യങ്ങ ളെക്കുറിച്ച് വായിക്കുന്നതിൽ നിന്നും കുറ്റവാളികളെ ശിക്ഷിക്കു ന്നതിൽ നിന്നും പലർക്കും ലഭിക്കുന്നത് ഒരു വൈകാരിക സംതൃ പ്തിയാണ്. കുറ്റകൃത്യങ്ങൾ തടയുന്നതിലും കുറ്റവാളികളോടുള്ള സമീപനത്തിലും സമൂഹം വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.

ശിക്ഷാ നടപടികളുടെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ മൃഗീയമായ ശിക്ഷാനടപടികളുടെ നിരോധനം അത്തരം കുറ്റകൃ ത്യങ്ങൾ വർദ്ധിക്കുവാൻ ഇടയാക്കിയിട്ടില്ലെന്ന് കാണാം. കുറ്റ കൃത്യങ്ങൾ തടയുന്നതിലും, കുറ്റവാളികളെ ശിക്ഷിക്കുന്നതിലും പിന്നീടുള്ള സമീപനത്തിലും കൂടുതൽ മെച്ചപ്പെടുത്തലുകൾ ആവ ശ്യമായിരിക്കുന്നു. സാമൂഹികഘടകങ്ങളെ മനഃശാസ്ത്രപരമായ പ്രശ്നങ്ങളിൽ നിന്ന് വേർതിരിക്കാനാവില്ല. നമ്മുടെ സമീപനം ശാ സ്ത്രീയ അറിവുകളുടേയും മാനവ സഹഭൂതിയേയും അടിസ്ഥാന മാക്കിയാകേണ്ടതുണ്ട്.



**NEETHUMOL. K**
*IIrd Sem. MA. English*

# Lost, Forever

Oh world! Gone arc those days.
Not to delay, but to be thought of
I've lost my divine sprit!
Now, seeking wherein my precious soul?
The 'brain' turns to get darkened, and droughted -
As lacks my reasoning, it would be useless.

The drowsiness, that I feel is uncurable -
As I unfitted to a world of experience; creative world!
No hemlock could replace it.
The mankind makes to divert , my way.
As far as unfear to be sacrificed here ,
My creative soul has become fly off; no more here
So hard to have here.

Each talent meant to instruct them; the whole,
But faces only scorn and scolding.
Life become too narrow;
As we couldn't expose, the real they were?
The creativity, seize the mirror of the world
But hereafter , not enough to write atleast.

The world shrinking to a point
Therefore ,we forsaking our born power.
as noting good left here to weaken a novelty !
I' go back to a vast world of desolation .
May be sitting on the droughtness of -
Creative inspiration.





SHIFA SHERIN
IInd Sem. BSC. Psychology

# പീഡനം



ഒരലർച്ച !
ആ ജയിലഴികൾ തന്നിടയിൽ നിന്ന്
എത്തിനോക്കി ഞാനവിടത്തോളം
ആ സ്റ്റേഷനിന്നകത്തളത്തിലതാ
ഒഴുകുകയാണൊരു നീർച്ചാൽ
ഉപ്പിൻ രുചിയത്രേയതിൻ നീരിന്
ഉത്ഭവം അവൾതൻ കണ്ണിലത്രേ..
ആ മിഴികളിൽ തുളച്ചുകയറിയോരായുധം
വെറുമൊരു കൃശസൂചിയല്ല,
ഭീമമാം മഴുവത്രേ...
ഞാൻ മെല്ലെയാരാഞ്ഞതിൻ കാര്യം
വാക്കുകളില്ലവളിൽ വെറും കണ്ണീർ മാത്രം.
ആ ഏമാൻ തൻ മൂർച്ചയേറിയ നോട്ടം.
വെറുപ്പോടെ എന്നോടുചൊല്ലി
ഒരു കൊടും പീഡനപരമ്പരതൻ
ബാക്കി പത്രമത്രവൾ
പേര്, ഭൂമിയെന്നോ മറ്റോ
പീഡനം തൻ പുത്രനിൽ നിന്നത്രേ
പിച്ചിചീന്തിയാ മേനി...
അവൾക്കണിയിച്ചു വികൃതമാം
പ്ലാസ്റ്റിക്കിൻ കുഞ്ഞുടുപ്പ്
അവൾക്ക് കഴിക്കാനിന്ന്
മാലിന്യത്തിൻ കൂമ്പാരവും.
ശ്വസിക്കാനോ?
സി.എഫ്.സി.യെന്നൊരാ ശുദ്ധവായു
അവൾ തൻ മേനിയിൽ കെട്ടിപ്പൊക്കി-
യേറെ മണിമാളികകൾ.
അവൾ തൻ രോമമാം വൃക്ഷലതാതികളെ
പിഴുതെറിഞ്ഞൂ കാണാമറയത്തേക്ക്.
കുഞ്ഞുമക്കൾ തൻ സ്നേഹഗീതത്തിനായ്
കാതോർത്തിരിപ്പൂ ആ അമ്മ.
മലിനമായ്, അവൾ തൻ കാഴ്ചയും കേൾവിയും
ഇന്നവളിൽ വെറും രോദനം മാത്രം.
സമാധാനപൂർണ്ണമാം ഇന്നലെകളന്യം.
പിന്നെ ഞാനാ ഏമാൻ തൻ
മുഖം നോക്കാതെ ചൊല്ലി:
"സർ, യുവർ ഗുഡ് നെെം പ്ലീസ് ?"
തെല്ലഹംഭാവത്തിൽ മറുപടിയോതി.
"യെസ് ഐ ആം ഹ്യൂമൻ"






**MANJU SHAJAN**
*IIrd Sem. Bsc. Maths*

# തടവറയ്ക്കുള്ളിൽ നിന്നും...

എന്നു മുതലാണ്, എന്തിനെയാണ്, എന്തിനാണ് ഭയന്നു തുടങ്ങിയതെന്ന് എത്ര ആവർത്തി ചിന്തിച്ചിട്ടും വ്യക്തമായ ഉത്തരം കണ്ടെത്താനാവുന്നില്ല. ഒരു പക്ഷേ എല്ലാ കുഞ്ഞുങ്ങളെയും പോലെ നിശയുടെ നിശബ്ദതയിൽ, സാന്ദ്രമായ കൂരിരുട്ടിൽ കുഞ്ഞിക്കണ്ണുകൾ ചിമ്മി തുറന്നപ്പോൾ അറിയാനിടയായ അമ്മയുടെ അസാന്നിധ്യമോ?, മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സ്നേഹക്കുടക്കീഴിൽ ചിലവഴിച്ച ശൈശവം ഏൽപ്പിച്ച മുറിവുകളോ? ബാല്യം സമ്മാനിച്ച അജ്ഞാതഭീതിയോ? കാര്യകാരണങ്ങളില്ലാത്ത പേടികളാൽ ആടിഉലഞ്ഞ കൗമാരമോ? ഭയരഹിതമെന്നു തോന്നിയെങ്കിലും ചിലപ്പോഴൊക്കെ അറിയാതെ വേട്ടയാടപ്പെടുന്ന യൗവ്വനത്തിന്റെ ഭീതിയോ...? ഇതെല്ലാം പിന്നിട്ട് യാത്ര ചെയ്യുമ്പോഴും നമ്മെ കാത്തിരിക്കുന്നത് ഈ ഭയം തന്നെയാണല്ലോ എന്നോർക്കുമ്പോഴുള്ള അമിത ഉത്കണ്ഠയും, ഒക്കെക്കൂടെ കൂട്ടി വായിക്കുമ്പോൾ ഭയമയമാണീ ജീവിതയാത്ര. പക്ഷേ പ്രത്യാശയുടെ സദ്വചനങ്ങളേകി പരിപാലിക്കുന്ന ഈശ്വരൻ നമുക്കു മുന്നിലുണ്ട്. കരയാനറിയാത്ത, ചിരിക്കാനറിയാത്ത കളിമൺ പ്രതിമകളല്ല അവിടുന്ന്, മറിച്ച് നമ്മുടെ നീറുന്ന നൊമ്പരത്തിലും, ഭയമയമായ ഈ ജീവിത യാത്രയിൽ നമ്മെ താങ്ങുന്നവനുമാണ് അവിടുന്ന്.

കഷ്ടനഷ്ടങ്ങളുടെ പേമാരി പെയ്തിറങ്ങുമ്പോൾ ഭയപ്പെടേണ്ടതില്ല. കഷ്ടതയുടെ ആണ്ടുകളും, ശൂന്യതയുടെ മാസങ്ങളും, ദുരിതങ്ങളുടെ ദിനങ്ങളും, കണ്ണീരിന്റെ യാമങ്ങളും കടന്നുപോകും. ലോകമാകുന്ന ഈ ഓട്ടക്കളത്തിൽ എന്റെ ദിനങ്ങൾ ഓട്ടക്കാരനേക്കാൾ

വേഗത്തിൽ പായും. നശ്വരതയുടെ ചട്ടക്കൂടിൽ നിന്നും അന്ധകാരത്തിന്റെ ചങ്ങലകളെ പൊട്ടിച്ചെറിഞ്ഞ്, വിദ്വേഷത്തിന്റെ വേരുകളെ പിഴുതെറിഞ്ഞ്, കപടതയുടെ മുഖംമൂടി തകർത്ത് നിത്യതയിലേക്ക് കണ്ണുംനട്ട്, അങ്കലാപ്പില്ലാതെ പ്രത്യാശയോടെ ജീവിക്കേണ്ട സമയം സമാഗതമായി.

ഈ ഒരു ഭയത്തിന്റെ ചിന്തയുമായ് ഞാൻ ഏറെ ദിവസങ്ങളായി അസ്വസ്ഥയായിരുന്നു. പിന്നീട് അത് സംഭവിച്ചത്, സ്വപ്നമോ, യാഥാർത്ഥ്യമോ, സാങ്കൽപ്പികതയോ എന്നൊന്നുമറിയില്ല. ഒരിക്കൽ ഞാൻ ഒരു തടവുകാരനെ കണ്ടു മുട്ടാനിടയായി അദ്ദേഹത്തോടുള്ള സംഭാഷണത്തിനിടയിൽ വീണ്ടും ആ പദം എന്റെ കർണ്ണപുടങ്ങളിൽ മാറ്റൊലികൊണ്ടു. "ഭയം". അതൊന്നുമാത്രമായിരുന്നു അദ്ദേഹത്തെ ഇന്ന് ഈ അവസ്ഥയിലേക്കാക്കിയത്. അദ്ദേഹം പറയാൻ തുടങ്ങി...

ജീവിതം സമ്മാനിച്ച ഭയത്തിന്റെ മുറിപ്പാടുകൾ എന്നെ ഞാനല്ലാതെയാക്കി. നിഷ്ക്കളങ്കത എന്തെന്നറിയാതെ ഞാൻ ആർക്കുവേണ്ടി ഇനിയും ജീവിക്കുന്നു? അപ്പനെയും അമ്മയെയും, കുഞ്ഞുപെങ്ങളെയും നിഷ്ക്കരുണം വധിച്ചവന് ഇനി എന്തിനീ ജീവിതം... വാവിട്ട് അലറിയ അദ്ദേഹത്തിനു മുന്നിൽ നിറമിഴിയോടെ ഞാൻ നിന്നു. അല്പനേരം കഴിഞ്ഞ് ശാന്തനായി പറയാൻ തുടങ്ങി... സുഖദുഃഖങ്ങളുടെ സാഗരമായിരുന്നു എന്റെ ജീവിതം. പരസ്പരം വഴക്കിടുന്ന മാതാപിതാക്കളുടെ നടുവിലേക്ക് പിറന്നു വീണ നാൾമുതൽ അവർ സമ്മാനിച്ചതെല്ലാം നൊമ്പരങ്ങളായിരുന്നു. കുടിച്ചു കൂത്താടുന്ന അപ്പനും, തന്റേടത്തരത്തിന്റെ ജീവിതം നയിക്കുന്ന അമ്മയും. അതിനിടയിലെപ്പോഴോ എനിക്കു താഴെ ഒരുനുജത്തിയും കൂടെയായി. കാലം കടന്നു പോയ്... വൈകാതെ തന്നെ അപ്പൻ കൊലക്കും കൊള്ളക്കും കൂട്ടുപ്രതിയായി, അമ്മയാകട്ടെ സ്വന്തം ശരീരം വിറ്റ് പണമുണ്ടാക്കുന്ന തിരക്കിലും. അതിനിടയിൽ വളർന്ന ഞാനും എന്റെ കുഞ്ഞുപെങ്ങളും ആരോരുമില്ലാത്തവരെപ്പോലെ ജീവിച്ചു. എല്ലാം ഉണ്ടായിട്ടും സ്വന്തമെന്നു കരുതാനും, സ്നേഹിക്കാനും സാധിക്കാത്ത മാതാപിതാക്കൾ.

ഒരു സായാഹ്നം, ഇന്നും ജീവിതത്തിൽ ഓർക്കാപ്പെടാനിഷ്ടമില്ലാത്ത ദിനം. മാതാപിതാക്കളുടെ ലൗകിക സുഖജീവിതത്തിനിടയിൽ വളർന്ന ഞങ്ങൾ എന്നും ഭയത്തോടെയാണ് കഴിഞ്ഞുകൂടിയത്. നാളെ ഒരിക്കൽ എന്നെയും ഈ കൊലക്കും കൊള്ളക്കും കൂട്ടി കൊണ്ടുപോകുമെന്നും, ഒന്നുമറിയാതെ വളരുന്ന കുഞ്ഞുപെങ്ങളുടെ ജീവിതം പിച്ചിച്ചീന്തുവാൻ വിട്ടുകൊടുക്കുമെന്നുള്ള തോന്നലുകൾ ഏറെഭയപ്പെടുത്തി. അന്ന് ഞാൻ കോളേജ് കഴിഞ്ഞ് വരുമ്പോൾ കണ്ട ദൃശ്യം എന്നെ അസ്വസ്ഥനാക്കി. സുഹൃത്തുക്കൾക്ക് സദ്യയൊരുക്കി മദ്യവും, മയക്കുമരുന്നും വിളമ്പി സൽക്കരിക്കുന്ന അച്ഛനെ കണ്ടപ്പോൾ തകർന്നുപോയി. സുരക്ഷിതത്വമാകേണ്ട ഭവനം പോലും ഭയകേന്ദ്രമായി. അൽപ്പം വിറങ്ങലിച്ചാണെങ്കിലും അകത്തേക്കു ചെന്നു. പക്ഷേ കേറിച്ചെന്ന ഞാൻ കണ്ടത് മറ്റുള്ളവരോടൊപ്പം കിടപ്പറപങ്കിടുന്ന അമ്മയെയും ഒന്നുമറിയാത്ത നിഷ്കളങ്കയായ എന്റെ കുഞ്ഞുപെങ്ങളുടെ ജീവിതത്തെ പിച്ചിച്ചീന്തുന്ന കാമഭ്രാന്തന്മാരെയുമാണ്.

കണ്ടു നിൽക്കാനായില്ല. മറ്റൊന്നും ചിന്തിക്കാനുമായില്ല. അടുക്കളയിൽ ചെന്നു വാക്കത്തിയെടുത്ത് വരുന്ന എന്നെ കണ്ട് അവിടെ കൂടിയവരെല്ലാം അകന്നുമാറി. പക്ഷേ സമനില തെറ്റിയ ഞാൻ അപ്പനെയും, അമ്മയെയും, എന്റെ കുഞ്ഞുപെങ്ങളെയും ആഞ്ഞുവെട്ടി. നഷ്ടപ്പെടണമെന്നോർത്തിട്ടല്ല. അങ്ങനെയൊരു കുടുംബത്തെ കാണാൻ കഴിയാത്തതുകൊണ്ട് ചെയ്തു പോയതാ... കാലം കഴിഞ്ഞിട്ടും സകല ഈശ്വരന്മാരോടും വാവിട്ടു കരഞ്ഞപേക്ഷിക്കാറുണ്ട്... നഷ്ടപ്പെടുത്തിയതിനെ തിരികെ താരാൻ... കിട്ടില്ലെന്നറിഞ്ഞിട്ടും വേദനയോടെ ചോദിക്കുകയാ... 3 കൊല ചെയ്ത എനിക്ക് ഇനി എന്ത് ജാമ്യം ? ഇന്ന് എന്റെ കൊലക്കയറും നോക്കി സഹതടവുകാരോടൊത്ത് ഞാനെന്റെ ദിനങ്ങൾ കഴിച്ചുകൂട്ടുകയാണ്. എല്ലാം മായപോലെ കടന്നുപോയി. ഇന്നും ഓർക്കുന്നു ഞാനവരെ. നഷ്ടപ്പെടുത്തിയ എന്റെ പ്രിയരെ. വേണ്ടായിരുന്നു, എന്തിനായിരുന്നു... അയാൾ പറഞ്ഞു നിർത്തിയതും എന്തോ അസ്വസ്ഥത തോന്നി ഞാൻ ഞെട്ടിയുണർന്നു. ഒരുപാട് ചിന്തിച്ചു , നടന്നത് സ്വപ്നമോ, യാഥാർത്ഥ്യമോ എന്ന്. പക്ഷേ പിന്നീട് കാലം തെളിയിച്ചു അതിലെ സത്യത്തെ. പലപ്പോഴും ഞാനും ചോദിച്ചു പോയ് ഈശ്വരനോട്, എന്തിന് വേണ്ടി ആ മകനെ നീ ഇതിനെല്ലാം കാരണക്കാരനാക്കി... നഷ്ടങ്ങൾ സമ്മാനിച്ചു... പക്ഷേ തിരിച്ചറിഞ്ഞ യാഥാർത്ഥ്യം എന്റെ വഴികളിൽ പ്രകാശമേകി... വിധിയുടെ കണക്കു പുസ്തകത്തിലെ സമയത്തെയോ, സാഹചര്യത്തെയോ മാറ്റി കുറിക്കാൻ കാലത്തിനോ, വ്യക്തികൾക്കോ ആവില്ല എന്ന സത്യം... സംഭവിച്ചതും, സംഭവിക്കുന്നതും, സംഭവിക്കാനിരിക്കുന്നതും ഈ ഭയമയ യാത്രയിൽ എന്റെ കണക്കു കൂട്ടലുകൾക്കനുസരിച്ചല്ല എന്ന നിത്യസത്യം....



**SHAFEEDHA P.**
*II[nd] Sem. BA Economics*

# മായാത്ത സൗഹൃദം

ഈ പാതയിൽ, മൺമറഞ്ഞ വീഥിയിൽ
എന്നും തങ്ങിടും നിഴലാണീ സൗഹൃദം.
പാതിമാഞ്ഞ സൂര്യനിൽ, പെയ്തുതീർന്ന മഴയിൽ
തഴുകിയെത്തും കാറ്റിൽ
നിറഞ്ഞുനിൽക്കും സൗഹൃദം
ജീവന്റെ പാതിയായ്... കാരുണ്യകനിവായ്
കുസൃതിക്കൂടാരമായ്, അലിവിൻ കുടമായ്
ഞാനില്ല നീയില്ല നമ്മളെന്ന സത്യമായ്
എന്നും നിലനിൽക്കുമീ സൗഹൃദം
ഓരോ കാലവും കലാലയത്തിന്റെ
മാറ്റത്തിൻ ചിലമ്പൊലി കേൾക്കവേ...
മാറി മാറി വരുന്ന ദളങ്ങൾക്കെന്നും
ഓർമ്മയിൽ താലോലിക്കാൻ ഈ
സൗഹൃദ പുഷ്പത്തിൻ സുഗന്ധമിരിപ്പൂ...
സൗഹൃദത്തിൻ സുഗന്ധമില്ലെങ്കിൽ
ഹേ... കലാലയമേ... നീ വെറും ചെങ്കല്ലിൻ കൂടാരം.
സൗഹൃദമില്ലെങ്കിൽ ഈ മരച്ചുവടുകളും
ഇടനാഴികളും ഭക്ഷണശാലയും വെറുമൊരു ചിത്രങ്ങൾമാത്രം.
കവാടത്തിനപ്പുറം നീയെന്ന കലാലയത്തിന്
ഇത്രമേൽ ഭംഗി സൗഹൃദച്ഛായ കൊണ്ടുമാത്രം
പല വർണ്ണത്തിൽ പല രൂപത്തിൽ
പല വലിപ്പത്തിൽ പല ഭാവത്തിൽ
നിന്നെ കാണുമ്പോൾ...
സൗഹൃദമേ... ഇത്രമേൽ ഭംഗി
നിനക്കുണ്ടെന്നു ഞാൻ അറിഞ്ഞിരുന്നില്ല
എന്നെ ഈ കലാലയത്തിൽ ചേരുവാൻ
വഴികാട്ടുന്നത് ഈ സൗഹൃദച്ഛായങ്ങൾ
നശിക്കാത്ത ജീർണ്ണിക്കാത്ത ലയിക്കാത്ത
ഒരേ വികാരമാണല്ലാവർക്കും
അതേ ഈ സൗഹൃദം മാത്രം...
നിസ്വാർത്ഥ സൗഹൃദം.



**AKSHARA LAKSHMI**
*IV th Sem. BCom A*




# ഭയം

ഇരുളാർന്ന ലോകത്തിൻ മറവിൽ
ഏതോ കോണിൽ ഒളിഞ്ഞു നിൽക്കുന്നു
മനസ്സിൻ  അടിത്തട്ടിൽ മറഞ്ഞു നിൽക്കുന്നു
എന്തിനോ വിതുമ്പുന്നു ഞാൻ എങ്കിലും !
മറക്കാൻ കഴിയുന്നില്ലെന്റെ
ഉള്ളിന്റെയുള്ളിലെ തേങ്ങലാണ്.
എൻ വികാരങ്ങളെ മൂടുന്ന മഞ്ഞാണ്
എൻ സ്വപ്നങ്ങളെ മുറിക്കുന്ന വാളാണ്.
ഞാൻ സാധ്യമല്ലെന്ന് മനസ്സാൽ
ഉറപ്പിക്കുന്ന എന്റെ വിചാരമാണ്.
എൻ മനസിൻ ശിലാതലത്തിൽ എന്നും
നിഴലായ് അലയുന്ന,
ജീവിത വഴിത്താരയിൽ വിജയത്തെ
സ്വപ്നം കാണാൻ എന്നെ
അനുവദിക്കാത്ത ഇരുട്ടാണ്.
ഞാൻ നിന്ന നിൽപ്പിൽ
ഭസ്മമായിത്തീരുമെന്ന തോന്നലാണ്
സർവ്വതും നേടിയെടുക്കാൻ തുനിയവേ
ഒരു ഇടിമിന്നൽ പോലെ
മനസിൻ അടിത്തട്ടിൽ ഏൽക്കുന്ന
ഒരു പൊള്ളലാണത്.
മാനസം തനിയെ ഒരുങ്ങുന്നു
മുന്നേറാൻ എന്നാൽ
മാനസം അറിയുന്നതിൻ മുമ്പേ
അതെന്റെ ഉള്ളിൽ ഒരുങ്ങിക്കഴിഞ്ഞു
എന്നെ അടിച്ചമർത്താൻ
വേണ്ടി മാത്രം നീയെന്തിന്
മർത്യ വികാരവിചാരമായ്
രൂപം പ്രാപിച്ചു.
ഭയമെന്ന സൃഷ്ടിയെ
വെറുക്കുകയാണെന്റെ ഉള്ളം.
ശപിക്കുകയാണെന്റെ നാവാൽ,
നിന്നെ അന്ധകാരത്തിൽ
തള്ളിക്കളയാൻ
വിതുമ്പുകയാണെന്റെ ഹൃദയം.
ആത്മവിശ്വാസത്തിൻ നാമ്പുകൾ
കിളിർക്കാൻ കളമൊരുക്കിയ
എന്നുടെ മനസിൻ തലത്തിൽ
ഭയമെന്ന വിത്തു പാകുകയാണ്.
ഞാനറിയാതെ
ഒരു ചെറു വിഷവിത്തായ്
തളിർത്ത് വലിയ നാമ്പായ്
പൊങ്ങി നിൽക്കുകയാണു നീ
ഭയമേ നിന്നെ മൂർച്ചയേറിയ ഒരു
വാളാൽ വെട്ടിയരിയാൻ
ഞാൻ ഒരുങ്ങുകയാണ്
നീ ഭയക്കണം എന്നെ.





ANJANA JAYASANKAR
*IVth Sem. BA English*

# आज का युग

वक्त गुजर रहे हैं, जिस तरह एक नदी बहवी रहती है, उसी प्रकार हम बहती रहती है। युग भी आगे जाते हैं। कई तरह के परिवर्तन के साथ हम इस युग में पहुँचे हैं।

हमारे समाज में कई तरह के लोग रहते हैं। कुछ लोग भूख मिटाने जाते हैं। भूख तो सबको है। लेकिन इसी केलिए मात्र जीना कठिन है। आज समाज में पति-पत्नी से, बच्चा-माँ से, बेटा-बाप से, भाई-बहन से, दोस्त आपस में झगड करते हैं। मानव अपने चारों और बग बातों से अनजान रहते हैं। मानव आपस में डरकर रहते हैं। कोई सुरक्षा नहीं। लडकियों को सडक पर चलना भी असंभव है। ऐसा अक्रम चल रहा है। हमें आजायी मिली है। फिर भी राह चलना बेहत्तर है। इसके बारे में कई सब कहते हैं आज का युग ऐसा है। वक्त अरथ है। लेकिन सचमुच में गलती मानव की है। आज का युग ऐसा है तो उसकी पूरी जिम्मेदारी मानव का है। अपनी स्वार्थता के कारण है। इसको बदलने केलिए हमें आपस में स्नेह और मानवता चाहिए। आपस में समाना है। ऐसा तो हम उन्नती पर पहुँचेंगे।


Rineesha C.P.

03

# ഭയപ്പാടുകൾ

“മരണത്തിന്റെ മണിനാദം മുഴക്കി തെരുവീഥിയിലൂടെ
ഒരു ആംബുലൻസ് ചീറിപ്പാഞ്ഞു....
മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിനു മുമ്പിൽ
ആ വാഹനം സഡൻ ബ്രേക്കിട്ടു...
വെടിയേറ്റ ആ സ്ത്രീയുടെ ശരീരം സ്ട്രെച്ചറിൽ കിടത്തി
ഹോസ്പിറ്റലിനുള്ളിലേക്ക്...
അതിസങ്കീർണ്ണമായ നിമിഷങ്ങൾ... മൗനത്തിന്റെ മർമ്മരങ്ങൾ
വിവരം കാട്ടുതീ പോലെ പടർന്നു...
നഗരം ഇളകി മറിഞ്ഞു...
നിമിഷങ്ങൾക്കകം ഒരു വൻ ജനാവലി മെഡിക്കൽ കോളിജിനു
മുമ്പിൽ തടിച്ചുകൂടി...
മുദ്രവാക്യം വിളികളാൽ മുഖരിതമായ അന്തരീക്ഷം ...
പ്രതിഷേധജ്വാല തീർത്ത ആ ജനസമൂഹത്തിനു മുമ്പിലേക്ക്
ഡോക്ടർമാർ നിസ്സഹായതയോടെ കൈമലർത്തി...
“NO... She is no more....”

ആ വാർത്ത കേട്ട് ഒരു വേള ആ പുരുഷാരം നിശ്ശബ്ദരായി...
ചേതനയറ്റ ആ ശരീരത്തിൽ നിന്നും അത്മാവ്
ആകാശ വ്യാപ്തിയിലേക്ക് പറന്നുയർന്നു....
നിർജീവതയിലും സജീവത മുറ്റി നിൽക്കുന്ന ആ ശരീരം
ഇനി പോസ്റ്റ് മോർട്ടം ടേബിളിലേക്ക്...

---

വീണ്ടും ഭയം തന്നെയാണോ മാഷേ...
കാലമെത്ര പുരോഗതി പ്രാപിച്ചിട്ടും മോർച്ചറിയും
ഐ സി യു വുമൊക്കെ ഇന്നും നമ്മെ ഭയപ്പെടുത്തുന്നത്
എന്തുകൊണ്ടാണ്... ?

തുടരും...

മാഗസിൻ സമിതി



# പോസ്റ്റ്മോർട്ടം ടേബിളിൽ നിന്ന്...

സൈറൺ മുഴക്കി ആംബുലൻസുകൾ ചീറിപ്പായുമ്പോൾ ഒരുവേള മനസ്സൊന്നുപിടയ്ക്കും. അതിനുള്ളിലെ തുടിയ്ക്കുന്ന ജീവൻ നമ്മുടെ മനസ്സിലും ഭയത്തിന്റെ വിത്തുകൾ വിതയ്ക്കും പക്ഷേ, സൈറൺ മുഴങ്ങാതെയും ആംബുലൻസുകൾ പോവാറുണ്ട്. ചേതനയറ്റ ശരീരങ്ങളുമായി... അധികമാരും ഓർക്കാത്ത ആ ശരീരങ്ങൾ ഒരു പക്ഷേ പോ സ്റ്റ്മോർട്ടം ടേബിളിലേക്കോ, മോർച്ചറിയിലേക്കോ ഉള്ള യാത്രയിലായിരിക്കും...

**ഡോ.രാജേന്ദ്രപ്രസാദ്, തൃശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഫോറൻസിക് ഡിപ്പാർട്ട്മെന്റ് അസിസ്റ്റന്റ് പ്രൊഫസർ.** ജീവനറ്റ ആയിരക്കണക്കിന് ശരീരങ്ങളെ കരുതലോടെ പരിചരിച്ച ഈ ഭിഷഗ്വരൻ നമ്മോട് സംസാരിക്കുകയാണ്. ഭയവും നിഗൂഢതയും ചൂഴ്ന്നു നിൽക്കുന്ന പോസ്റ്റ്മോർട്ടത്തെപ്പറ്റി, മോർച്ചറിയെപ്പറ്റി.

**പോസ്റ്റ്മോർട്ടം : സാഹചര്യങ്ങൾ സന്ദർഭങ്ങൾ**

ഒരു ഡോക്ടറെ സംബന്ധിച്ചിടത്തോളം പോസ്റ്റ് മോർട്ടം വേണമോ വേണ്ടയോ എന്ന് തീരുമാനിയ്ക്കാൻ കഴിയില്ല. ഒരു മൃതശരീരം ഹോസ്പിറ്റലിലെത്തുന്നു. അല്ലെങ്കിൽ ഹോസ്പിറ്റലിൽ വച്ച് മരിയ്ക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ ഡോക്ടർ എത്രയും വേഗം പോലിസിനെ വിവരമറിയിയ്ക്കുന്നു. ഡോക്ടറാണ് പോസ്റ്റ്മോർട്ടം ചെയ്യാൻ തീരുമാനിക്കുന്നത് എന്ന് പലരും തെറ്റായി ധരിച്ചു വച്ചിട്ടുണ്ട്.

ഒരനുഭവം പറയാം. വർഷങ്ങൾക്കു മുമ്പ് ഞാൻ താലൂക്ക് ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന സമയം. ആയിടെ കുളത്തിൽ മുങ്ങി മരിച്ചു എന്നു പറഞ്ഞ് ഒരു ബോഡിയുമായി ഹോസ്പിറ്റലിലെത്തി. മരണം സ്ഥിരീകരിച്ച ശേഷം ഞാൻ പോലീസിനെ വിവരമറിയിക്കാൻ ശ്രമിച്ചു. ഉടനെബന്ധുക്കൾ പോലീസിനെ വിവരമറിയിക്കരുത് എന്ന് പറഞ്ഞു. പക്ഷേ, ഞാൻ എന്റെ ഉത്തരവാദിത്വം നിർവ്വഹിച്ചു. അല്ലെങ്കിൽ അതിന്റെ വീഴ്ച്ചയാണ്. പിന്നീട്, ഈ വ്യക്തി കുളത്തിൽ വീണു മരിച്ചതല്ല, മറ്റാരോ ബലം പ്രയോഗിച്ച് മുക്കി കൊലപ്പെടുത്തിയതാണ് എന്ന് ആരോപണമുയർന്നാൽ നമുക്കെന്ത് ചെയ്യാനാകും ?

കേസന്വേഷണത്തിന്റെ ഭാഗമായി അടക്കിയ മൃതശരീരങ്ങൾ തുറന്നു പരിശോധിക്കേണ്ടി വന്നിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ജോലി ചെയ്യവേ അത്തരമൊരു അനുഭവം ഉണ്ടായിട്ടുണ്ട്. ഭാര്യമരിച്ച ഒരു വയോധികനാണ് കക്ഷി. അദ്ദേഹത്തെ ശുശ്രൂഷിക്കാൻ ഒരു വേലക്കാരിയെ ചുമതലപ്പെടുത്തിയിരുന്നു. അവർ രാവിലെ വന്ന് ഭക്ഷണമുണ്ടാക്കിയ ശേഷം പോകും. രാത്രി കൂട്ടുകിടക്കാൻ തന്റെ പേരമകൻ വരുമായിരുന്നു. ഒരു ദിവസം മേൽപ്പറയപ്പെട്ട വൃദ്ധൻ മരണപ്പെട്ടു കിടക്കുന്നു. സ്വാഭാവിക മരണമെന്നു കരുതി ബോഡി അടക്കം ചെയ്തു. പക്ഷേ, ദിവസങ്ങൾക്ക് ശേഷം വീട്ടുകാർക്ക് ചില സംശയങ്ങൾ തോന്നിതുടങ്ങി. കാരണം വീട്ടിൽ നിന്ന് പണവും മറ്റ് വിലപിടിപ്പുള്ള ചില വസ്തുക്കളും നഷ്ടമായിരിക്കുന്നു. അതോടൊപ്പം വീട്ടിലെ ജോലിക്കാരി ഒരു കാര്യം കൂടി കൂട്ടിച്ചേർത്തു. അവസാന ദിവസം വൃദ്ധൻ കഴിച്ചതിന്റെ ബാക്കി ഭക്ഷണം താൻ പുറത്തുകളഞ്ഞു. അത് ഭക്ഷിച്ച വീട്ടിലെ കോഴികൾ ചത്തുവീണു. സംശയം ബലപ്പെട്ട ബന്ധുക്കൾ പോലീസിനെവിവരമറിയിച്ചു. കേസ് രജിസ്റ്റർ ചെയ്തു. അടക്കം ചെയ്ത ബോഡി പുറത്തെടുക്കാൻ പോലിസിന് നേരിട്ട് അധികാരമില്ല. മജിസ്ട്രേറ്റ് മുഖേനയേ ഇത് സാധ്യമാകൂ. ഏതായാലും ബോഡി പുറത്തെടുത്ത് പരിശോധിച്ചു. തുടരന്വേഷണത്തിൽ പേരമകൻ ഭക്ഷണത്തിൽ വിഷം കലർത്തിയതാണെന്ന് ബോധ്യമായി. ഇത്തരം സന്ദർഭങ്ങളിൽ പോസ്റ്റ് മോർട്ടത്തിന് വലിയ പ്രാധാന്യമുണ്ട്.

**സമൂഹത്തിന്റെ മനോഭാവം**

പൊതുവേ ഒരു വ്യക്തി മരണപ്പെട്ടുകഴിഞ്ഞാൽ ബന്ധുക്കൾക്ക് പോസ്റ്റ്മോർട്ടം ചെയ്യുന്നതിന് തീരെ താൽപ്പര്യമുണ്ടായിരിക്കുകയില്ല. എത്രയും വേഗം മരണാനന്തര ചടങ്ങുകൾ പൂർത്തിയാക്കണമെന്നാണ് അവരുടെ ആഗ്രഹം. അതോടൊപ്പം പോസ്റ്റ്മോർട്ടം ചെയ്യുമ്പോൾ നിയമത്തിന്റെ നൂലാമാലകളിലൂടെ കടന്നുപോകേണ്ടി വരും എന്ന ഭയവുമുണ്ടാകാം. ഒരിക്കൽ ഒരു ഡെഡ്ബോഡി ഹോസ്പിറ്റലിൽ കൊണ്ടുവന്നു. ഞാൻ ഉടനെ പോലീസിലേക്ക് സന്ദേശമയച്ചു. പക്ഷേ, പോലീസ് വരാൻ കുറച്ച് സമയമെടുത്തു. ആ സമയം കുറച്ച് ബന്ധുക്കൾ ഹോസ്പിറ്റലിനെ ചുറ്റിപ്പറ്റി നിൽപ്പുണ്ട്. പെട്ടെന്ന്



ഒരു ആംബുലൻസ് വരികയും ബോഡി അതിലേക്കെടുത്ത് കൊണ്ടുപോവുകയും ചെയ്തു. പിന്നീട് പോലീസ് വാഹനം പിന്തുടർന്ന് അവരെ പിടികൂടി. സമൂഹത്തിന്റെ മനോഭാവം വ്യക്തമാക്കുന്ന ഒരു അനുഭവമാണിത്.

**സ്ത്രീകളുടെ മനോഭാവം**

മെഡിക്കൽ വിഭാഗങ്ങളിൽ താരതമ്യേന സ്ത്രീകൾ കടന്നുവരാത്ത ഒരു മേഖലയായിരുന്നു ഫോറൻസിക് വിഭാഗം. എന്നാൽ ഇന്ന് സാഹചര്യം വളരെ മാറി. ഈ മേഖലയോടുള്ള തെറ്റായ മനോഭാവവും, ഭയവുമെല്ലാം മാറി. ഇന്ന് എത്രയോ സ്ത്രീകൾ ഈ മേഖലയിലേയ്ക്ക് കടന്നു വരുന്നു. കേരളത്തിലെ ആദ്യത്തെ വനിതാ ഫോറൻസിക് സർജനായിരുന്ന ഡോ. ഷേർലി വാസു മാഡത്തിന്റെ കീഴിൽ ഞാൻ സേവനമനുഷ്ടിച്ചിട്ടുണ്ട്. പ്രമാദമായ പല കേസുകളിലും മാഡത്തിന്റെ വൈദഗ്ധ്യം കുറ്റകൃത്യം തെളിയിക്കുന്നതിന് വളരെയധികം സഹായിച്ചിട്ടുണ്ട്.

**ഇരുൾ നിറഞ്ഞ മോർച്ചറി**

ഗവൺമെന്റ് ഹോസ്പിറ്റലുകളിലടക്കം പലയിടത്തും മോർച്ചറി ഒറ്റപ്പെട്ട സ്ഥലങ്ങളിലാണ് നിർമ്മിക്കുന്നത്. ജനങ്ങൾ ധാരാളമായി ഇടപഴകുന്ന പ്രധാനകെട്ടിടങ്ങൾ, അത്യാഹിത വിഭാഗം തുടങ്ങിയവയെ ചുറ്റിപ്പറ്റി മോർച്ചറി നിർമ്മിക്കാറില്ല. അതോടൊപ്പം മിക്ക ഹോസ്പിറ്റലുകളും മോർച്ചറി നവീകരിക്കുന്നതിൽ താൽപ്പര്യം കാണിക്കാറില്ല. ഇങ്ങനെ പണ്ടു മുതലേ ഇത്തരം രീതികൾ തുടർന്നു വരുന്നതിനാൽ മോർച്ചറിയെ ചൂഴ്ന്ന് കിംവദന്തികളും ഭയാനകരമായ ധാരണകളും നിലനിൽക്കുന്നു.

**മൃതശരീരം എഴുന്നേൽക്കുമോ?**

ഇത് നേരിട്ട് അനുഭവിച്ചതല്ല.വായിച്ചുകേട്ട സംഭവമാണ്. റഷ്യയിലെ ജോർജ് റഡാൻസ്കി എന്ന ഭിഷഗ്വരൻ ഒരിക്കൽ റോഡ് ആക്സിഡന്റിൽപ്പെട്ടു. ഹോസ്പിറ്റലിലെത്തിച്ച് മരണം സ്ഥിരീകരിച്ച് ബോഡി മൂന്ന് ദിവസം മോർച്ചറിയിൽ സൂക്ഷിച്ചു. മൂന്നാം ദിവസം പോസ്റ്റ്മോർട്ടം ചെയ്യാൻ ടേബിളിൽ കിടത്തി. ഡോക്ടർ കത്തി ശരീരത്തിൽ കുത്തിയ ഉടനെ അദ്ദേഹം ചാടിയെണീറ്റു. ഇന്നും ജീവിച്ചിരിക്കുന്ന ഇദ്ദേഹം മരണശേഷമുള്ള പല അവസ്ഥകളിലൂടെയും താൻ കടന്നുപോയി എന്ന് പറയുന്നു. തുടർന്ന് മെഡിക്കൽ ഫീൽഡ് വിട്ട ഇദ്ദേഹം ഇപ്പോൾ ആത്മീയവഴിയിൽ സഞ്ചരിക്കുന്നു. ജോർജ് റഡാൻസ്കിയുടെ ഈ അനുഭവം മുൻനിർത്തി മറ്റൊരു എഴുത്തുകാരൻ ഒരു പുസ്തകമെഴുതിയിട്ടുണ്ട്.

**അജ്ഞാത മൃതദേഹങ്ങൾ**

ഒരു അജ്ഞാത മൃതദേഹം കിട്ടിയാൽ മൂന്ന് ദിവസം മോർച്ചറിയിൽ സൂക്ഷിക്കും. പോലീസ് മാധ്യമങ്ങളിൽ പരസ്യം നൽകും. മൂന്ന് ദിവസങ്ങൾക്കു ശേഷം ആരും എത്തിയില്ലെങ്കിൽ ശരീരം മറവ് ചെയ്യാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കും.

**ഹൃദയഭേദകം ആ അനുഭവം**

കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം കിടന്നിരുന്ന ഒരു ഡെഡ്ബോഡി പോസ്റ്റ്മോർട്ടം ചെയ്യുകയുണ്ടായി. മോർച്ചറിയിൽ പ്രവേശിപ്പിച്ച് മൂന്നു ദിവസത്തിനു ശേഷവും ആരും എത്തിയില്ല. തുടർന്ന് പോസ്റ്റ്മോർട്ടം ചെയ്ത ആ ബോഡി ഞാൻ തുന്നിക്കൊണ്ടിരിക്കുകയായിരുന്നു. അതേ സമയം, സത്യസായിബാബ ഓർഫനേജിലെ കുറച്ചു പേർ മറ്റൊരു മൃതദേഹം ഫ്രീസറിൽ സൂക്ഷിക്കണം എന്ന ആവശ്യവുമായി അവിടെയെത്തി. അവിടെ ജോലി ചെയ്യുന്ന ഒരു പെൺകുട്ടിയും സംഘത്തിലുണ്ടായിരുന്നു. അകത്ത് പോ സ്റ്റ്മോർട്ടം കഴിഞ്ഞ ബോഡിയുടെ വസ്ത്രങ്ങൾ പുറത്ത് വച്ചിരുന്നു. ഇത് ശ്രദ്ധയിൽപ്പെട്ട ഈ പെൺകുട്ടി ആ വസ്ത്രങ്ങൾ നല്ല പരിചയമുണ്ടെന്നും അകത്തുള്ള ബോഡി കാണണമെന്നും അടുത്തുള്ള പോലിസുകാരനോട് ആവശ്യപ്പെട്ടു. അകത്തെത്തിയ പെൺകുട്ടി പൊട്ടിക്കരഞ്ഞു. അവളുടെ അച്ഛനായിരുന്നു അത്. മൊബൈൽഫോൺ സാർവത്രികമല്ലാത്ത അക്കാലത്ത് അച്ഛൻ മക്കളുടെ വീടുകളിൽ മാറിമാറി താമസിക്കുകയായിരുന്നു. മരണപ്പെട്ട വിവരം ആരും അറിഞ്ഞില്ല. എന്റെ മനസ്സിനെ വല്ലാതെ പിടിച്ചുലച്ച ഒരു സംഭവമാണിത്

**ഭയം എന്തിന് ?**

പോസ്റ്റ്മോർട്ടം, മോർച്ചറി എന്നെല്ലാം കേൾക്കുമ്പോൾ അനാവശ്യഭയം വേണ്ട. ഒരു മനുഷ്യനെന്ന പരിഗണന വേണ്ടുവോളം നൽകിയാണ് ഞങ്ങൾ ബോഡിയെ സമീപിക്കുന്നത്. ബോഡി കഴുകി വൃത്തിയാക്കുന്നു. പോസ്റ്റ്പോർട്ടം കഴിഞ്ഞ് ആവശ്യമെങ്കിൽ സാംപിളുകൾ ശേഖരിച്ച ശേഷം ബാക്കിയുള്ളവ പഴയതുപോലെ വയ്ക്കുന്നു. ഒരു ഡ്യൂട്ടി എന്നതിനപ്പുറം ഡോക്ടർമാരെ സംബന്ധിച്ചിടത്തോളം വൈകാരികതയുടെ വിഷയം ഉദിക്കുന്നില്ല. ഓരോരോ അനുഭവങ്ങളിലൂടെ കടന്നു പോവുമ്പോഴും നമ്മൾ ജോലിയോട് കൂടുതൽ പൊരുത്തപ്പെടും.




**JOSEPH MATHEW**
*IV[th] Sem. BA Economics*




# Fulfillment of 'New Women' in India is a Myth

There is a famous saying that, if you teach a man you teach a person but if you teach a woman you teach the whole society. But in fact no one wants to teach a woman and never let her teach the whole society.

The term 'New Woman' doesn't mean that a modern woman. Here the term 'New Woman' refers to a woman who has the sense of self worth, ability to make decisions, control over her own life, a woman who can easily influence the social changes.

It cannot be said that women are restricted in every sphere of life. There are women participating in the democratic process; even before the independence there were women who led freedom struggles.

We have women participating in arts, sports, literature, film industry in which women are not only acting but also manage all other levels of industry.

In spite of all these achievements we cannot say that women empowerment has been fulfilled in India. Even today it lags behind the actual time in which women must have empowered.

Even though the constitution provides equal importance for women in the political participation , they have been restricted from it. In 1952 there were only 5% of the women in Lokhasabha. But in 2014 it could reach 11.3% which is not that high.

We see many women working and contributing to the growth of GDP. But in reality there is also discrimination even in it. There are certain jobs that are reserved for women, and the society believes that it must be done by women only.

The jobs like Nursing, Lower-Primary school Teacher, Staff in Textiles, Staff in front office etc..... Women are restricted to such pink colored jobs. Hardly women became the top of any governmental or private institution. The best example can be the judge of High court and Supreme Court. There is always a glare will against women.

Religion, tradition and culture continue to be used as a shield for violating women's rights. Treating women like a goddess and expecting self discipline, patience, sacrifice, suffering and everything from her without any compliant.

The discrimination is doubled when it comes to women from the bottom of the society like lower caste, religious minority, etc. Even a male from these minorities is not treated as he deserves, then there is no any need to describe the condition of women because of the bias prejudices and misconceptions.

Many a time women's aspiration is molded by gender stereotype. Many believe that women are supposed to bear and beget children, look after the domestic affairs, etc.

The government initiates various policies and programs to bring up women. Mother and Child Tracking System (MCTS), The 'Indira Gandhi Matritwa Sahyog Yojana', 'Conditional Maternity Benefit Plan (CMK)', 'Rajiv Gandhi Scheme for Empowerment of Adolescent Girls- Sabla' 'Rashtriya Mahila Kosh', 'Priyadarshini', 'National Mission for Empowerment of Women', ' Beti Bachao Beti Padao' ,etc are not yet reached at the right hands at the right time.

Earlier, child marriage, sexual violence against women, from the family and outside of the family, were the two main reasons that prevent women's empowerment. They were afraid of losing their virginity and purity. If they raise their voice against all these violence they will be suppressed, oppressed and depressed both mentally and physically. Darwin's theory of the fittest will survive is applied.

Now it is the time to look forward with hope, the first and foremost thing that we need to do is that we need a king based approach from welfare based approach. Because the law determines the direction in which a society should move ,but it is the culture that determines the direction in which society actually moves.

The most important thing that we need is a "He for She" campaign. Because when and until if there is no 'New Man' the idea of 'New woman' will be a myth in fact. The attitude of the patriarchy must be changed first.

There is a famous saying that, if you teach a man you teach a person but if you teach a woman you teach the whole society. But in fact no one wants to teach a woman and never let her teach the whole society.

The term 'New Woman' doesn't mean that a modern woman. Here the term 'New Woman' refers to a woman who has the sense of self worth, ability to make decisions, control over her own life, a woman who can easily influence the social changes.

It cannot be said that women are restricted in every sphere of life. There are women participating in the democratic process; even before the independence there were women who led freedom struggles.

We have women participating in arts, sports, literature, film industry in which women are not only acting but also manage all other levels of industry.

In spite of all these achievements we cannot say that women empowerment has been fulfilled in India. Even today it lags behind the actual time in which women must have empowered.

Even though the constitution provides equal importance for women in the political participation , they have been restricted from it. In 1952 there were only 5% of the women in Lokhasabha. But in 2014 it could reach 11.3% which is not that high.

We see many women working and contributing to the growth of GDP. But in reality there is also discrimination even in it. There are certain jobs that are reserved for women, and the society believes that it must be done by women only.

The jobs like Nursing, Lower-Primary school Teacher, Staff in Textiles, Staff in front office etc..... Women are restricted to such pink colored jobs. Hardly women became the top of any governmental or private institution. The best example can be the judge of High court and Supreme Court. There is always a glare will against women.

Religion, tradition and culture continue to be used as a shield for violating women's rights. Treating women like a goddess and expecting self discipline, patience, sacrifice, suffering and everything from her without any compliant.

The discrimination is doubled when it comes to women from the bottom of the society like lower caste, religious minority, etc. Even a male from these minorities is not treated as he deserves, then there is no any need to describe the condition of women because of the bias prejudices and misconceptions.

Many a time women's aspiration is molded by gender stereotype. Many believe that women are supposed to bear and beget children, look after the domestic affairs, etc.

The government initiates various policies and programs to bring up women. Mother and Child Tracking System (MCTS), The 'Indira Gandhi Matritwa Sahyog Yojana', 'Conditional Maternity Benefit Plan (CMK)', 'Rajiv Gandhi Scheme for Empowerment of Adolescent Girls- Sabla' 'Rashtriya Mahila Kosh', 'Priyadarshini', 'National Mission for Empowerment of Women', ' Beti Bachao Beti Padao' ,etc are not yet reached at the right hands at the right time.

Earlier, child marriage, sexual violence against women, from the family and outside of the family, were the two main reasons that prevent women's empowerment. They were afraid of losing their virginity and purity. If they raise their voice against all these violence they will be suppressed, oppressed and depressed both mentally and physically. Darwin's theory of the fittest will survive is applied.

Now it is the time to look forward with hope, the first and foremost thing that we need to do is that we need a king based approach from welfare based approach. Because the law determines the direction in which a society should move ,but it is the culture that determines the direction in which society actually moves.

The most important thing that we need is a "He for She" campaign. Because when and until if there is no 'New Man' the idea of 'New woman' will be a myth in fact. The attitude of the patriarchy must be changed first.



**SHERIN SHARAF**
*II nd Sem. BSc Maths*



# മെഷീൻ

വേതനമില്ലാതെ പണിയെടുക്കുന്ന
വീട്ടിലെ മെഷീൻ കേടായി.
അതോടെ രാവിലെ തന്നെ വീട്ടിൽ
വലിയ ബഹളം.
പ്രഭാത ഭക്ഷണം പതിവിലും
ഒരു മണിക്കൂർ വൈകി.
കുട്ടികൾ കുളിച്ചതും, യൂണിഫോം
മാറ്റിയതും ഒറ്റക്ക് തന്നെ.
ഭർത്താവ് അന്നാദ്യമായ് സ്വന്തം
വസ്ത്രങ്ങൾ തേച്ചുമിനുക്കി.
എല്ലാവരും സ്വന്തം കാര്യം ചെയ്യാൻ
ധൃതി പിടിച്ചോടുന്നു.
അടുക്കളയിൽ അലക്ഷ്യമായി കിടക്കുന്ന
പാത്രങ്ങൾ മാത്രം എന്നെ നോക്കി തേങ്ങി.
പാവം ഒന്നു രണ്ടെണ്ണത്തിന് മുറിവ് പറ്റിയിരിക്കുന്നു.
കൈമാറിയത് കൊണ്ടാവാം
പുറത്ത് കുട്ടികളുടെ സ്കൂൾബസ് നിലവിളിക്കുന്നു.
ഡ്രൈവർ ഇന്ന് നല്ല കലിപ്പിലാണ്.
എല്ലാവരെയും നിറഞ്ഞ മനസ്സോടെ യാത്രയാക്കി,
മെഷീൻ മെല്ലെ മന്ത്രിച്ചു.
ഇന്നെല്ലാർക്കും ഭക്ഷണം പുറത്തുനിന്ന്.
ഹാവൂ! ഇന്നത്തേക്കാശ്വാസം.






**ARJUN**
*IV[th] Sem. BA English*


# ഗോട്ടികൾ

ഉണ്ണി സ്കൂളിലേക്ക് ഓടുകയായിരുന്നു. മഴച്ചാറ്റൽ അവന്റെ കുപ്പായത്തിൽ നേർത്ത പുള്ളികൾ മെനഞ്ഞു. അവൻ ഒരു കൈ തലക്കുമീതെ പിടിച്ച് ഓടിക്കൊണ്ടേയിരുന്നു. കല്ലുകൾ അവന്റെ കുഞ്ഞിക്കാലുകളെ വേദനിപ്പിക്കുന്നുണ്ടായിരുന്നു. കുട്ടേട്ടന്റെ പീടികയ്ക്ക് മുന്നിലെത്തിയപ്പോൾ അവന്റെ കാലുകളുടെ വേഗത കുറഞ്ഞു. അവന്റെ കണ്ണുകൾ കടയിലെ ചില്ലുഭരണിയിൽ തങ്ങിനിന്നു. അതിൽ നിറയെ ഗോട്ടികളാണ്. പളുങ്കുഗോട്ടികൾ ! ആ ഗോട്ടികളുടെ ഉള്ളിൽ ചെറിയ ചെറിയ കപ്പലുകളും, മുയലുകളും ഒക്കെയുണ്ട്. പല നിറത്തിൽ, വലുപ്പത്തിൽ. അവന്റെ നോട്ടം കണ്ട് കുട്ടേട്ടൻ ചോദിച്ചു : ന്താ ഉണ്ണ്യേ.. ഗോട്ടി വേണോ...? അവൻ ഒന്നും മിണ്ടാതെ തല താഴ്ത്തി. അതു കണ്ടപ്പോൾ കുട്ടേട്ടൻ അവനെ വിളിച്ചു. ഭരണി തുറന്ന് പച്ച നിറത്തിലുള്ള ഗോട്ടി അവന്റെ കൈവെള്ളയിൽ വെച്ചു കൊടുത്തു. അവൻ സന്തോഷം കൊണ്ട് ചാടി. കുട്ടേട്ടൻ അവൻ ചുമലിൽ തട്ടി "വേഗം പൊയ്ക്കോ... സ്കൂളിൽ ബെല്ലടിക്കാറായി"

ഉണ്ണി ഓട്ടം തുടങ്ങി. "അച്ഛനില്ലാത്ത കൊച്ചാ"... കുട്ടേട്ടൻ സങ്കടത്തോടെ ഓർത്തു.

ഉണ്ണി എത്തിയപ്പോൾ സ്കൂളിൽ ബെല്ലടിച്ചിരുന്നു. പക്ഷെ, മാഷ് എത്തിയിരുന്നില്ല. അവൻ സമാധാനത്തോടെ ഇരിപ്പുറപ്പിച്ചു. ഇടയിക്കിടക്ക് അവൻ പോക്കറ്റ് തപ്പിനോക്കിക്കൊണ്ടിരുന്നു. ഒരു അമൂല്യനിധി കൈയിലുള്ള സമാധാനത്തോടെ അവൻ ക്ലാസ് ശ്രദ്ധിച്ചു. അവന്റെ മനസ് നിറയെ ആ ചെറിയ ഭരണിയായിരുന്നു. അതു മുഴുവനും

കൈയിൽ കിട്ടിയാൽ എന്തു ചെയ്യു മെന്നറിയാതെ ഒരു നിമിഷം അവൻ പകച്ചുപോയി. സന്തോഷം കൊണ്ട് അവന് അലറിവിളിക്കാൻ തോന്നി. അടുത്തിരുന്ന മനുവിനെ അവനൊന്ന് നുള്ളി. 'ഡാ... ന്റെ പോക്കറ്റിൽ ന്താന്ന് അറിയ്യോ. മനു അവനെ ഒന്ന് നോക്കി. 'ഗോട്ടി... നല്ല പളുങ്കുഗോട്ടി! " മനു പരിഹാസത്തോടെ അവനെ ഒന്ന് നോക്കി "ന്റെ അച്ഛൻ ഒരു ഭരണി നിറയെ ഗോട്ടി എനിക്ക് വാങ്ങിത്തന്നിട്ടുണ്ട്. എന്നിട്ടാ നിന്റെ ഒരു ഗോട്ടി... ഒന്നു പോടാ ചെക്കാ ! ഉണ്ണിക്ക് സങ്കടം കൊണ്ട് കണ്ണ് നിറഞ്ഞു. "ന്റെ അച്ഛനുണ്ടായിരുന്നേൽ എനിക്കും കുറേ ഗോട്ടി വാങ്ങിത്തന്നിരുന്നു" അവൻ സങ്കടത്തോടെ ഓർത്തു. വീണ്ടും അവന്റെ മനസ്സിലേക്ക് കുട്ടേട്ടന്റെ കടയിലെ ചില്ലുഭരണി ഓടിയെത്തി. ഗോട്ടികൾ ! നിറയെ... നിറയെ ഗോട്ടികൾ ! പക്ഷെ പണം വേണം... പണം... അവൻപെട്ടന്ന് അവന്റെ കീശ തപ്പി നോക്കി. രാവിലെ അമ്മ ഫീസടക്കാൻ തന്ന തുക ഭദ്രമായിട്ട് കീശയിൽ തന്നെയുണ്ട്. താനും അപ്പുവും മാത്രമെ ഇനി ഫീസടക്കാൻ ബാക്കിയുള്ളൂ. ഇന്നോ നാളെയോ അടക്കണം... അവന്റെ മനസ്സിലേക്ക് വീണ്ടും ഗോട്ടികൾ ഓടിയെത്തി. ക്ലാസ് കഴിയുന്നതു വരെ അവൻ അതിനെ കുറിച്ച് തന്നെ ആലോചിക്കുകയായിരുന്നു. വൈകുന്നേരം വീട്ടിലേക്ക് മടങ്ങുമ്പോൾ വീണ്ടും അവൻ കുട്ടേട്ടന്റെ കടയ്ക്കു മുന്നിൽ മിഴിച്ചു നിന്നു. ആ ഭരണി ഒന്നു കൂടെ തൊട്ടു നോക്കാനും അതിൽ കൈയിട്ടു വാരാനും അവന്റെ മനസ്സ് കൊതിച്ചു. കുട്ടേട്ടൻ അവനെ നോക്കി "ന്താ.. ഉണ്ണ്യേ... രാവിലെ ഞാൻ തന്നതല്ലേ... ഇനിയും വേണമെങ്കിൽ പണം വേണം... പണം... " കീശയിൽ കൈയിട്ട് പത്തു രൂപയുടെ മുഷിഞ്ഞ നോട്ടുകൾ നീട്ടി. കുട്ടേട്ടൻ അത്ഭുതത്തോടെ അവനെ നോക്കി. കുട്ടേട്ടൻ ചില്ലുഭരണി തുറക്കുന്നതും ഗോട്ടികൾ കൈയിട്ടു വാരുന്നതും അവൻ കൊതിയോടെ നോക്കിനിന്നു. കവറു നിറയെ ഗോട്ടികൾ അവന്റെ കൈയിൽ കൊടുത്ത് കുട്ടേട്ടൻ പറഞ്ഞു "സന്തോഷായില്ലേ... ഇനി പൊയ്ക്കോ..." കവറും വാങ്ങി സന്തോഷത്തോടെ ഓടി. "ഉണ്ണ്യേ ന്താ ഇന്ന് പതിവില്ലാത്ത ഒരു സന്തോഷം"കറവക്കാരൻ കുട്ടപ്പൻ ചേട്ടൻ വിളിച്ചു ചോദിച്ചു. " കുട്ടപ്പേട്ടാ കണ്ടോ... ഗോട്ടികൾ, പളുങ്കുഗോട്ടി "പുല്ലുചെത്തുകാരി ചിരുതപ്പെണ്ണ് വിളിച്ച് ചോദിച്ചു. "അതോ. ഗോട്ടികളാ.. പളുങ്കു ഗോട്ടികൾ !" അവൻ കവർ തുറന്നു കാണിച്ചു "എന്താ ഭംഗി " ചിരുതപ്പെണ്ണ് ഉണ്ണിയുടെ കവിളിൽ നുള്ളിക്കൊണ്ട് പറഞ്ഞു. അവൻ സന്തോഷം കൊണ്ട് വീണ്ടും ഓടി.

കിതച്ചു വരുന്ന ഉണ്ണിയെ കണ്ട് അമ്മ പരിഭ്രമത്തോടെ ഓടി വന്നു. "ന്താ... ഉണ്ണ്യേ... ന്താ പറ്റിയത് ? " കിതപ്പിനിടയിൽ വാക്കുകൾ പുറത്തു ചാടി. "അതോ.. അമ്മേ, കണ്ടോ... ഗോട്ടികൾ ! പളുങ്കുഗോട്ടികൾ!" അവൻ കവർ പൊക്കി കാണിച്ചു. കുട്ടപ്പന്റെ മുഖത്തും, ചിരുതപ്പെണ്ണിന്റെ മുഖത്തും കണ്ട സന്തോഷം അമ്മയുടെ മുഖത്തു മാത്രം കണ്ടില്ല. "പണം എവ്ട്ന്നാ ഉണ്ണ്യേ..."അമ്മ തന്നില്ലേ... രാവിലെ ഫീസടയ്ക്കാൻ

അമ്മ അവനെ കെട്ടിപ്പിടിച്ച് കരഞ്ഞു. "ന്റെ പൊന്നുണ്ണീ നീ..."കവർ പൊട്ടി ഗോട്ടികൾ താഴെ പരന്നു.

അവൻ ഒന്നും മനസിലാവാതെ നിന്നു. "അമ്മ എന്തിനാ കരയണേ... അമ്മക്ക് ഗോട്ടികൾ ഇഷ്ടല്ലേ...!"



FATHIMA SHERIN
*II^ND Sem. BBA*



# തിരിച്ചറിവ്...

കാലം കഴിഞ്ഞുപോയ് മകനേ
നിൻ ജീവായുസ്സും .
എന്തിനീ ഭൂമിയിൽ നിനക്കു
ജൻമം നൽകി ഞാൻ !...
ഇരുമ്പുകൂട്ടിൽ തളച്ചിടാനോ
നിന്നെ ഞാൻ താലോലിച്ചത് ?
സ്വപ്നങ്ങളൊത്തിരിയുണ്ടെനിക്ക്
പക്ഷെ എല്ലാം പോയ് മറഞ്ഞു
ആധുനികതയുടെ പാച്ചിലിൽ
അറിവു ഞാൻ നൽകി
നിനക്കെന്തേ തിരിച്ചറിവുണ്ടായീല.
അറിയുക നീ നിന്നെയും,
എന്നെയും ഈ ലോകത്തെയും.
നീ കണ്ട കാഴ്ചകൾ മറക്കുക
നിന്റെ ദുഃഖങ്ങൾ വെറുക്കുക.
നൻമയാം ഭൂമിയിൽ നിനക്കായ്
ഒരുക്കിയ ദൈവകരങ്ങളെ
പുണരുക.... !



**RAHEEMA SHERIN K.K**
*IV[th] Sem. B.Com - C*

# നീ

എന്നെ "ഞാൻ"ആക്കി മാറ്റിയ ഒരു " നീ" ഉണ്ടായിരുന്നു എന്റെ മനസ്സിൽ. നന്മയുടെ പാതയിൽ മാത്രം സഞ്ചരിക്കാൻ പഠിപ്പിച്ച ഒരു "നീ". പക്ഷെ, ഒരു നാൾ പാതയ്ക്ക് വിള്ളൽ വീണു. ഞാൻ പോലുമറിയാതെ. നീ ഇല്ലാതെ മുമ്പോട്ടുള്ള സഞ്ചാരപാത അറിയാതെ ഒരുപാട് അലറി ഞാൻ. ആർത്തുവിളിച്ചു. ആരും കേട്ടില്ല. കേട്ടവർ കണ്ട ഭാവം പോലും നടിച്ചില്ല. എന്നാലും ഒന്നും അവസാനിപ്പിക്കണമെന്നുണ്ടായിരുന്നില്ല. ഒരുപാട് ബുദ്ധിമുട്ടിയാണെങ്കിലും ആ പാതയിൽ മുമ്പോട്ടു പോകാൻ തന്നെ ശ്രമിച്ചു ഞാൻ.... നിന്നെത്തേടി. പക്ഷെ, ആ ഇരുണ്ട കൈകൾ എവിടെ നിന്നെന്നറിയാതെ എന്നെത്തേടി വന്നു. പിന്നീട് ആ കൈകൾ എന്നെ അടിച്ചമർത്തി. ഭൂമിയോളം താഴ്ത്തി. ആ വിടവുകളിലൂടെ ഭൂമിയോട് ചേരുകയാണ്. എന്നെ "ഞാൻ" ആക്കി മാറ്റിയ നിന്നോട് അനുവാദം പോലും ചോദിക്കാതെ. നന്ദിയുണ്ട് ഒരുപാട് പേരോട്... ചിലരോട് അസൂയയും...



SREERAG. M.K
*VI TH Sem. BSc Physics*

# പ്രണയസഖി

പ്രണയസഖീ എൻ വിതുമ്പുന്ന ഹൃദയം
കാണാതെ നീ പോയതെന്തേ.
മഴവില്ലഴകായ് എൻ മുന്നിൽ വന്നു നീ
രാഗത്തിൽ താളമായ് എന്നിലെത്തി.
എൻ രാഗത്തിൻ താളമായ് എന്നിലെത്തി.
ഓർക്കുന്നുവോ നീ, നാമിരുവരും
സ്വപ്നങ്ങൾ നെയ്ത ശിശിരകാലം.
മറക്കുവാനാകുമോ ആ നല്ല നാളുകൾ
പ്രണയവർണ്ണമായ് വന്ന നാളുകൾ.
തിരികെ വരുമോ നമുക്കായ് മാത്രം
ലയമായ് താളമായ് വസന്തകാലം.
എൻ വഴിത്താരയിൽ കുഞ്ഞുമൺപാത്രം
വീണുപോയ്
ശ്രുതിചേർന്നു പാടിയ നാദമല്ലേ.
മഞ്ഞിൻ കണങ്ങളായ് അലിയാതെ നിൽപ്പൂ
ദിവ്യാനുരാഗത്തിൻ മായാശിൽപ്പം.
ഇന്നു നിൻ മിഴികളിൽ കാണുന്നു ഞാൻ
ഒരു കുഞ്ഞുപ്രാവിന്റെ മൗനം.




Rineesha C.P

04

## മൃതി

"സുഹൃത്തേ...
ആ സ്ത്രീ.. അഥവാ നമ്മുടെ പ്രതിനിധി...
ഒരു വിരൽപ്പാടിന്റെ തെളിവുപോലും
അവശേഷിപ്പിക്കാതെ
അവരെ അവർ കൊന്നു കളഞ്ഞു.
മാറിൽ നിന്ന് രക്തമൊലിച്ച്. കണ്ണുകൾ മുഴുവൻ പൂട്ടാതെ
തെരുവീഥിയിൽ കൊല്ലപ്പെട്ടു കിടന്നു അവർ.
ഭയപ്പെടുത്താനുള്ള ദൃശ്യങ്ങൾ
നിർമ്മിക്കുകയെന്ന തന്ത്രം
തുടരുകയാണ് ഫാസിസ്റ്റ് ശക്തികൾ.
ചരിത്രത്തിലുടനീളം പയറ്റിയ അതേ തന്ത്രം.
കൊല്ലലിന്റെ, ഉന്മൂലനങ്ങളുടെ, വംശഹത്യയുടെ തന്ത്രം.
ഉന്നം പിടിച്ചു വച്ചിരിക്കുകയാണ്.
വിയോജിക്കുന്നരെ, പ്രതിരോധിക്കുന്നവരെ,
എതിർപ്പുകൾ രേഖപ്പെടുത്തുന്നവരെ,
ചോദ്യങ്ങൾ ചോദിക്കുന്നവരെ...
പക്ഷേ, ഒന്നുണ്ട്. മെലിഞ്ഞ ഈ ശരീരത്തെ നേരിടാൻ
യന്ത്രത്തോക്കുകളും ഇരുട്ടിന്റെ മറവും വേണ്ടിവന്നു എങ്കിൽ,
ഇവിടെ ഭയപ്പെടേണ്ടത്
കൊലയാളിയുടെ മാനസികാവസ്ഥയാണ്.

തുടരും...



**RASNI TAJ**
*IV$^{th}$ Sem. Bsc Physics*



# Demise

It's the inevitable fact of every life
To taste the ultimate morality.
no matter willing or not ,
You ought to encounter the demise.
Your soul will no longer be here
It will concede to procure the spiritual world.

Engrossingly preparing for days and-
Days for the next trip to Himalayas
Why not prepare for that eternal trip?
Lot's and lot's of dreams for the days to come.
Why not be genuine with your hearts
To outweigh the best in all?

Be ready with a classical heart and soul
It's the ultimate motto of every souls-
To connect for the eternal rest
Hard to think.......
But above all, it's the fact!



# മൃതിപഥങ്ങൾ



**MUFEEDA**
*Computer Department*

എനിക്ക് സമാന്തരമായി കിടക്കുന്ന അയാളുടെ ഉച്ചത്തിലുള്ള ശ്വാസോച്ഛ്വാസം കേട്ടാണ് ഞാൻ ഉണർന്നത്. ഇതിപ്പോ ഓരോരോ അസുഖങ്ങൾ കൊണ്ട് പല തവണയായി അടുപ്പിച്ചുള്ള ഈ ആശുപത്രി വാസം. ഈ മുറിയും ചുറ്റുപാടും എനിക്ക് ഒരു ശീലമായി. കഴിഞ്ഞ ഒരാഴ്ചയായി ഞങ്ങൾ മൂന്ന് പേർ ഉണ്ടായിരുന്നു ICUൽ. ഒരാൾ ഇന്നലെ ഡിസ്ചാർജ്ജായെന്ന് തോന്നുന്നു.മരുന്നിന്റെ മനംമടുപ്പിക്കുന്ന മണവും ചവർപ്പും നാവിന്റെ രുചിക്കൂട്ടുകളെ പാടേ ഇല്ലാതാക്കിയിട്ടുണ്ട്. അതല്ലെങ്കിലും മൂക്കിനുള്ളിൽ ഈ ടൂബിലൂടെ കയറുന്ന കഞ്ഞിക്ക് എന്ത് രുചിയുണ്ടാവാനാണ്. ഡോക്ടർ റൗണ്ട്സിനു വന്നപ്പോൾ എന്നത്തേയും പോലെ ഇന്നും ഞാനിതൊന്ന് ഊരി മറ്റാൻ അപേക്ഷിച്ചു നോക്കി. ഒക്കെ ശരിയാകും എന്ന് പറഞ്ഞ് അയാൾ ഒന്ന് ചിരിക്കുക മാത്രം ചെയ്തു. ഒന്നും ചെയ്യാനില്ലാത്തിടത്ത് പറയുന്ന ഒരു ആശ്വാസ വാക്ക് മാത്രമാണ് ഈ എല്ലാം ശരിയാകും എന്നത്.

സത്യത്തിൽ ഈ കിടപ്പ് മരണം കാത്തുള്ളതാണ്. മരിക്കാൻ എനിക്ക് പേടിയൊന്നുമില്ല.പക്ഷേ മരണം കാത്തുള്ള ഈ കിടപ്പ്. അത് പരമബോറാണ്. എന്തെങ്കിലും ആരോടെങ്കിലും ഒന്നു സംസാരിച്ചിട്ട് നാളെത്രയായി. മരണം കാത്ത് കിടക്കുന്ന ഒരുപാടു പേരെ ഞാൻ മുൻപ് പലപ്പോഴും കണ്ടിട്ടുണ്ട്. എന്തിനാണ് മരണം അവരെ ഇങ്ങനെ വലിച്ചിഴക്കുന്നതെന്ന് ഞാൻ ഒരുപാട് തവണ ആലോചിച്ചിട്ടുണ്ട്. മരണം വേദനാജനകമാണെന്നും നമ്മുടെ പാപങ്ങൾക്കനുസരിച്ച് അതിന്റെ വേദന കഠിനമാകുമെന്നും കേട്ടിട്ടുണ്ട്. ഒരു പക്ഷേ പാപങ്ങളുടെ കണക്കു പുസ്തകം തുറക്കുന്നത് മരണത്തോട് കൂടിയാകും. അവിടെ നന്മയും തിന്മയും വേർതിരിക്കപ്പെടുകയും സ്വർഗത്തിന്റെയും നരകത്തിന്റെയും കവാടങ്ങൾ തുറക്കപ്പെടുകയും ചെയ്യും. മരണ സമയത്ത് ഖുർആനിലെ മഹത്തായ വചനങ്ങൾ ചൊല്ലിക്കേൾപ്പിക്കുന്നതും, ബൈബിളിലെ മരണത്തെ പരാമർശിക്കുന്ന വേദവാക്യങ്ങൾ ഉരുവിടുന്നതും മരണത്തിന്റെ വേദന കുറയ്ക്കാനാണെന്നു കേട്ടിട്ടുണ്ട്. സത്യത്തിൽ മരണസമയം എന്നൊന്നുണ്ടോ?. അതിനെപ്പറ്റി ചിന്തിച്ചപ്പോഴാണ്, തൂക്കുമരത്തിന് കീഴിലായി തന്റെ മരണത്തിന്റെ സമയവും കാത്തുകിടക്കുന്ന ഒരു ജയിൽപ്പുള്ളിയുടെ മാനസികാവസ്ഥ എന്നെ ഇടക്കെപ്പോഴോ അസ്വസ്ഥയാക്കിയിരുന്നു. ദയാഹരജി തള്ളപ്പെട്ട് മരണം കാത്തു കിടക്കുന്ന ഒരാൾക്കു ജീവിതത്തോട് തോന്നുന്ന ആഗ്രഹം എത്ര വലുതായിരിക്കും? അതിന്റെ സമയം അടുക്കുമ്പോഴുള്ള മാനസികാവസ്ഥ എന്താകുമെന്ന് എന്നെ ചിന്തിപ്പിച്ചിട്ടുണ്ട്. തന്റെ മരണത്തിന്റെ സമയം അറിയുക എന്നത് തന്നെ, ഒരാളിൽ അയാളറിയാതെ ഒരു ഭീതി ജനിപ്പിക്കും. അപ്പോൾ അതൊരു തൂക്കിക്കൊലയാകുമ്പോഴോ? ജീവിതത്തിലെ ഓരോന്നും അവസാനത്തേതായി കാണുന്ന മരണത്തിന്റെ തലേ ദിവസത്തെപ്പറ്റി ഓർത്തപ്പോൾ എനിക്ക് ഭയം കൊണ്ട് തൊണ്ട വരളുകയും തലയിൽ ഇരുട്ട് കയറുകയും ചെയ്തു. ഒരു പക്ഷേ, കറുത്ത മുഖംമൂടി ധരിപ്പിക്കുന്ന ആ നിമിഷം അവർ ചെയ്ത പാപം ഈ ഭൂമിയിൽ വെച്ചുതന്നെ പൊറുക്കപെടുന്നുണ്ടാകുമോ എന്ന ആശങ്കയോടൊപ്പം, അവസാനനിമിഷം ആ ലിവർ വലിക്കുന്നതിന് തൊട്ട് മുൻപ് അയാൾക്ക് ജീവിക്കാൻ ഒരവസരം കൊടുത്തിരുന്നെങ്കിൽ എന്നും ആശിച്ചു. ഒരു കൊടുംപാപിയുടെ തൂക്കിക്കൊലക്കു മുമ്പുള്ള നിമിഷം 3,2,1 എന്ന് പറയുന്നതിന് തൊട്ടുമുൻപുള്ള സമയം അയാൾക്ക് ഉറപ്പായും നന്മയുടെ വീണ്ടുവിചാരം ഉണ്ടായേക്കും.

മരണം കാത്തുള്ള കിടപ്പിൽ ഒരുപാട് വീണ്ടുവിചാരങ്ങൾ ഉണ്ടാകും മനുഷ്യന്. റീ ബട്ടൺ ഇല്ലെങ്കിലും തിരുത്താമായിരുന്നു എന്ന ചില തോന്നലുകൾ. മരണം വല്ലാത്ത അനിശ്ചിതത്വമാണ്. അപ്പോൾ മരണം കാത്തുള്ള ഓരോ ജീവിതവും എത്രത്തോ

ളും അനിശ്ചിതത്വം നിറഞ്ഞതാകും. അപ്പോൾ നമ്മുടെയൊക്കെ ജീവിതമെത്ര അനിശ്ചിതത്വം നിറഞ്ഞതാണല്ലേ. ഞാൻ എനിക്ക് തൊട്ടടുത്തുള്ള ആളെ നോക്കി. അയാൾ ശ്വാസമെടുക്കാൻ വളരെ ആയാസപ്പെടുന്നുണ്ട്. ദൂരേ ഏതോ ദിക്കിലേക്കെന്ന പോലെ അയാൾ റൂമിന്റെ സീലിങ്ങിലേക്ക് കണ്ണുംനട്ട് കിടക്കുകയാണ്. കണ്ണിമ വെട്ടാതെ അയാൾ എന്താകും ഈ നോക്കുന്നത്? മരണത്തിന് മുൻപ് തന്റെ ജീവിതം ഒരു ഫ്ളാഷ് ബാക്ക് പോലെ, നമുക്ക് മുൻപിൽ തിരശ്ശീലയില്ലാതെ ഒരു സിനിമ പോലെ ചലിക്കും എന്ന കേട്ടിട്ടുണ്ട്. ഒരുപക്ഷേ, അയാൾ മരണത്തിന് മുൻപുള്ള കാഴ്ച്ചകൾ കാണുകയാകും. ഓരോരുത്തരും കാണുന്ന കാഴ്ച്ചകൾ വ്യത്യസ്തമാകും. കാരണം ഒരാളുടെ ജീവിതം മറ്റൊരാൾക്ക് ജീവിക്കാൻ ആവില്ല എന്നത് കൊണ്ട്. ഓരോ മരണത്തിലും തിരിച്ചറിയാനാകാത്ത അനേകം നിഗൂഢതകൾ ഉണ്ടെന്നു തോന്നാറുണ്ട്. അത് വെളിച്ചത്തു കൊണ്ടുവരാൻ മരിച്ചു പോയ ആരും ഇത് വരെയും തിരിച്ച് വന്നിട്ടില്ല. എന്റെ ചിന്തകളെ തടസ്സപ്പെടുത്തിക്കൊണ്ട് തൊട്ടടുത്ത് കിടക്കുന്ന ആൾ ഉച്ചത്തിൽ ശ്വാസമെടുക്കാൻ തുടങ്ങി. പെട്ടന്ന് അവിടെ ഉണ്ടായിരുന്ന നേഴ്സുമാർ തിടുക്കത്തിൽ ഓടുകയും ഏതാനും ഡോക്ടർമാർ വന്ന് അയാളുടെ നെഞ്ചിൽ ശക്തിയായി അമർത്തുകയും ചെയ്തുകൊണ്ടിരുന്നു. (സാധാരണ അത്തരം സന്ദർഭങ്ങളിൽ അടുത്തുള്ള രോഗിയെ ആ കാഴ്ച്ചകളിൽ നിന്ന് ഒഴിച്ചുനിർത്താൻ കർട്ടൻ താഴ്ത്തിയിടുന്ന പതിവുണ്ട്.പക്ഷേ ഈ വെപ്രാളത്തിനിടയിൽ അവർ അത് മറന്നു പോയതാകും.) ഇസ്തിരിപ്പെട്ടിപോലുള്ള രണ്ട് ഉപകരണങ്ങൾ പരസ്പരം കൂട്ടിയുരച്ച് അയാളുടെ നെഞ്ചിലേക്ക് വെച്ചപ്പോൾ പൊടുന്നനെ ശരീരം ഉയരത്തിൽ പൊങ്ങുകയും പിന്നെ താഴേക്ക് പതിക്കുകയും ചെയ്തു. സിനിമകളിൽ അത്തരം ഭാഗങ്ങൾ കണ്ടിട്ടുള്ളത് കൊണ്ട് അത് ജീവന്റെ കണിക തേടിയുള്ള ഒരു അവസാനപരീക്ഷണമാണ് എന്ന് എനിക്കറിയാമായിരുന്നു. പ്രതീക്ഷയോടെ ഡോക്ടറുടെ മുഖത്തേക്ക് നോക്കിയപ്പോൾ അയാൾ കൂടെയുള്ളവരിലേക്ക് നിരാശയോടെ തലയാട്ടി. അത്രയും തിരക്കിനിടയി ലും അവിടമാകെ വല്ലാത്തൊരു നിശബ്ദത പരന്നു. ഓരോ മരണവും എത്ര വലിയ നിശ്ശബ്ദതകളാണെന്ന് തിരിച്ചറിഞ്ഞപ്പോൾ എനിക്ക് ആഴത്തിൽ വേദനതോന്നി. അയാളുടെ മൃതശരീരം ICU വിനു പുറത്തേക്ക് എടുത്തു . പിന്നിൽ നിലവിളികൾ ഉയർന്നു.

ഞാൻ ആദ്യം കണ്ട മരണം എന്റെ ഉമ്മാമയുടേതായിരുന്നു. എനിക്കേറ്റവും പ്രിയപ്പെട്ട എന്റെ ചുവന്ന പാവ ഉമ്മാമയുടെ കയ്യിൽ നിന്ന് താഴെ വീഴുന്നത് കണ്ട് നോക്കുമ്പോൾ കണ്ടത് ഗോവണി കമ്പിയിൽ വീഴാതെ പിടിച്ചു നിൽക്കാൻ ശ്രമിക്കുന്ന ഉമ്മാമയെ ആണ്. ഞാൻ നോക്കിനിൽക്കെ ഉമ്മാമ പിടുത്തം കിട്ടാതെ പുറകിലേക്ക് ചെരിഞ്ഞു വീണു. കുറെ കാലം അതെ കിടപ്പ് കിടന്ന ഉമ്മാമയെ ഒരു ദിവസം ഞാൻ എണീറ്റ് വരുമ്പോൾ താഴെ ഹാളിൽ വിലങ്ങനെ വെള്ള പുതച്ചു കിടത്തിയിരിക്കുന്നു. ഉമ്മമാക്ക് എന്ത് പറ്റി എന്ന ഉമ്മയോട് ചോദിച്ചപ്പോൾ മരിച്ചുപോയി എന്ന് പറഞ്ഞു. എവിടേക്കാണ് പോകുന്നത് എന്ന എന്റെ മറുചോദ്യത്തിന് ഉമ്മ എന്നെ ചേർത്തു പിടിച്ചു തേങ്ങിക്കൊണ്ട് പറഞ്ഞു: “ഉമ്മാമ ഇനി ഉണ്ടാവില്ല, പടച്ചോന്റെ അടുത്തേക്ക് പോയി എന്ന് ”. മരിച്ചു പോയവർ ഇനി നമ്മളെ കൂടെ ഉണ്ടാവില്ല എന്ന തിരിച്ചറിവിൽ ഞാൻ അന്ന് ഉമ്മാമയെ നോക്കി കുറേ കരഞ്ഞു. പിന്നീടെന്നും എനിക്ക് മരണവീടുകൾ ഭയമായിരുന്നു. അവിടെ ഉയരുന്ന കരച്ചിലുകളെ, എങ്ങലുകളെ, അഭിമുഖീകരിക്കാൻ ഞാൻ കാലങ്ങളോളം ഭയപ്പെട്ടു. പക്ഷേ കാലക്രമേണ മരണം എന്ന പ്രകൃതിനിയമത്തിനു വഴങ്ങേണ്ടവരാണ് നമ്മളെന്ന ബോധം എന്നോടൊപ്പം വളർന്നു. പ്രിയപ്പെട്ട പലരുടെയും മരണങ്ങൾ പിന്നെയും കാണേണ്ടി വന്നിട്ടുണ്ട്. ഒട്ടും പ്രതീക്ഷിക്കാത്ത, നിനച്ചിരിക്കാത്ത സമയത്ത് എനിക്ക് പ്രിയപ്പെട്ട പലരേയും മരണം കൂട്ടിക്കൊണ്ടുപോയി. സത്യത്തിൽ മരണമല്ല വേദനിപ്പിക്കുന്നത്. അത് ഉണ്ടാക്കുന്ന ശൂന്യത ആണ്. ഒരു പക്ഷേ, ആ ശൂന്യത ഓർത്ത് തന്നെയാകും ആളുകൾ കരയുന്നതും മറ്റു ചിലപ്പോൾ നിശബ്ദരാകുന്നതും.

ജനനം പോലെത്തന്നെ അതിശയിപ്പിക്കുന്ന ഒന്നാണ് മരണവും. എല്ലാവരെയും ചിരിപ്പിച്ചു കൊണ്ടാണ് നമ്മൾ ഓരോരുത്തരും ഈ ഭൂമിയിലേക്ക് വന്നത്. അതെ നമ്മൾ ചുറ്റും കൂടിയവരെ കരയിപ്പിച്ചു കൊണ്ടാണ് ഒടുവിൽ യാത്രയാകുന്നത്. തൊട്ടടുത്ത് കിടക്കുന്ന ആളുകൾക്ക് കാണാനാവാത്ത കാഴ്ചകൾ കണ്ട് ഒന്ന് യാത്ര പോലും പറയാതെ എത്രപേരാണ് ഒരു സുപ്രഭാതത്തിൽ ഉറങ്ങിപ്പോയത്. മരണം സത്യത്തിൽ ഒരു ഉറക്കമാണ്. ഉണരില്ലെന്ന് ഉറപ്പുള്ള സുദീർഘമായ ഒരു ഉറക്കം.മരണത്തിന് ശേഷം ഒരു ജീവിതം ഉണ്ടോ എന്നതിൽ എനിക്ക് ഒരിക്കലും സംശയം തോന്നിയിട്ടില്ല. കാരണം നീതി കിട്ടാതെ പോയ ജീവിതങ്ങൾക്ക് ദൈവം തീർപ്പ് കൽപിക്കുക തന്നെ ചെയ്യും.സത്യത്തിൽ മരണം കാത്തു കിടക്കുന്ന ഓരോരുത്തരും ദൈവത്തിങ്കൽ നിന്നുള്ള ദയാഹരജി കാത്തുനിൽക്കുന്നവരാണ്. പരാതികളില്ലാതെ, ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കാതെ, ഒന്നു ശബ്ദിക്കുക പോലും ചെയ്യാതെ കത്തിയാളുന്ന ജീവിതങ്ങളെ കണ്ടിട്ടുണ്ട്. നെഞ്ചിലേക്കുതിർത്ത വെടിയുണ്ടയെ ധൈര്യപൂർവ്വം നേരിട്ട പിഞ്ചു ബാലനെ കണ്ട് അതിശയിച്ചു പോയിട്ടുണ്ട്. മരണം ബാക്കി വെക്കുന്ന യുദ്ധഭൂമിയിൽ പകച്ചുനിൽക്കുന്ന കുഞ്ഞുങ്ങൾ വിശന്നു മരിക്കുന്നത് കണ്ടിട്ടുണ്ട്. എനിക്കിപ്പോൾ കാഴ്ച്ചകൾ കുറച്ചു കൂടി വ്യക്തമാണ്. ഞാനിതുവരെ കണ്ടിട്ടില്ലാത്ത എന്റെ പൂർവ്വികർ, എന്നെ കാത്തു നിൽക്കുന്ന ഉമ്മാമ, ഒരു യാത്ര പോലും പറയാതെ പോയ എന്റെ പ്രിയ സുഹൃത്ത്, എനിക്ക് എല്ലാവരെയും കാണാം. അസഹ്യമായ ഒരു ചൂടിൽ എന്റെ ശരീരം പൊള്ളുന്നുണ്ട്. വെളുത്ത ചിറകുകളുള്ള ഒരു മാലാഖ എനിക്കുചുറ്റും വട്ടമിട്ട് പറക്കുന്നുണ്ട്. ഒരു നിറഞ്ഞ കളർചിത്രം തിരശ്ശീലയില്ലാതെ പുറകിലോട്ട് ഓടുന്നുണ്ട്. കടലിന്റെ അനന്തതയിലേക്ക് നോക്കിനിൽക്കുന്ന പോലെ മതിവരാത്ത എന്റെ ജീവിതത്തെ ഞാൻ നോക്കികാണുന്നുണ്ട്. ഭൂമിയിലെ അവസാനത്തെ തെളിവെടുപ്പ്.......എനിക്ക് ചുറ്റും ആരൊക്കെയോ തേങ്ങിക്കരയുന്നുണ്ട്..കുഞ്ഞുങ്ങൾ അവരുടെ ഒത്തുകൂടലിന്റെ ആവേശത്തിൽ അവിടവിടെയായി ഓടിക്കളിക്കുന്നുണ്ട്... മയ്യിത്ത് എടുക്കണ്ടേ എന്ന ആരുടെയോ ചോദ്യത്തിൽ എന്നെ തിരഞ്ഞ് ഇനിയാരും എന്റെ പേര് വിളിക്കില്ല എന്ന് തിരിച്ചറിവിൽ ഞാനെത്തി. ഞാൻ ആത്മാവില്ലാത്ത ശരീരം മാത്രമാണ്. മരണത്തിൽ ഞാൻ തനിച്ചാണ്...നാം ഓരോരുത്തരും തനിച്ചാണ്...



**NEETHUMOL. E**
*IV^TH Sem. Bcom Finance*

# മൗനമഞ്ജരി




നിർവ്വികാരതയുടെ നാളുകൾ ഇനിയും
തുറക്കാതിരുന്നെങ്കിൽ അതി–
ലെൻ മൗനം  അലിയാതിരുന്നെങ്കിൽ
വീണ്ടുമെൻ വാക്കുകൾ അവയ്ക്കു
മുമ്പിൽ വാചാലമാവാതിരുന്നെങ്കിൽ
പ്രണയം ഹൃദ്യമായേനേ.
പക്ഷെ നിർവ്വികാരത തീർക്കുമീ
ഏകാന്തതയിൽ നിർജീവമാമെന്നിലെ
സ്വപ്നങ്ങളെ നോക്കി വിധി പരിഹാസ–
ച്ചുവയുള്ള ചിരിയുമായ് നിൽക്കെ.
നിരാശയിൽ കുതിർന്ന കണ്ണീർതുള്ളികൾ
ചിരിയെന്ന ലഹരിയെ വ്യഥാവിലാക്കുന്നതാവാം
അഥവാ മനസ്സാകുന്ന ചിത്രവീണയിൽ
താളം തെറ്റുന്ന
മിടിപ്പുകളുടെ മായാചിത്രങ്ങൾ
എന്റെ കണ്ണിൽ അന്ധകാരത്തിൽ മറയുന്നതാവാം.
എങ്കിലും നീയെൻ ഹൃദയത്തിലേക്കിത്തിരി
വെൺമൊട്ടുകൾ വിതറിയെങ്കിൽ
സാന്ത്വനം പുകയുമീ സന്താപവേളയിൽ
തേജസാമെൻ നയനങ്ങൾ നനയുമ്പോൾ
മുഖം മൗനത്തിന്റെ മുഖം മൂടിയണിയുന്നു.
എൻ ഹൃദയം അഗ്നിക്കിരയാക്കി
മെഴുകിന് ജീവൻ നൽകുന്ന
തീക്കൊള്ളിയാവാൻ, എൻശ്വാസം
തന്നൊരാ നിശ്വാസത്തെയോർത്ത്
അന്ത്യശ്വാസം വരെ ഉരുകി കരയുമീ
ഹൃത്തിലേക്കാനയിച്ചാലും പ്രാണനേ.

# THE SHAPE OF THINGS TO COME

## Or

## (For the shame of being alive)

I am afraid, not for you, not for me, but for this world. When I look at it ,I see no future. I see neither hope nor comfort. Rather I can only see the horrors this world is going through. The horrors that are being inflicted upon it by them. They come, they fight, they destroy, they corrupt and they eat each other. Without a hint of care or concern, they will eat the whole world off.

Deforestation, global warming, greenhouse effect, extinction, so many fancy words in books, all for nothing . Does anybody care? If they cared they would have stopped. But they didn't. They keep on building their lives on a land with a tormented soul. They keep on building their malls, skyscrapers, airports and space stations and they call it progress, they call it development. A progression to inferno; the development of an abyss.

I wish I haven't had my eyes and ears. I can't see or hear anything good with it .The sight of millions of them raping the mother earth is killing me inside. She screams and screams, but there's nobody to hear it. Let them do what they want. They have been doing it for centuries .But they won't do it for another century because there won't be an 'another century'. They will wage war on each other. World wars will come. Wars for food, water and air. People will kill each other just like they killed every other thing in this world.

Judgement day, Last day, Doomsday, The Day of Reckoning, whatever the name is, it's coming for all of them. They will not see it even though its signs are right in front of them. Blinded by greed, they will keep on doing their deeds. OH PEOPLE! OPEN YOUR EYES! CAN'T YOU SEE THE SHAPE OF THINGS TO COME?

I am tired of being the only one who sees it . I tried, but I failed, the battle of one man versus eight billion people. I am frightened. I don't want to be there when it comes. I would rather die than see it. Here, there what's the difference?

Hey, you! the one who is reading this. This is to you and all others like you out there. BEWARE OF THE THINGS TO COME.

OH MY MOTHER EARTH! I AM ASHAMED OF MYSELF FOR MY FAILURE.FORGIVE ME AND FORGIVE THEM FOR THEIR SINS BECAUSE THEY DON'T KNOW YET ABOUT THE SHAPE OF THINGS TO COME.

Best regards

........................

*For the shame*
*Of being alive.*

# മരണത്തിന്റെ നാനാർത്ഥങ്ങൾ

മരിക്കാനിഷ്ടപ്പെടാത്ത ദൈവങ്ങളുടെ സൃഷ്ടിപ്പാണല്ലോ മനുഷ്യൻ ! മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ യേശുവും മൃതസഞ്ജീവനിയിൽ അഭയം പ്രാപിച്ച രാമലക്ഷ്മണന്മാരും പത്നിയെ പുനർജീവിപ്പിക്കാൻ ശിവതാണ്ഡവമാടിയ മഹാദേവനുമെല്ലാം മരണവുമായി തർക്കത്തിലായിരുന്നു !

ദൈവത്തിന്റെ ഉദാത്ത സൃഷ്ടിയായ മനുഷ്യനിലും മരണം വെറുക്കപ്പെട്ടതായി. സുഖസുന്ദരമായ ഒരു സ്വപ്നത്തിന്റെ ദുരന്ത പര്യവസാനിയായി മരണത്തെ മനുഷ്യൻ നേരിടുന്നു.

ഒരിക്കൽ പോലും അതിന്റെ രുചി അറിയാതിരിക്കാൻ അവൻ അത്യാഗ്രഹിക്കുന്നു. എന്നാൽ ആത്യന്തികമായ സത്യം പോലെ ക്ഷണിക്കപ്പെടാത്ത അതിഥിയായി അവൻ മനുഷ്യരിലേക്ക് വന്നെത്തുന്നു.

മരണഭയം മനുഷ്യനെ വേട്ടയാടുന്ന പോലെ മറ്റൊന്നും അവനെ വേട്ടയാടുന്നില്ല. ജീവിതം അവനെ വ്യാമോഹിപ്പിക്കുന്നുമില്ല. ഉണരാനാഗ്രഹമില്ലാത്ത ഒരു നിത്യസ്വപ്നമായി ജീവിതം കൊണ്ടാടുവാനുള്ള മനുഷ്യന്റെ മോഹത്തെ കുലുക്കിയുണർത്തുന്ന അപശകുനമായി മരണം ഇന്നും അവശേഷിക്കുന്നു. ജനിച്ച് തുടങ്ങുന്ന നിമിഷം തൊട്ട് മനുഷ്യൻ മരണവുമായി പ്രണയത്തിലാണെന്ന യാഥാർത്ഥ്യം വിസ്മരിക്കപെടുമ്പോൾ, കൊട്ടിഘോഷങ്ങളില്ലാതെ മനുഷ്യന്റെ പ്രണയ സാക്ഷാത്കാരമായി അത് വന്നെത്തുന്നു. മരണം ആഘോഷിക്കേണ്ടതല്ലേ? യഥാർത്ഥത്തിൽ ഈ ജീവിതം ഒരു മിഥ്യയും മരണത്തിന് ശേഷം ഒരു യാഥാർത്ഥ്യവുമാണ് നമ്മെ കാത്തിരിക്കുന്നതെങ്കിലോ? മരണവുമായി പ്രണയത്തിലാവാൻ മനുഷ്യനിൽ തടസ്സം നിൽക്കുന്ന 'വില്ലന്റെ' റോളാണ് ജീവിതത്തിനെങ്കിലോ? അതെ, മരണമെന്നത് ഒരു ട്രാജിക് സ്വപ്നത്തിന്റെ റൊമാന്റിക് പര്യവസാനമല്ലേ ! മനുഷ്യനെ വേട്ടയാടുന്ന ദുഖത്തിന്റെയും വ്യാമോഹത്തി



ന്റെയും കുമിളകളിൽ നിന്ന് മനുഷ്യനെ മോചിപ്പിക്കുന്ന രക്ഷകൻ ! ജീവിതമെന്ന ലഹരിക്കടിപ്പെട്ട് കണ്ണുതുറക്കാനാവാതെ വിഷമിക്കുന്ന മനുഷ്യന്റെ പുനരധിവാസ പാഥേയം ! പാരതന്ത്ര്യത്തിന്റെ കെട്ടുപാടുകളിൽ നിന്ന് മനുഷ്യനെ മോചിപ്പിക്കുന്ന സ്വാതന്ത്ര്യവാഗ്ദാവ്! അപ്പോൾ മരണം തന്നെയല്ലെ മാനവകുലം ദർശിച്ച ഏറ്റവും വലിയ പരിഷ്ക്കർത്താവ്? എന്നിട്ടെന്തേ മരണത്തെ കാമിക്കാൻ മനുഷ്യൻ വെപ്രാളപ്പെടുന്നില്ല? പരിഷ്ക്കർത്താക്കൾക്കും , രക്ഷകൻമാർക്കും, സ്തൂപങ്ങളും, ശിൽപ്പങ്ങളും കൊത്തിയെടുക്കുന്ന മനുഷ്യൻ മരണത്തിന് വേണ്ടി ചരൽക്കൂന പോലും കൂട്ടിവെക്കുന്നില്ല. കർമ്മങ്ങളുടെ 'ചാക്കോമാഷ് കണക്കുകൾ' മനുഷ്യമസ്തിഷ്ക്കത്തെ ചൊല്ലിപ്പഠിപ്പിച്ച വേദങ്ങളും ഏടുകളും മരണഭയത്തിന്റെ മൊത്തവിൽപ്പനക്കാരാണല്ലോ! ഗ്രന്ഥങ്ങളിലെ സൽകർമ്മികൾക്കുള്ള വാഗ്ദത്ത സ്വർഗ്ഗത്തെ മരണമെന്ന വിമോചകയോദ്ധാവിനല്ലാതെ മറ്റാർക്ക് നൽകാനാകും? എന്നിട്ടും മരണത്തെ അവിശ്വസിക്കുന്നു. മരണം തങ്ങളെ വഞ്ചിക്കുമെന്നവർ ആശങ്കപ്പെടുന്നതിനാൽ മരണമെന്ന സുഹൃത്തിനെ അവർ ആട്ടിപ്പായിക്കാൻ ആഗ്രഹിക്കുന്നു. ഒരു അതിപ്രശസ്തമായ വാക്യം ഇവിടെ പരാമർശിക്കുന്നു.

"Everybody want to go to heaven,

but nobody wont's to die''

സ്വർഗ്ഗമെന്ന മായികസ്വപ്നത്തെ ത്രാസിൽ ഒരു വശത്ത് വെച്ചാൽപോലും മരണഭയം സ്വർഗ്ഗത്തെ വായുവിൽ പറത്തുന്നു. ജീവിതത്തിന്റെ ഓരോ അംശവും ഫലപ്രദമായി വിനിയോഗിക്കുന്ന ഒരാൾക്ക് മരണമെന്നത് മറ്റൊരു ഉദ്യമം മാത്രമാണ്. ഓരോ ചെറിയ പരീക്ഷകളിലും വിജയിച്ച് വർഷാവസാനം പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഒരു വിദ്യാർത്ഥിയെ പോലെ നാം ജീവിക്കുകയാണെങ്കിലോ? – മരണം നമുക്ക് അടുത്ത ക്ലാസിലേക്ക് സ്ഥാനക്കയറ്റമല്ലേ നൽകുന്നത് ?

ഈ ജീവിതത്തിന് മുമ്പ് നാം എന്തായിരുന്നു? ഗർഭസ്ഥശിശു. അതിന് മുമ്പ് ഒരു ബീജാണു. അതിനും മുമ്പോ ? ആ ജ്ഞാനം നമുക്ക് അജ്ഞാതമല്ലേ ? എങ്കിൽ അന്ന് നാം ജീവിച്ചിരുന്നെങ്കിലോ ? അവിടെ സംഭവിച്ച പര്യവസാനത്തിൽ നിന്ന് ഉൾകൊണ്ട് നാം മറ്റൊന്നിലേക്ക് മാറുന്ന വാതായനമാവാം മരണം. നമ്മെ കൊതിപ്പിക്കുന്ന പുനർജന്മത്തിന്റെയും, സ്ഥായിയായ നിലനിൽപ്പിന്റെയും ഇത്തരം ആശയങ്ങൾ നമ്മെ മോഹിപ്പിക്കുമ്പോൾ, ഇന്നിൽ നിലനിൽക്കുകയും ഇതിനായി നാം അധ്വാനിക്കുകയും, ഇതിന്റെ സ്വപ്നങ്ങളെ സാക്ഷാത്കരിക്കുക എന്നതുമാണ് നമുക്കുള്ളത്. കാരണം ഇന്നലെ നാം എന്ത് എന്നത് പോലെ നാളെ നാം എന്ത് എന്ന ചോദ്യത്തിന് മറുപടി പറയാൻ മരണത്തിനല്ലാതെ മറ്റാർക്കും സാധിക്കുന്നില്ലല്ലോ! ആ വിമോചകൻ വരുന്നത് വരെ 'ഇന്നിന്റെ കെട്ടുപാടുകളിൽ വരിഞ്ഞുമുറുകുന്ന പാരതന്ത്ര്യമാണ് ' നമുക്ക് വിധിക്കപ്പെട്ടിട്ടുള്ളത്. ഈ കെട്ടുപാടുകളുടെ ശക്തിയിൽ വ്രണങ്ങൾ രൂപപ്പെട്ടാലും അത് നമ്മെ ശ്വാസം മുട്ടിക്കുന്നുവെങ്കിലും ആ അഥിതിയുടെ വരവിനായുള്ള കാത്തിരിപ്പ് നീളാനുള്ള മൃത്യുഞ്ജയ ഹോമങ്ങൾ മാത്രമല്ലാതെ, സ്വയത്തിനും അപരനും ഉപകാരപ്പെടുന്ന ഒന്നാവട്ടെ നമ്മുടെ ജീവിതം.





**SILPA. K.P**
*II^nd Sem. BA Economics*

# പുതിയരോഗി

ഹോസ്പിറ്റലിൽ പുതിയൊരഡ്മിറ്റുണ്ടത്രേ
പേര് ഭൂമിയെന്നാണുപോലും...!!
അഡ്രസ്സൊട്ടില്ലതാനും.
ബയോഡാറ്റ അന്വേഷിച്ചപ്പോൾ
പുച്ഛത്തോടെ ഒരു മറുപടിയും.
ഡോക്ടർമാർക്ക് ചൊറിഞ്ഞുതുടങ്ങി.
സിസ്റ്റർമാർക്ക് പരിഭ്രാന്തിയുമായി.
ഹോസ്പിറ്റലിൻ മുമ്പിലെ
കോൺക്രീറ്റ് ചെയ്ത മുറ്റത്ത്
രാവിലെ തന്നെ കണ്ടതാണ്
മങ്ങിയ പച്ചനിറമുള്ള ചേല
പഴയമട്ടിൽ ആണ് ഉടുത്തിരുന്നത്.
ശരീരം മുഴുവൻ മുറിവുകളാണ്
മുഖത്ത് നിളയൊഴുകിയ പോൽ
കണ്ണീർപ്പാടും,
ഫ്ളാറ്റുപോലെയുള്ള മുടിയും.
ചുമക്കുമ്പോൾ കറുത്ത പുക വരുന്നു.
ചുണ്ടുകൾ വരണ്ടുണങ്ങിയ
പാടത്തിന്റെ ചിത്രമായ്.
ഏതോ കമ്പനി കുപ്പിയിലാക്കിയ വെള്ളം
ഒരിത്തിരി കയ്യിലുണ്ടായിരുന്നു
ഡോക്ടർ ഐഡന്റിറ്റി കാർഡ്
ചോദിച്ചപ്പോൾ നിരാശയായി.
ഈ-വെയ്സ്റ്റുകളല്ലാതെ വേറെ
ഒന്നുമില്ല മുഷിഞ്ഞ ഭാണ്ഡത്തിൽ....!
മക്കളുടെ പീഡനം സഹിക്കവയ്യാതെ
ഓടിപ്പോന്നതാണെത്രെ.
മൈലുകൾ താണ്ടുമ്പോൾ സ്വപ്നക്കുന്നുകൾ
ജെ.സി.ബി. ഇടിച്ചു തകർക്കുന്നുണ്ടായിരുന്നു !
അവസാനം പോലീസിടപെട്ടു.
വാർഡിലൊരിടം കിട്ടി.
ഭൂമിയുടെ ചികിത്സാഫണ്ടിനായി
ചിലർ ഇറങ്ങിപ്പുറപ്പെട്ടു
ഇഞ്ചക്ഷൻ കൊടുത്തുമയക്കിയിട്ടും
ഭൂമി ഏങ്ങലടിച്ചുകരയുന്നു.
ആ വിലാപം, പുറത്തടിച്ചുവീശിയ
കാറ്റിൽ ലയിച്ചു ചേർന്നു.
ആ കാറ്റാണ്
എന്നിലേക്ക് ഈ വാർത്തയെത്തിച്ചത് .... !!

മാഗസിൻ സമിതി

# മരണം എന്നെ ഭയപ്പെടുത്തുന്നു.

മരണത്തെക്കുറിച്ച് എന്തെങ്കിലുമൊന്ന് എഴുതാമോ എന്ന് കൂട്ടുകാരൻ ചോദിച്ചപ്പോൾ പെട്ടെന്ന് യെസ്, എഴുതാം എന്നു പറയേണ്ടി വന്നതുകൊണ്ടാണ് ഇപ്പോൾ പേനയും പേപ്പറും എടുത്തിങ്ങനെ തല പുകഞ്ഞ് ഇരിക്കേണ്ടി വന്നത്. മരണത്തെക്കുറിച്ച് പല മഹാരഥന്മാരും പറഞ്ഞതൊക്കെയൊന്ന് ഓർത്തെടുക്കാൻ ശ്രമിച്ചു. അവരെപ്പോലെയൊന്നുമത്ര അധികാരികമായി മരത്തണത്തെക്കുറിച്ച് സംസാരിക്കാനുള്ള കഴിവെനിക്കില്ലെന്ന് തിരിച്ചറിഞ്ഞതുകൊണ്ട് ആ ശ്രമം ഉടൻ ഉപേക്ഷിക്കേണ്ടി വന്നു.

മരണത്തെക്കുറിച്ച് ഓർക്കുമ്പോൾ മനസ്സിൽ കടന്നുവരുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് കൗതുകവും മറ്റൊന്ന് ഭയവുമാണ്. എന്താണ് മരണം? അത് നൈമിഷികമായ ഒരു പ്രക്രിയയാണോ, അതോ ദൈർഘ്യമേറിയ ഒന്നോ? മരണത്തിനുശേഷം എന്ത്? തുടങ്ങിയ ചോദ്യങ്ങളും പരലോകജീവിതം, പുനർജന്മം, സ്വർഗ്ഗം, നരകം തുടങ്ങിയ വാചകങ്ങളും കൗതുകമുണർത്തുകയും ഒരുപാട് ചിന്തിപ്പിക്കുകയും ചെയ്യാറുണ്ട്. മരണത്തിനുശേഷം എന്ത്? എന്ന ചോദ്യത്തിനുത്തരം ഒരു ശാസ്ത്രത്തിനും ഒരു കാലത്തും നൽകാൻ കഴിഞ്ഞിട്ടില്ല. അതിനുത്തരം നൽകാൻ മരിച്ചവരാരും ഇനി തിരിച്ചുവരികയുമില്ല. അതുകൊണ്ട് എന്റെ ചോദ്യങ്ങൾക്കുത്തരം ലഭിക്കാൻ സ്വയമൊന്ന് മരിച്ചുനോക്കേണ്ടിതന്നെ വരും.

എന്താണ് മരണം? മരണത്തിന് അങ്ങനെയൊരു നിർവചനമൊക്കെയുണ്ടോ? ചെറുപ്പത്തിൽ മദ്റസയിൽ ഉസ്താദ് പഠിപ്പിച്ചതോർക്കുന്നു. "മരണം, അത് എല്ലാ സുഖങ്ങളെയും മുറിച്ചു കളയുന്നതാണ്" ജീവിതത്തിൽ എന്തെങ്കിലുമൊക്കെ നടക്കുമെന്നുറപ്പുണ്ടെങ്കിൽ അതു മരണമാണ്. അതുകൊണ്ട് ' മരണമെന്ന യാഥാർത്ഥ്യം' എന്ന വാക്യം നമ്മൾ പലയിടത്തും കാണാറുള്ളത്. മരണമെന്ന് പറയുമ്പോൾ നമ്മുടെ മനസ്സിൽ ആദ്യം വരിക വൃദ്ധരുടെ മുഖമായിരിക്കും. ചുറുചുറുക്കും ആരോഗ്യവുമുള്ള യുവാക്കളാണല്ലോ നമ്മൾ. കൂട്ടുകാരോടൊത്തുള്ള കളിചിരിയും പ്രണയസല്ലാപങ്ങളുമൊക്കെയായി നടക്കുന്നവർ. മരണത്തെക്കുറിച്ചുള്ള നമ്മുടെ ചിന്തകളിലുള്ളത് ഒരു എൺപത് തൊണ്ണൂറു വയസ്സായി ഒരു കിടക്കയിൽ കിടന്ന് സ്വഭാവികമായി മരിക്കുന്ന ചിത്രമായിരിക്കും. പക്ഷേ മരണമെന്നത് ആർക്കും എപ്പോൾ വേണമെങ്കിലും സംഭവിക്കാവുന്ന ഒന്നാണ്. നമ്മൾ വാഹനത്തിൽ സഞ്ചരിക്കുമ്പോൾ ഒരു ആക്സിഡന്റ് സംഭവിച്ചാൽ (അത് നമ്മുടെ ഭാഗത്തുള്ള തെറ്റുകൊണ്ട് അല്ലെങ്കിൽ കൂടിയും) ഈ നമ്മളും മരിക്കും. നമ്മൾ മാത്രമല്ല, നമ്മൾ ദിവസവും കാണുന്ന അച്ഛനമ്മമാർ, സഹോദരങ്ങൾ, കൂട്ടുകാർ തുടങ്ങിയവരെല്ലാം നമ്മിൽ നിന്ന് പറിച്ചെടുത്തുകൊണ്ടുപോകാൻ കെല്പ്പുള്ള ഒന്നാണ് മരണം. അതിന് സ്ഥലകാല ആൾവ്യത്യാസങ്ങളില്ല. അതുകൊണ്ടുതന്നെ മരണത്തെക്കുറിച്ചുള്ള നമ്മുടെ ഭീതി നിറഞ്ഞ ചിന്തകൾ നമ്മുടെ ജീവിതത്തിന്റെ അന്ത്യം എന്നതിൽ മാത്രം ഒതുങ്ങുന്നില്ല. നമുക്ക് അടുത്തുള്ളവർ മരണമടഞ്ഞാൽ ഉണ്ടാകുന്ന മുറിവുകൾ കാലത്തിനുപോലും മായ്ക്കാൻ പറ്റാത്തതാണ്. നമ്മളിൽ നിന്ന് വേർപ്പെട്ടുപോയവർ ഉണ്ടാക്കുന്ന വിടവ് മറ്റൊരാൾക്കും നികത്താൻ പറ്റാത്തതാണ്.

മരണം എല്ലാ സുഖങ്ങളെയും മുറിച്ചുകളയുന്നതാണ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സ്വന്തം മരണം മാത്രമല്ല.

'മരണത്തെയോർത്ത് ജീവിക്കുക' എന്ന വാക്യം പലയിടത്തും വായിച്ചിട്ടുണ്ട്. അതുപോലെ "ഇടക്കൊക്കെയൊന്ന് മരണവീടുകളിൽ പോയാലേ മനുഷ്യന് ജീവിതത്തെക്കുറിച്ചൊരു ബോധമുണ്ടാവൂ" എന്ന് കുടുംബത്തിലെ മുതിർന്നവർ പറഞ്ഞുകേട്ടിട്ടുണ്ട്. മരണത്തെക്കുറിച്ചുള്ള ചിന്തകൾ നമ്മുടെ ജീവിതത്തോടുള്ള മൃദുസമീപനത്തെ മാറ്റിയേക്കാം. മരണം എന്നൊരു ഡേഞ്ചർ എല്ലാ കോണുകളിലുമുണ്ടെന്നത് ഒരു വസ്തുതയാണ്. "അങ്ങനെയൊക്കെ നോക്കുവാണേൽ മനുഷ്യന് അതിനേ സമയമുണ്ടാവുള്ളൂ" എന്നഭിപ്രായപ്പെടുന്നവരും കുറവല്ല. ഒരു വശത്ത് ജീവിതത്തിൽ ശുഭാപ്തിവിശ്വാസം വേണം എന്നു പറയുമ്പോൾത്തന്നെ മറുവശത്ത് സദാസമയം മരണത്തെ ഓർത്തു ജീവിക്കുക എന്ന് പറയുന്നത് എത്ര വൈരുദ്ധ്യം നിറഞ്ഞതാണ്.

മരണത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കുമ്പോൾ ആദ്യമുണ്ടായിരുന്ന കൗതുകം പാടേ ഇല്ലാതാവുന്നു. ഭയം എന്ന വികാരം അതിനെയെല്ലാം മറയ്ക്കാൻ മാത്രം വലുതാണ്. ജീവിതത്തിൽ ഒരുപാട് ഭീതികളുമായി ജീവിക്കുന്നവരാണ് നമ്മൾ. നല്ല മാർക്ക് കിട്ടുമോ? പഠിത്തം കഴിഞ്ഞാൽ നല്ലൊരു ജോലി കിട്ടുമോ? സുന്ദരിയായൊരു ഭാര്യയെ കല്യാണം കഴിക്കാൻ പറ്റുമോ? കല്യാണം കഴിഞ്ഞാൽ അവളെന്നെ ഒഴിവാക്കി പോകുമോ? എന്നിങ്ങനെയുള്ള ഒരുപാട് ഭീതികൾ. ജീവിതം എന്ന ഓട്ടപ്പാച്ചിലിൽ കടന്നുവരുന്ന ഇത്തരം ഭീതികൾ മരണം എന്ന യാഥാർത്ഥ്യത്തിനു മുന്നിൽ എത്ര ബലഹീനമാണ്.

മരണത്തെക്കുറിച്ചിങ്ങനെ ഒരുപാട് ചിന്തിച്ചുകൂട്ടിയ എനിക്ക് അതിനൊരു നിർവ്വചനം നൽകാൻ സാധിച്ചില്ല. മരണത്തെയോർത്തുകൊണ്ടും അതിനെ ഭയപ്പെട്ടുകൊണ്ടും ജീവിക്കണോ? അതോ അതിനെ പാടേ മറന്നുകൊണ്ടൊരു ജീവിതം നയിക്കണോ? എന്നെനിക്കറിയില്ല. ഒരു കാര്യം മാത്രം എനിക്കറിയാം. മരണത്തെക്കുറിച്ച് എപ്പോൾ ഓർത്താലും എന്റെ മനസ്സിൽ പെട്ടെന്നുണ്ടാവുന്ന എന്നെ ഒരുപാട് അസ്വസ്ഥനാക്കുന്നൊരു ഭയമുണ്ട്. അത് സത്യമാണ്. എനിക്കുമുന്നിലുള്ള പേപ്പറിൽ മരണത്തെക്കുറിച്ചുള്ള എന്റെ ആദ്യവാക്യം കുറിച്ചു.

Death frightens me

മരണം എന്നെ ഭയപ്പെടുത്തുന്നു.



**SHIFA SHERIN**
*IInd Sem. BSC. Psychology*




# പിഴച്ചവൾ

വെളിച്ചം അസഹനീയമാണ്, ഇരുട്ട് ഭയാനകവും. എന്റെ മിഴികളെ ചുറ്റുവട്ടങ്ങളിലേക്ക് തുറന്നു വിടാൻ ഞാൻ ഭയക്കുന്നു. ഇന്ന് എന്റെ ശബ്ദം പുറത്തുവരാതായിരിക്കുന്നു. കൈകാലുകൾക്ക് ബലം നഷ്ടമായിരിക്കുന്നു. എന്റെ തൂലികപോലും ഇന്നെന്നോട് കൂട്ടുകൂടാതായിരിക്കുന്നു. കാതുകൾ പലതും കേൾക്കാതെ പോവുകയാണോ? അതോ ഞാൻ ബധിരനാണോ? ജീവനുള്ള മാംസപിണ്ഡം മാത്രമായ ഞാൻ എന്തിനെന്റെ കണ്ണുകളെ ഈ സമൂഹത്തിലേക്ക് തുറന്നുവിടണം... എന്തുകൊണ്ട് ഇന്നെനിക്കിങ്ങനൊരവസ്ഥ വന്നു. എന്തേ ആ പാവം പെണ്ണിന് വേണ്ടി എന്റെ ചുണ്ടുകൾ പോലും ചലിക്കാതെ വന്നു. അവൾക്ക് എന്ത് സംഭവിച്ചിട്ടുണ്ടാവും?

എന്തേ, തന്റെയീ ഡയറിക്കുറിപ്പിൽ വിടരുന്ന ഓരോ വാക്കിനും ഇത്ര മൂർച്ചയേറിയതെന്നവൻ ഓർത്തു. തന്റെ മനസ്സ് തന്നോടു തന്നെ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുന്നു. എവിടെ വിരാമവും അർദ്ധവിരാമവും ഇടണമെന്നറിയാതെ അവന്റെ തൂലിക ആ പേജിലൂടെ പാഞ്ഞുകൊണ്ടേയിരുന്നു. സ്വന്തം മനസ്സിൽ തോന്നുന്ന വികാരമെന്തെന്നുപോലും അവന് തിരിച്ചറിയാൻ സാധിക്കുന്നില്ല. അസ്വസ്ഥമായ തന്റെ മനസ്സുമായ് അവൻ ഉറങ്ങാൻ കിടന്നു ഒരു പോള കണ്ണടക്കാൻ കഴിയുന്നില്ല.

ഇരുട്ടിൽ തെളിയുന്നത് ആ പെൺകുട്ടിയുടെ നിഷ്ക്കളങ്കമായ മുഖമായിരുന്നു. എന്നാൽ കണ്ണുതുറന്നു കിടന്നാലോ പൊട്ടിയ ഓടിനിടയിലൂടെ തന്നെ സ്പർശിക്കുന്ന നിലാവിന് പോലും പരിഹാസവും വികൃതവുമായ വികാരം. തനിക്കെങ്ങനെ ഈ അവസ്ഥ വരാതിരിക്കും, അത്രക്ക് തരംതാഴ്ന്നവനായിപ്പോയില്ലേ താൻ. പേര് കേട്ട സാമൂഹ്യപ്രവർത്തകനാണ്. വിദ്യാഭ്യാസയോഗ്യതയാണെങ്കിൽ, ഡോക്ടറേറ്റും നേടിയിരിക്കുന്നു. പലപ്പോഴും സ്വന്തം നേട്ടങ്ങളെക്കുറിച്ചും പദവികളെക്കുറിച്ചും സ്ഥാനമാനങ്ങളെക്കുറിച്ചും അഭിമാനം കൊണ്ടിട്ടുണ്ട്. എന്നാൽ ഇന്ന് ?

രാവിലെ പ്രാതലും കഴിച്ച്, താൻ ഉദ്ഘാടകനായി ക്ഷണിക്കപ്പെട്ട ചടങ്ങിലേക്ക് പോകും വഴിയായിരുന്നല്ലോ അത് സംഭവിച്ചത്. നേരം അൽപ്പം വൈകിയതിനാൽ നല്ല സ്പീഡിൽ തന്നെയാണ് ഡ്രൈവ് ചെയ്തിരുന്നത്. വരും വഴി, ഒരു പെൺകുട്ടി തനിച്ച് ബസ് സ്റ്റോപ്പിൽ നിൽക്കുന്നത് കണ്ടു. അവൾ വല്ലാതെ വിഷമിച്ചിരിക്കുന്നു. ആരുമില്ലാത്ത ആ സ്ഥലത്ത് അവൾ ഒറ്റക്ക് നിൽക്കുന്നത് കണ്ടപ്പോൾ തന്നെ മനസ്സിൽ ഒരു ചെറുമിന്നൽ വീണുവെങ്കിലും തന്റെ തിരക്കിനിടയിൽ അതിനെക്കുറിച്ച് അധികം ചിന്തകൾക്ക് വക കൊടുക്കാതെ താൻ തന്റെ യാത്ര തുടരുകയായിരുന്നു. വെറുതെ വണ്ടിയുടെ കണ്ണാടിയിലൂടെ അവളെ നോക്കിയപ്പോൾ കണ്ട ഞെട്ടിക്കുന്ന കാഴ്ച്ച.ഏതൊക്കെയോ ചില കശ്മലന്മാർ ചേർന്ന് അവളുടെ പവിത്രതയെ പിച്ചിച്ചീന്തുന്നു. വലിച്ചിഴക്കുന്നു. കാഴ്ച്ച അതിക്രൂരം തന്നെ. പക്ഷെ, എന്തു ചെയ്യാൻ? ഉദ്ഘാടകനായി തന്നെയും കാത്തു നിൽക്കുന്നവരോടുള്ള തന്റെ മര്യാദ നിറവേറ്റണമല്ലോ എന്നൊരു ചിന്ത മാത്രമായിരുന്നു മനസ്സുനിറയെ. അതിനിടയിൽ ആ പെണ്ണിനെ ക്കുറിച്ച് ചിന്തിക്കാനോ, അവളെ സംരക്ഷിക്കാനോ തനിക്ക് നേരമില്ലാതെ പോയി. ഉദ്ഘാടനച്ചടങ്ങിന് ശേഷം തന്നെയും കാത്തിരുന്ന മാധ്യമപ്രവർത്തകർക്കിടയിലേക്ക് ഇറങ്ങിച്ചെന്നു. അവരുടെ ഓരോ ചോദ്യങ്ങൾക്കും വളരെ വ്യക്തമായി മറുപടിയും നൽകി. അതിനിടയിലാണ് ഒരു മാധ്യമപ്രവർത്തകയുടെ ചോദ്യം തന്റെ ചെവിയിലേക്ക് തുളച്ച് കയറിയത് "ഒരു സാമൂഹ്യ പ്രവർത്തകൻ എന്ന നിലയിൽ സ്ത്രീകളുടെ സംരക്ഷണത്തിനും ഉന്നമനത്തിനുമായി താങ്കൾ എന്താണ് ചെയ്യാൻ ആഗ്രഹിക്കുന്നത്."? ആ ചോദ്യം മനപ്പൂർവ്വം കേട്ടില്ലെന്ന് വരുത്തി അവിടെ നിന്നും രക്ഷപ്പെടുകയായിരുന്നു. സോഷ്യൽ മീഡിയ തുറന്ന് നോക്കിയപ്പോൾ 'പിഴച്ചവൾ' എന്നൊരു തലക്കെട്ടിൽ ഒരു പെൺകുട്ടിയുടെ ചിത്രം. ആ ചിത്രത്തിന് താൻ കണ്ട പെൺകുട്ടിയുടെ മുഖവുമായി ഏറെ സാദൃശ്യങ്ങൾ ഉണ്ടായിരുന്നു.

ഇപ്പോൾ ഈ രാത്രിയുടെ നിശബ്ദത പോലും തന്നെ വല്ലാതെ ക്രൂശിക്കുന്നു. തന്റെ കൺമുന്നിൽ നടന്ന ആ അതിക്രമത്തിനെതിരെ ഒരു ചെറുവിരൽ പോലും താൻ ചലിപ്പിച്ചില്ല. തന്റെ പ്രതികരണശേഷിക്ക് ബാധിച്ച ക്ഷയം തന്റെ മനസ്സാക്ഷിയെപ്പോലും മരവിപ്പിച്ചിരിക്കുന്നു. മനുഷ്യമൃഗങ്ങളാൽ കവർന്നെടുക്കപ്പെട്ട ആ സ്ത്രീത്വം നാളെയുടെ മഞ്ഞപത്രങ്ങളിലെ ഞെരിപിരികൊള്ളുന്ന വാർത്തയാവാം. അവളിപ്പോൾ ഒരു മുഴം കയറിന്റെ അറ്റത്ത് എല്ലാം അവസാനിപ്പിച്ചിരിക്കാം. അതുമല്ലെങ്കിൽ അവർ തന്നെ അവളുടെ ജീവൻ... ചിന്തകളാൽ തന്റെ മനസ്സ് കത്തിയമരുകയാണ്. രണ്ട് പതിറ്റാണ്ടുകൾ കൊണ്ട് താൻ നേടിയെടുത്ത വിദ്യയും പദവിയും എല്ലാം നിഷ്ഫലമാവുന്നത് മനസ്സറിയുന്നുണ്ടായിരുന്നു. സ്വയം കുറ്റപ്പെടുത്തലും പഴികളുമായി ആ രാത്രിയകന്ന് പകലായെങ്കിലും അയാളുടെ മനസ്സിലെ ഇരുട്ടിന് ഗാഢത ഏറിക്കൊണ്ടേയിരുന്നു.



**SHAMEEMA C.T.**
*IVth Sem. B.A. English*



# ഓർമ്മപ്പൂവ്

എന്റെ ഓർമ്മകൾക്കായ് ഞാൻ
തീർക്കുമൊരു ചിത
വിടരാത്ത പുഷ്പം പോൽ
തളർന്നുറങ്ങുമെന്നോർമ്മകൾ.
നിലാവിനെ കാണാൻ കൊതി-
ച്ചെന്നോർമ്മകൾ
പുഞ്ചിരിക്കാനായ് നിനച്ചുവോ?
ഞാനൊരുക്കും ചിതയിൽ
ചാർത്തുവാൻ
എന്നോർമ്മതൻ കണ്ണീർ -
ക്കണങ്ങളെ സ്നേഹനൂലിലൊരു
ഹാരമായ് കൊരുക്കും ഞാൻ
ഉള്ളിലൊരു തേങ്ങലായ്
ഒരു നൊമ്പരപ്പൂവായ്...



**SHIJI K.S**
*IV^th Sem.B.A English*

## തൊടിയിലെ മുക്കുറ്റിപ്പൂവിന്റെ
# പ്രണയ ഓർമ്മ...



ഓർമ്മകളിൽ തളിരിട്ടൊരു
പ്രണയം.
നൊമ്പരങ്ങൾ,
സാക്ഷാത്ക്കാരങ്ങളും.
ഓർമ്മകളിൽ നിന്നകലുന്ന
നേരംകൊല്ലി പ്രണയങ്ങൾ.
ഓർമ്മകളിൽ മായാതെ നിൽക്കും
ഹൃദ്യമാം പ്രണയങ്ങൾ.
ഓർമ്മകളിൽ മാത്രമുള്ള
സ്വപ്നപ്രണയങ്ങൾ
അങ്ങനെയങ്ങനെ പ്രണയത്തിന്-
പലമുഖങ്ങളത്രെ.
പ്രണയമാം വസന്തത്തിൽ ഒരു വട്ടമെങ്കിലും
വിരിയാത്ത പൂക്കളില്ല.
ഒരു മുക്കുറ്റിപ്പൂവിന്റെ ഓർമ്മയിൽ വിരിഞ്ഞ
മങ്ങി മഞ്ഞളിച്ച പ്രണയസ്മരണകൾ,
അതിർവരമ്പില്ലാത്ത
കാലത്തിൻ വാടിയിൽ
അറിയാതെ പൂക്കുന്നു....!



# 05

# അതിർവരമ്പുകൾ

"... യുഗങ്ങൾ നമ്മുടെ കൽച്ചുവരുകളിൽ കോറിയിട്ട
സംസ്ക്കാരങ്ങൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ...
എല്ലാത്തിലും തളംകെട്ടി നിന്നിരുന്ന ഭയം...
പ്രകൃതിപ്രതിഭാസങ്ങളെ
വിസ്മയത്തോടെ നോക്കി നിന്ന
നമ്മുടെ പൂർവ്വികർ...
രാവും, പകലും, സൂര്യനും, ചന്ദ്രനുമെല്ലാം
അവർക്കു മുന്നിൽ
ഉത്തരം കിട്ടാത്ത സമസ്യകളായിരുന്നു...
തനിക്കറിയാത്ത പലതിനെയും,
ഭയപ്പെടുത്തുന്ന എന്തിനെയും
അവർ ദൈവമായി കരുതി ആരാധിച്ചു.
മലകളും, പുഴകളും, കാടും, മേടും
ആരാധനാലയങ്ങളായി മാറി.
പ്രകൃതിക്ഷോഭങ്ങൾ, കാലാവസ്ഥവ്യതിയാനങ്ങൾ എല്ലാം
ദൈവകോപമായി കണക്കാക്കപ്പെട്ടു.
മനുഷ്യനെന്ന അത്ഭുതം പ്രകൃതിയോട് പടവെട്ടി
അവന്റെ ചിന്തകളും അധ്വാനവും കൊണ്ട്
കെട്ടിപ്പടുത്തതാണീ ലോകം...
ധൈഷണികമായ പുരോഗതിയിലൂടെ
തന്റെ ചുറ്റുപാടുമുള്ള ചോദ്യങ്ങൾക്ക്
ഉത്തരം കണ്ടെത്താൻ അവന് കഴിഞ്ഞു.
പക്ഷേ,
പൗരാണിക സമൂഹത്തിൽ നിന്ന്
ആധുനിക സമൂഹത്തിൽ എത്തി നിൽക്കുമ്പോൾ
വിശ്വാസങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമിടയിൽ
നമ്മൾ വരച്ച അതിർവരമ്പുകൾക്ക്
എന്ത് സംഭവിച്ചു ? "

തുടരും...

# ഇനി അൽപ്പം പനമ്പുരാണം....



ശാഖകളോ ശിഖരങ്ങളോ ഇല്ലാതെ കരുത്തുറ്റ ഉടലോടെ ആകാശങ്ങളിലേക്ക് തലയുയർത്തി നിൽക്കുന്ന കരിമ്പന കൾക്ക് കഥകളേറെ പറയാനുണ്ട്. കേരളീയ ജീവിതത്തിൽ ഒരു കാലഘട്ടം വരെ ആഴത്തിൽ സ്വാധീനം ചെലുത്തിയി രുന്നു കരിമ്പനകൾ. ആരു നിറഞ്ഞ, കറുത്തിരുണ്ട ഗാഢശ രീരവും കാറ്റിനെ ആകർഷിച്ചു വലയത്തിലാക്കി നിർത്തുന്ന കരിമ്പനപ്പട്ടകളും കേരളത്തിന്റെ ഋതുഭേദങ്ങളെ പല തരത്തി ലുള്ള ദാനങ്ങൾ കൊണ്ട് കനിഞ്ഞിരുന്നു. പതിറ്റാണ്ടുകൾ നീണ്ട ആയുസ്സും കരിമ്പനയുടെ പ്രത്യേകതയായിരുന്നു. കേരളത്തിൽ പ്രത്യേകിച്ച് പാലക്കാട് ജില്ലയുടെ വെളിമ്പറമ്പു കളിലും, പറമ്പുകളിലും, പള്ളിയാലുകളുടെ ഓരങ്ങളിലും ഒറ്റയ്ക്കും കൂട്ടമായും നിന്നിരുന്ന അവ കഥകളും കനിവു കളും കൊണ്ട് ഒരു ജനതയുടെ ജീവിതത്തെ സ്വാധീനിച്ചു വന്നു.

**കരിമ്പനകളുടെ ആരാധകൻ**

കരിമ്പനകളെ അത്ഭുതത്തോടെയും ആരാധനയോടെയും നോക്കിനിന്ന എഴുത്തുകാരനായിരുന്നു 'ഖസാക്കിന്റെ ഇതിഹാസകാരനായ' ഒ.വി. വിജയൻ. പാലക്കാട് ജില്ലയിലെ തന്നെ ചാത്തന്നൂർ സ്വദേശിയായ അദ്ദേഹത്തെ കരിമ്പനക ളുടെ ആകാരവും രൂപഭാവങ്ങളും ഏറെ ആകർഷിച്ചിരുന്നു. ഏറെയധികം കാലം കരിമ്പനകളുടെ കാറ്റേറ്റു ജീവിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും വിജയനിൽ ആഴത്തിലുള്ള ചിന്തകൾക്ക് കരിമ്പനകളുമായുള്ള അദ്ദേഹത്തിന്റെ അപൂർവ്വബന്ധം കാരണമായിട്ടുണ്ട്. സഹോദരി ശാന്തയോടൊപ്പം തസ്റാ ക്കിൽ താമസിച്ച ഏതാനും മാസങ്ങളിൽ തസ്രാക്കിലേയും കിണാശ്ശേരിയിലെയും പാടങ്ങളുടെയും തൊടികളുടെയും അതിരിട്ടു നിരനിരയായി നിന്നിരുന്ന കരിമ്പനകൾക്കു താഴെ പോക്കുവെയിലിന്റെ അനുഭൂതി നുകർന്ന് വിജയനെ നിത്യേ നയെന്ന പോലെ തസ്രാക്കുകാരിൽ പലരും കണ്ടിരുന്നു. പ ടിഞ്ഞാറ് സൂര്യനസ്തമിക്കുമ്പോൾ കരിമ്പനകളിലേക്ക് പ ടരുന്ന ആദിമമായ ഇരുട്ട് വിജയന്റെ ഒരു ദാർശനിക ബിംബ മായിക്കഴിഞ്ഞിരുന്നു. തസ്രാക്കിന്റെ അതിരുകളിൽ നിരന്നു നിന്ന കരിമ്പനകൾ നോവലിസ്റ്റിന്റെ മനസ്സിൽ പല ഭാവങ്ങ ളാർജ്ജിച്ചു. ചിലപ്പോഴവ ഖസാക്കിന്റെ കാവൽക്കാരായും മറ്റു ചിലപ്പോൾ ശൈഖ് മിയാൻ തങ്ങളുടെ കുതിരപ്പടയുടെ പുനർജന്മങ്ങളായും ഇതിഹാസകാരൻ ഭാവന ചെയ്തു. ഖസാക്കിന്റെ വെളിമ്പറമ്പുകളിൽ നിന്ന കരിമ്പനകളിൽ കാറ്റ ടിക്കുമ്പോൾ കഥാപാത്രങ്ങൾ കേട്ടത് ശൈഖ് മിയാൻ തങ്ങ ളുടെ കുതിരപ്പടയുടെ കുളമ്പടി ശബ്ദങ്ങളായിരുന്നു.

**വിശ്വാസങ്ങൾ മിത്തുകൾ**

കരിമ്പനകൾ ചില പ്രത്യേക വിശ്വാസങ്ങളിലേയും സങ്കൽപ്പങ്ങ ളിലേയും കഥാപാത്രങ്ങളായിരുന്നു. ദുരാത്മാക്കളുടെയും ദുഷ്ട ശക്തികളുടെയും വാസസ്ഥാനമാണ് കരിമ്പനക്കാടുകളെന്ന് വിശ്വ സിച്ചിരുന്നു കേരളീയർ. യക്ഷികൾ, ഗന്ധർവന്മാർ, പ്രേതങ്ങൾ എന്നിവയൊക്കെ കരിമ്പനകളുടെ ശിരസ്സിൽ വസിക്കുന്നതായും വഴിതെറ്റിയെത്തുന്ന വഴിപോക്കരെ തടഞ്ഞു നിർത്തി അവരെ കൊന്ന് ചോര കുടിക്കുന്നതായും പഴയ തലമുറയിൽപ്പെട്ട പ ലരും വിശ്വസിച്ചിരുന്നു. നാട്ടുവഴികളിലൂടെ നട്ടുച്ചക്കു നടന്നു പോവുന്ന കാൽനട യാത്രക്കാർ കരിമ്പനക്കൂട്ടങ്ങളുടെ അടു ത്തെത്തുമ്പോൾ നടത്തത്തിന് വേഗത കൂട്ടിയിരുന്നത് അതു കൊണ്ടാണ്. നട്ടുച്ചകളിൽ കരിമ്പനത്തലപ്പുകളിൽ കാറ്റടിക്കു മ്പോഴുണ്ടാവുന്ന ശബ്ദത്തെ ഗ്രാമീണബാല്യങ്ങൾ ഭയപ്പെട്ടു. പിശാചുക്കളുടെ ആരവമായാണ് അവരതിനെ കണ്ടത്.

ചാത്തൻ, മറുത, കരിങ്കുട്ടി തുടങ്ങിയ കീഴാളദൈവസങ്കൽപ്പ ങ്ങൾക്ക് കരിമ്പനകളുമായി ബന്ധമുണ്ട്. കരിമ്പനകൾക്ക് കീഴിൽ നാട്ടി വയ്ക്കുന്ന കല്ലുകളിലാണ് ഇവയെ ആവാഹിച്ചി രുത്തിയതെന്നാണ് പഴമക്കാർ പറയുന്നത്. ചില മൂപ്പെത്തിയ മുതുമുത്തൻ കരിമ്പനകളെ ഗ്രാമീണർ വിശ്വാസത്തോടെ നോക്കിയിരുന്നു. അവക്കു കീഴെ വിളക്ക് കത്തിക്കുകയും തിരി വക്കുകയും കോഴിവെട്ടുകയും ചെയ്തുവന്നു. പാലക്കാട്ടെ പ ഴയ ഉൾനാടൻ ഗ്രാമീണരിലെ കീഴാളർ ദേശത്തിന്റെ കാവൽക്കാ രായി മൂപ്പേറിയ കരിമ്പനകളെ കരുതിയിരുന്നു. കരിമ്പനകളു മായി ബന്ധപ്പെട്ട വിശ്വാസ–ഐതിഹ്യങ്ങൾ എമ്പാടും പഴയ കാലത്ത് നില നിന്നിരുന്നു.

ഇന്നിപ്പോൾ കരിമ്പനകളെ കണ്ടുകിട്ടാൻ തന്നെ പ്രയാസ പ്പെടേണ്ടി വരുന്നു. അവിടവിടങ്ങളിലായി കരിമ്പനക്കൂട്ടങ്ങൾ ശേഷിക്കുന്നുണ്ട്. അവയും പതുക്കെപ്പതുക്കെ കാഴ്ച്ചയിൽ നിന്ന് മായുന്നു. പാടങ്ങൾക്കും, പറമ്പുകൾക്കും, പള്ളിയാലു കൾക്കും അതിരിട്ടു നിന്നിരുന്ന, ഗ്രാമാതിർത്തികളുടെയും ഗ്രാമീണജീവിതത്തിന്റെയും കാവൽക്കാരായി തലയുയർത്തി നിന്നിരുന്ന കരിമ്പനകൾ നമ്മുടെ ഗൃഹാതുരസ്മൃതികളിലേക്ക് പിൻവാങ്ങുകയാണ്.

# വീണ്ടും ഇതൾ വിരിയുമ്പോൾ...



**KAMARUL JAMAL**
*IV[th] Sem.BCA*

തിരക്കിട്ട് ഹോസ്പിറ്റലിലേക്ക് പോകാൻ ഒരുങ്ങുമ്പോഴും പതിവുപോലെ റോസാപ്പൂ തലയിൽ ചൂടാൻ മറന്നില്ല. അൽപ്പം തിരക്കാണേലും മാമോഗ്രാം ചെയ്തു. ഡോക്ടറെ കണ്ടു വിദഗ്ദ്ധ പരിശോധനയ്ക്കായി ഒരു ബായോപ്സിയും ഡോക്ടർ കുറിച്ചു. അതെ... ഒടുവിൽ റിസൾട്ട് വന്നു. സ്തനാർബുദം.

റിസൾട്ടിന്റെ കറുപ്പ് മഷിയണിഞ്ഞ ആ പേപ്പർ തുണ്ടിനെ ചുരുട്ടാനാണ് അവൾക്കപ്പോൾ തോന്നിയത്. തിരിച്ചു ഹോസ്പിറ്റൽപടികൾ താണ്ടുമ്പോൾ അവളത് ശ്രദ്ധിച്ചു. തന്റെ തലയിൽ ചൂടിയ റോസാപ്പൂ ആരുടൊക്കെയോ ചവിട്ടേറ്റ്, ഇതളറ്റ് കിടക്കുന്നു. സങ്കടം കൊണ്ടോ എന്തോ... അവളും അതിൽ ചവിട്ടി മുന്നോട്ടു നീങ്ങി.

വീട്ടിൽ എന്തു പറയും...? നിശ്ചയിച്ച കല്ല്യാണം അടുത്തു കൊണ്ടിരിക്കുന്നു. വീട്ടിൽ പറഞ്ഞില്ല... രാത്രി വൈകിവന്ന ഭാവിവരന്റെ കോൾ അവൾ അറ്റന്റു ചെയ്തു. പതിവില്ലാത്ത നിശബ്ദതയുടെ കാരണം അവൻ ആരാഞ്ഞു. അവളൊന്നും മൂടിവെച്ചില്ല... തുറന്നു പറഞ്ഞു... അർബുദഞണ്ടുകൾ ഇറുക്കിത്തുടങ്ങിയ തന്റെ മാറിടങ്ങളിലൊന്ന് മുറിച്ചു മാറ്റണം. ഇരു വശത്തും ഒരു നീണ്ട നിശബ്ദത. വിളിയ്ക്കാം എന്നു പറഞ്ഞവൻ ഫോൺ കട്ട് ചെയ്തു. വിളിച്ചില്ല.. ഇനി വിളിക്കുകയുമില്ല...

ദിവസങ്ങൾ കൊഴിഞ്ഞുപോയി. തനിച്ചായ ഒരു ദിവസം കരുതിവെച്ച വിഷക്കുപ്പിയുടെ വാ തുറന്നു. കണ്ണീരിന്റെ ഉപ്പുരസം ചുണ്ടുകളിലേക്ക് ചാലിട്ടൊഴുകി. അപ്പോഴാണ് ഉണങ്ങിത്തുടങ്ങിയ തന്റെ റോസാപ്പൂ ചെടിയെ അവൾ കണ്ടത്. താനും ആ ചുവന്ന പൂവും ഇന്ന് ഒരുപോലെ... ഒരു നിമിഷം അവൾ ചിന്തിക്കാതിരുന്നില്ല. കുപ്പിയുടെ വാ മുറുക്കി അടച്ചു. ഇനിയത് തുറക്കേണ്ടതില്ല. ഒരു കപ്പ് വെള്ളമവൾ ദാഹം തീർക്കാൻ ആ റോസിന് നൽകി... ആർത്തിയോടെ മുഴുവനത് വലിച്ചുകുടിച്ചു. ശോഷിച്ച ഉണങ്ങിയ റോസിനെ അവൾ ദൂരേക്ക് വലിച്ചെറിഞ്ഞു.

ഓപ്പറേഷൻ തിയേറ്ററിന്റെ വാതിൽ പിന്നിട്ടപ്പോൾ ഇടതു ഭാഗത്തെ ഭാരം കുറഞ്ഞിരുന്നു. അവിടെ ശേഷിക്കുന്നതിപ്പോൾ കുറച്ച് നീറ്റലും പുകച്ചിലും. കീമോയുടെ വീര്യം ശരീരത്തെ തളർത്തിത്തുടങ്ങി. തലയിലെ ഇതളുകളെ അവ കൊഴിപ്പിച്ചു കളയുമ്പോൾ ഓർത്തുപോയത് ഇതളറ്റു കിടന്ന തന്റെ പനിനീർ പൂവിനെയാണ്. റോസിന് വീണ്ടും പച്ചപ്പ് വന്നു തുടങ്ങിയിരിക്കുന്നു. ഇനിയതിനല്പം വളമിടണം. കീമോയുടെ വീര്യത്തെ ശരീരം മറികടന്നപ്പോൾ റേഡിയേഷൻ...

മാസങ്ങൾ ദിവസങ്ങളെ പോലെ കടന്നുപോയി. പനിനീർ ചെടി വീണ്ടും മൊട്ടിട്ടു. അതിന്റെ ഇതളുകൾ വീണ്ടും ചുവന്നു തുടിക്കാൻ തുടങ്ങി. തലയിലെ കറുത്ത ഇതളുകളിലേക്ക് അവൾ കൈ പായിച്ചു. അവയും തളിർത്തിരിക്കുന്നു...

തിരക്കിട്ട മറ്റൊരു ദിനം പനിനീരിനെ തലയിൽ ചൂടാതെ അവൾ വേഗത്തിൽ നടന്നു നീങ്ങി .





**AMBILI. MP**
*IV[th] Sem. BSC. Maths*



# സാക്ഷി

പുതിയ ജീവിതക്കാഴ്ചകൾക്കായെന്റെ
ജാലകവാതിൽ മെല്ലെ തുറന്നു ഞാൻ.
ഒരു പ്രതീക്ഷയൊരു പുലർവേളയിൽ
മിഴിതുറന്നു പിറന്നു വീഴുന്നതും
അർക്കരശ്മി തൻ കൈയ്യിൽ പിടിച്ചുകൊ-
ണ്ടൂഴിയിൽ മെല്ലെ പിച്ചവെയ്ക്കുന്നതും
കിനാവുകാണെ ചിറകുമുളപ്പതും
മോഹവേഗത്തിൽ വാനിലുയർന്നതും
നെഞ്ചിലഗ്നിത്തിളപ്പുമായ് മധ്യാഹ്ന-
മാളിയാളിപ്പടർന്നു കത്തുന്നതും.
തിക്ഷ്ണമാംമഗ്നി ജ്വാലപ്രതീക്ഷതൻ
ചിറകുതിന്നു വിശപ്പടക്കുന്നതും
ജ്വാലയെല്ലാമണഞ്ഞ ത്രിസന്ധ്യകൾ
ദുഃഖമോടെ പ്രതീക്ഷവെടിഞ്ഞതും
ഒടുവിലിരുളിൻ പ്രളയം പ്രതീക്ഷയെ
കടപുഴക്കിയലിച്ചു ചേർക്കുന്നതും
ഇരവെടുക്കാതെ പോയൊരാ ജീവനിൽ
മരണമില്ലാക്കിനാവുശേഷിപ്പതും
അക്കിനാവിന്റെ മൂർദ്ധന്യതയിൽ നിന്നൊരു
പുതിയ പ്രതീക്ഷ പൊട്ടിമുളപ്പതും
പഴയതൊക്കെയുമാവർത്തിക്കുന്നതും
സ്വപ്നമായ് ആ ജന്മം കഴിവതും
കണ്ടുകണ്ടെന്റെ കണ്ണുകഴച്ചുപോയ്
കണ്ണയക്കാൻ കഴിയുകില്ലിനി മേൽ
പതിവുജീവിതക്കാഴ്ചകൾ കണ്ടെന്റെ
ജാലകവാതിൽ മെല്ലെയടച്ചു ഞാൻ



# മനസ്സൊരു മായാലോകം

## ഹിപ്നോട്ടിസത്തിന്റെ നിഗൂഢതകളെ ചൂഴ്ന്ന് ഒരന്വേഷണം

ഹിപ്നോട്ടിസത്തെക്കുറിച്ച് കാലാകാലങ്ങളായി നിലനിന്നു വരുന്ന തെറ്റായ ധാരണകളും അനാവശ്യഭയവും അകറ്റി മാനവജീവിതത്തിൽ ഇതിന്റെ പ്രാധാന്യമെന്താണെന്ന് തുറന്നുകാട്ടുക എന്നത് വർത്തമാനകാലത്ത് സവിശേഷശ്രദ്ധ അർഹിക്കുന്ന ഒരു വസ്തുതയാണ്.

ഹിപ്നോട്ടിസം എന്ന് ഇംഗ്ലീഷിൽ പറയുന്ന ഈ വിദ്യയ്ക്ക് മലയാളത്തിൽ കൃത്രിമനിദ്രയെന്നോ മറ്റോ പറയാം. ഇതിനു തന്നെ **mesmerism** എന്നും പറയാറുണ്ട്. എങ്കിലും ഹിപ്നോട്ടിസമെന്ന പേരിനാണ് ഇവിടെ കൂടുതൽ പ്രചാരമുള്ളത്. ഈ വിദ്യ സാധാരണയായി എല്ലാ മായാജാല പ്രകടനങ്ങളിലും, മന്ത്രതന്ത്രങ്ങളിലും, കൺകെട്ടുവിദ്യകളിലും മറ്റും കാണാൻ കഴിയും. നമുക്കും അഭ്യസിക്കാമെന്നു വച്ചാൽ സാധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ അത്തരം പ്രദർശനങ്ങളെല്ലാം ഒരു പ്രത്യേക പരിശീലനം കൊണ്ടാണ് സാധിക്കുന്നത്. മന്ത്രവാദവും, മാട്ടും മാരണവും, ബാധയൊഴിക്കലുമെല്ലാം പേരുകൊണ്ട് വെവ്വേറെയാണെന്ന് തോന്നുമെങ്കിലും അവയുടെയെല്ലാം അടിസ്ഥാനമായി വർത്തിക്കുന്നത് മനോബലമാണ്. എല്ലാ നാടുകളിലുമുണ്ടാകും ഇത്തരം പ്രയോഗങ്ങൾ ആഫ്രിക്കയിൽ 'വൂഡൂ' (**woodoo**) എന്നറിയപ്പെടുന്ന ഒരു മാന്ത്രികരീതി ഉണ്ടെന്ന് ഡോക്ടർ സഞ്ജീവി 'എന്റെ ഓർമ്മക്കുറിപ്പുകൾ' എന്ന കൃതിയിൽ പറയുന്നുണ്ട്. 1963 ൽ ബ്രിട്ടീഷ് മെഡിക്കൽ ജേർണലിൽ 'വൂഡൂ' മന്ത്രത്തെ പറ്റി ഒരു കുറിപ്പ് പ്രസിദ്ധീകരിച്ചിരുന്നു.

### ഹിപ്നോട്ടിസം : ചരിത്രവും വർത്തമാനവും

ഗ്രഹങ്ങൾക്കും നക്ഷത്രങ്ങൾക്കും മറ്റും ആകർഷണശക്തിയുണ്ടെന്ന വിശ്വാസം സഹസ്രാബ്ദങ്ങൾക്ക് മുമ്പു തന്നെ വളരെ ശക്തമായി നിലനിന്നിരുന്നു. ആസ്ത്രേലിയക്കാരനായ ഡോക്ടർ ഫ്രെഡറിക് മെസ്മർ എന്ന വാനശാസ്ത്ര വിദഗ്ദ്ധൻ താൻ രോഗികളെ പരിശോധിക്കുമ്പോൾ തന്റെ കൈകളിൽ കാന്തികശക്തി ഉത്ഭവിക്കുന്ന തോന്നലുണ്ടായതായി പറയുന്നുണ്ട്. അതിനു ശേഷം അദ്ദേഹം തന്റെ കൈകൊണ്ട് തൊട്ട് പല രോഗികളേയും സുഖപ്പെടുത്തി. പിന്നീട് 1815 ൽ ഫ്രാൻസുകാരനായ ഡെലിയസ് എന്ന ഡോക്ടർ ഉദ്ബോധന (**suggestion**)ത്തിലൂടെ പല രോഗങ്ങളും സുഖപ്പെടുത്തിയിരുന്നു. പിന്നീട് അഫ്പാറിയ, കൂഡെറ്റ് എന്നീ ഡോക്ടർമാർ ഈ ജോലി തുടർന്നു വന്നു. കൂഡെറ്റ് എന്ന ഡോക്ടർ ഒരു രോഗിയെ മോഹനിദ്രയിൽ ആഴ്ത്തി പല്ല് പറിച്ചെടുത്ത് അയാളുടെ പല്ലുവേദനയ്ക്ക് ശമനമുണ്ടാക്കി. പിന്നീട് ഇന്ത്യയിലെ കൽക്കത്തയിൽ എസ്ഡെയിൽ എന്നൊരു ഡോക്ടർ ഈ ജോലി തുടർന്ന് വന്നു.

1843 ൽ സിഗ്മെണ്ട് ഫ്രോയ്ഡ് മാഞ്ചസ്റ്ററിൽ ഡോക്ടറായിരുന്ന കാലത്ത് ഈ വിദ്യയ്ക്ക് 'ഹിപ്നോട്ടിസം' എന്നു പേരിട്ടു. നോട്ടം കൊണ്ടും കൈകൊണ്ടും തൊട്ടുതടവൽ നടത്തിയും ഉദ്ബോധനങ്ങൾ കൊണ്ടും അദ്ദേഹം ഹിപ്നോട്ടിസം എന്ന വിദ്യ നിലനിർത്തി. പിന്നീട് മനശ്ശാസ്ത്രത്തിലേക്ക് ചുവടുമാറിയ ഫ്രോയ്ഡ് ഹിപ്നോട്ടിസത്തെ തള്ളിപ്പറഞ്ഞു. മന:ശാസ്ത്രത്തിന്റെ പ്രയോക്താവായി ഫ്രോയ്ഡ് വാഴ്ത്തപ്പെടുമ്പോഴും ഇദ്ദേഹത്തിന്റെ പല സിദ്ധാന്തങ്ങലും ചോദ്യം ചെയ്യപ്പെട്ടു. ലൈംഗികതയെ ഒരു പ്രധാനഘടകമായി കണ്ടതാണ് ഈ വിമർശനങ്ങൾക്കു കാരണം. ഇപ്പോൾ ഹിപ്നോട്ടിസം പല തുറകളിലും പല വിധത്തിലും പ്രയോജനപ്പെടുത്തി വരുന്നുണ്ട്.

### നിഗൂഢതകളിലേയ്ക്ക്

പുകൾപെറ്റ പല ഉന്നതകലകളുടേയും ജന്മഭൂമിയാണ് നമ്മുടെ പുണ്യപുരാതന ഭാരതം. ആ കലകളിൽ പലതും ഇന്ന് മരിച്ചു മൺമറഞ്ഞിരിക്കുന്നു. ഹിപ്നോട്ടിസമെന്ന വിദ്യയുടെ ജന്മഭൂമി ഭാരതമാണെന്ന് വിദേശികൾ പോലും സമ്മതിച്ചിരിക്കുന്നു. നമ്മുടെ നാട്ടിൽ ഉദയം കൊണ്ട്, നമ്മുടെ ചുറ്റുപാടിൽ തഴച്ചുവളർന്ന ഈ വിദ്യ പാശ്ചാത്ത്യർ എഴുതിയ പുസ്തകങ്ങൾ വായിച്ച് മനസ്സിലാക്കേണ്ട ഗതികേടിലാണ് നാമിന്നുള്ളത്.

തികച്ചും ശാസ്ത്രീയമായ ഈ വിദ്യ കൈകാര്യം ചെയ്യാൻ അമാനുഷികസിദ്ധികൾ വേണമെന്നൊക്കെ പലരും പറയാറുണ്ട്. ഇത് തികച്ചും തെറ്റാണ്. നിരന്തരമായ പരിശീലനത്തിലൂടെ മറ്റ് സങ്കീർണ്ണതകളൊന്നും കൂടാതെ ഈ വിദ്യ പഠിച്ചെടുക്കാം. വശീകരണത്തിനു വിധേയനാകുന്ന വ്യക്തിയുടെ മാനസികാവസ്ഥയെ നി

യന്ത്രിക്കുകയാണ് ഹിപ്നോട്ടിസത്തിൽ ചെയ്യുന്നത്.

**ആരോഗ്യമേഖലയിൽ**

'ഗുപ്തജ്ഞാനം' എന്ന സിനിമയിൽ ഒരു രംഗമുണ്ട്. ഒരു സ്ത്രീ തന്റെ ബാല്യകാലം തൊട്ടേ ചില അന്ധവിശ്വാസങ്ങൾ വച്ചു പുലർത്തിയിരുന്നു. ഗർഭം ധരിച്ചാൽ പ്രസവിക്കുന്ന കുഞ്ഞ് അമ്മിക്കുഴപോലെ, കരിങ്കല്ലുപോലെ വളരെ വിരൂപനായിരിയ്ക്കുമെന്നും ജനിയ്ക്കുമ്പോൾ തന്നെ മരണപ്പെടുമെന്നും അവൾ ഭയക്കുന്നു. സാധാരണയായി, സ്ത്രീകൾക്ക് പ്രസവവേദന തുടങ്ങിയ ഉടനെ ഗർഭപാത്രം വികസിക്കും. പക്ഷേ, ഈ സ്ത്രീയ്ക്ക് തന്റെ മനസ്സിലുള്ള ഭയം കാരണം ഗർഭപാത്രം വികസിയ്ക്കാതെ വന്നു. ഇത് പ്രസവം ആകെ സങ്കീർണ്ണമാക്കി. ഡോക്ടർമാർ അവളുടെ മനസ്സിൽ നിന്ന് പരിഭ്രമം നീക്കാൻ ആവശ്യമായ ഉദ്ബോധനം നടത്തുന്നു. പക്ഷേ അതുകൊണ്ടൊന്നും പ്രയോജനമുണ്ടായില്ല. അവസാനം ഞെട്ടൽ കൊണ്ട് പ്രസവിയ്ക്കാനായി പടക്കം പൊട്ടിക്കുകയും അതിന്റെ ശബ്ദം പതിൻമടങ്ങാക്കി അവളുടെ കാതിൽ എത്തിക്കുകയും ചെയ്യുന്നു. ഇത് സുഖപ്രസവത്തിലേക്ക് വഴി തെളിയുന്നു.

പ്രസവം ഉൾപ്പെടെ മനഃശക്തി നിർണ്ണായകഘടകമായി വർത്തിക്കുന്ന പല അവസരങ്ങളിലും ഹിപ്നോട്ടിസം സാഹചര്യങ്ങളെ ലഘൂകരിക്കാറുണ്ട്.



**ഡോ.അജു ജോർജ്ജ്**

**കേസന്വേഷണങ്ങളിൽ**

ഓരോരുത്തരുടേയും മനോദാർഢ്യം വ്യത്യസ്തമായിരിക്കും. ഇത് തിരിച്ചറിയാൻ ഒരു ഹിപ്നോട്ടിസ വിദഗ്ദ്ധന് സാധിയ്ക്കും ഉദാഹരണമായി 1963 ൽ അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ് കെന്നഡിയെ ഓസ്വാൾഡ് എന്ന ഒരു പാതകി വെടിവെച്ചു കൊന്നു. പക്ഷേ അമേരിക്കൻ പോലീസ് അവനെ വിസ്തരിക്കുന്നതിനു മുമ്പ് മറ്റൊരു കൊലയാളി അവനെയും വെടിവച്ചു കൊന്നു. അമേരിക്കൻ പോലീസ് പഠിച്ച പണി പതിനെട്ടും പയറ്റിയിട്ടും കൊലയാളി തന്റെ ഇതിന് പ്രേരിപ്പിച്ചവരെ സംബന്ധിച്ച് യാതൊരു വിവരവും വെളിപ്പെടുത്താൻ കൂട്ടാക്കിയില്ല. പിന്നീട് നമ്മുടെ നാട്ടിൽ നിന്നും പോയ ഒരു ഹിപ്നോട്ടിസ വിദഗ്ദ്ധൻ ആ കുറ്റവാളിയെ മോഹനിദ്രയിലാഴ്ത്തി സത്യം വെളിച്ചത്തു കൊണ്ടുവന്നു. കല്ലുപോലെ മനസ്സുള്ള കുറ്റവാളിയെ അവൻ ഒട്ടും അയയുകയില്ലെന്ന് മനസ്സിലാക്കിക്കൊണ്ടു തന്നെ അവന് അനുസരിച്ച ഉദ്ബോധനങ്ങളിലൂടെ നിയന്ത്രിച്ച് കേസന്വേഷണങ്ങളിൽ ഉപയോഗിക്കാറുണ്ട്.

**ഹിപ്നോട്ടിസം ദൈവത്തമോ ?**

ഹിപ്നോട്ടിസ് ചെയ്യാനുള്ള കഴിവ് പ്രകൃതിദത്തമോ ദൈവദത്തമോ ആയ ഒരു അനുഗ്രഹമാണെന്ന് പറയാറുണ്ട്. ഇത് ചില സ്ഥാപിതതാൽപര്യക്കാർ നിർമ്മിച്ച പുകമറയാണ്. ആർക്കും വേണമെങ്കിലും ഈ വിദ്യ അഭ്യസിക്കാം. നല്ല ഉത്സാഹമുണ്ടായിരുന്നാൽ മതി. ഇതിന്റെ അടിസ്ഥാനതത്വങ്ങൾ മനസ്സിലാക്കിക്കൊണ്ട് പരിശ്രമിച്ചാൽ നല്ല പാടവം നേടാനാകും ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് 'ബ്രെയിൻ വാഷ്' (മസ്തിഷ്ക പ്രക്ഷാളനം) ചില തരം മരുന്നുകളും മനഃശാസ്ത്ര തത്വങ്ങളും പ്രയോഗിക്കൽ മുഖേന അവനവന്റെ സ്വന്തം അഭിപ്രായങ്ങളും ഓർമകളും ലക്ഷ്യങ്ങളും മാറ്റിയെടുക്കുന്ന ഒരു രീതിയാണ് ബ്രെയിൻ വാഷ്.

**Extra Sensory Perception**

വിദൂരബോധനം, വിദൂര ദർശനം, വിദൂര ശ്രവണം തുടങ്ങയവക്കാണ് ഇങ്ങനെ പറയുന്നത്. ഇതിന് ശാസ്ത്രീയമായ യാതൊരു അടിത്തറയുമില്ല. ഇത് ഹിപ്നോട്ടിസത്തിന്റെ ഉന്നതതലമാണ് എന്ന തരത്തിൽ ചിലർ പറയാറുണ്ട്. പരേതാത്മാക്കളോട് സംസാരിക്കൽ, ആൾമാറാട്ടം, കൂട്വിട്ട് കൂട് പോകൽ അപ്രത്യക്ഷമാവൽ എന്നിവക്കൊന്നും ശാസ്ത്രീയ പിൻബലമല്ല. അതിനാൽ ഇതൊന്നും ഹിപ്നോട്ടിസത്തിൽ പെട്ടതല്ല.

**യാഥാർത്ഥ്യം**

സമൂഹത്തിന്റെ അജ്ഞതയും അറിവില്ലായ്മയും മുതലെടുത്ത് ഹിപ്നോട്ടിസത്തെ ധനസമ്പാദനമാർഗ്ഗമായി ഉപയോഗപ്പെടുത്തുന്നവർ നിരവധി. നമ്മുടെ ഉള്ളിൽ ഉറങ്ങി കിടക്കുന്ന നെഗറ്റീവ് ചിന്തകൾ പുറത്തെടുത്തു കളയാനും മനസ്സിന്റെ ബലഹീനതകളെ തട്ടിമാറ്റി പുതിയ ഊർജം നേടിയെടുക്കാനും ഹിപ്നോട്ടിസം ഏറെ സഹായകരമാണ്. മനുഷ്യമനസ്സിനെയും മാനസികാവസ്ഥയെയും ചുറ്റിപ്പറ്റിയാണ് ഹിപ്നോട്ടിസം നിലകൊള്ളുന്നത്. മനസ്സിന്റെ ബലം തന്നെയാണ് കാര്യങ്ങൾ തീരുമാനിക്കുന്നത്.

കടപ്പാട്: **ഡോ.അജു ജോർജ്ജ്**




**SHAMEER. T**
*English Department*


# ഗ്രീഷ്മത്തിനക്കരെ



ഇനിയുമൊരു ജന്മമുണ്ടെങ്കിൽ
ഭാരതാംബയുടെ പുത്രന്റെ
തൂലികയാകണം.
പണിയെടുക്കാതെ
വെറുതെയിരിക്കാമല്ലോ....
സെൻസർ ബോർഡിന്റെ
കത്രികയാകാനോ വയ്യ,
വെട്ടി വെട്ടി നടുവൊടിയും...!
നായോ നരിയോ പശുവോ
ആയാലും മതി
നരനായി മാത്രം വേണ്ട
മഹാത്മാവിൽ നിണമേറ്റൊരീ മണ്ണിൽ



**SHAFEEDHA P.**
*II^nd Sem. BA Economics*

# അകലുന്ന ബന്ധങ്ങൾ



സ്കൂളിൽ ചെന്നപ്പോൾ ഒരു ആൾക്കൂട്ടം . പോലീസുകാരും ഉണ്ടായിരുന്നു. കുട്ടികളെല്ലാം കൂട്ടംകൂടി നിൽക്കുന്നു. കുറെ കുട്ടികളുടെ അച്ഛനമ്മമാർ അവിടെ ഉണ്ടായിരുന്നു. എന്തോ വലിയ പ്രശ്നമുണ്ടെന്ന് രാഹുലിന് മനസ്സിലായി. പക്ഷേ ആരോടു ചോദിക്കണമെന്ന് അറിയില്ലായിരുന്നു. ക്ലാസിലെ വിനീതിനെ കണ്ടപ്പോൾ രാഹുൽ കാര്യം തിരക്കി. വിനീത് ധൃതിയിൽ എങ്ങോട്ടോ ഓടുകയായിരുന്നു. ആരോ മരിച്ചതാണെന്ന് മാത്രം പറഞ്ഞു. ഏതെങ്കിലും ടീച്ചറാകും. എന്തായാലും സമാധാനം. ഇന്ന് നടത്താനിരുന്ന കണക്കിന്റെ ക്ലാസ്സ് ടെസ്റ്റ് ഉണ്ടാവില്ലല്ലോ പത്താം ക്ലാസ്സ് തുടങ്ങിയപ്പോൾ തൊട്ടുള്ളതാണ് ഈ മന്ത്‌ലി ടെസ്റ്റ്. മടുത്തു. ആരു മരിച്ചാലും ദൈവത്തിന് നന്ദി. മനസ്സിലെ ചിരി പുറത്തേക്കു വരുത്താതെ രാഹുൽ ആൾക്കൂട്ടത്തിന്റെ അടുത്തേക്കു പോയി. ക്ലബ്ബിലെ പല ചേട്ടൻമാരും ഉണ്ടായിരുന്നു അവിടെ. അവിടെയുള്ളവർ പരസ്പരം പറയുന്നത് രാഹുൽ ചെവിയോർത്തു. "പാവം സഹിക്കാൻ വയ്യാതെ ചെയ്തതാകും. മകനും മരുമകളും അത്രക്കും ദ്രോഹിച്ചിട്ടുണ്ട് അതിനെ. എങ്ങനെ വളർത്തിയതാ ആ മകനെ... ജിവിതകാലം മുഴുവൻ അധ്യാപകനായി. റിട്ടയേർഡായി... ഇവിടെയല്ലെ കൂടുതലും കഴിഞ്ഞത്. അതോണ്ടാവും ജീവനൊടുക്കാനും ഇങ്ങോട്ടു തന്നെ വന്നത്. ഒരു പേരക്കുട്ടിയുണ്ട്. ഈ സ്കൂളിൽ പഠിക്കുന്നുണ്ടെന്ന് തോന്നുന്നു.." അങ്ങനെ നീളുന്നു അവരുടെ സംഭാഷണങ്ങൾ. രാഹുൽ അവിടെ നിന്നു തിരിഞ്ഞു നടന്നു. കാറിൽ ഡാഡിയും മമ്മിയും വന്നിറങ്ങിയതു കണ്ടു. അപ്പോൾ കണക്കിന്റെ സേതുസാർ ഫോണിലൂടെ വിളിച്ച് പറയുന്നത് കേട്ടു. ഇവിടെ പഠിപ്പിച്ചിരുന്ന ഒരു അധ്യാപകൻ സ്കൂളിലെ ക്ലാസ് മുറിയിൽ ആത്മഹത്യ ചെയ്തിരിക്കുന്നു. അതുകൊണ്ട് സ്കൂളിന് അവധിയാണ്. രാഹുലിന് അപ്പോഴാണ് വ്യക്തമായ കാരണം മനസ്സിലായത്. ഹോ....അതാണ് കാര്യം ! കണക്ക് പരീക്ഷ മാറ്റിവെച്ചതിലുള്ള സന്തോഷമായിരുന്നു രാഹുലിന്. ഇന്നലെ ശരിക്കും പഠിക്കാൻ സാധിച്ചില്ല. പഠിച്ചു കൊണ്ടിരിക്കുമ്പോൾ ഡാഡിയും മമ്മിയും തമ്മിൽ വഴക്കുണ്ടാക്കുന്നത് കേട്ടു. പിന്നെ മുത്തച്ഛനും ഡാഡിയും തമ്മിൽ വഴക്കു കൂടുന്നത് കണ്ടു.... ചെന്നു നോക്കിയപ്പോൾ മമ്മി വഴക്കു പറഞ്ഞ് റൂമിലേക്ക് പോകാൻ പറഞ്ഞു. എന്തൊക്കെയോ ബഹളം കേൾക്കുന്നുണ്ടായിരുന്നു പുറത്ത്. പക്ഷേ അതൊന്നും ശ്രദ്ധിക്കാതെ കിട്ടിയ സമയത്തിന് ഗെയിം കളിച്ചു. അതുകൊണ്ട് കണക്ക് പഠിച്ചില്ല. സ്കൂൾ ഇല്ലെന്ന് കേട്ടപ്പോൾ ആശ്വാസമായി. ഇല്ലെങ്കിൽ മാർക്ക് കുറവാണെന്ന് പറഞ്ഞ് മമ്മി അതിനൊരു എക്സ്ട്രാ ട്യൂഷന് വിടുമായിരുന്നു. ഇന്ന് കണക്ക് പഠിക്കണം. അവൻ തിടുക്കത്തിൽ ഡാഡിയുടെയും മമ്മിയുടെയും അടുത്തേക്കു പോയി. ഡാഡിയുടെ കണ്ണുകൾ കലങ്ങിയിരുന്നു. ഡാഡി എന്നെ അടക്കിപ്പിടിച്ചു. വിതുമ്പിക്കൊണ്ട് പറഞ്ഞു : മോനേ... മുത്തച്ഛൻ നമ്മളെ വിട്ടു പോയെടാ.. രാഹുലിന് ഒന്നും മനസ്സിലായില്ല. കുറെ പേർ തങ്ങളുടെ അടുത്തേക്കു വന്നു ക്ലാസ് റൂമിലേക്ക് കൊണ്ടുപോയി. അവിടെ മുത്തച്ഛൻ കിടക്കുന്നത് കണ്ടു. ക്ലാസ് റൂമിൽ ആത്മഹത്യ ചെയ്തത് അപ്പോൾ മുത്തച്ഛനായിരുന്നു എന്ന് രാഹുലിന് പതിയെ മനസ്സിലായി. പോലീസുകാർ എന്തൊക്കെയോ ഡാഡിയോട് ചോദിക്കുന്നു. രാഹുലിന്റെ മനസ്സിൽ അപ്പോഴും നാളത്തെ കണക്കു പരീക്ഷയായിരുന്നു.



***ഒരു പത്രവാർത്തയിൽ നിന്നുള്ള പ്രചോദനം***



**SUMITHRA**
*II[nd] Sem.B.A. Economics*




കുടിക്കുന്ന വീര്യത്തിനറിയുന്ന രഹസ്യം.
കുടിക്കുന്ന വീരനറിയാത്ത രഹസ്യം
കരളുരുക്കുന്ന ചുവന്ന വീര്യം
ഒഴുകുന്ന സിരകളിലെ രക്തമല്ല,
സാമൂഹ്യബന്ധം തകർക്കുമീ വീര്യം
അമ്മയും കുഞ്ഞും വെറുക്കുമീ വീര്യം
ഭാര്യ സഹിക്കുമീ വീര്യം
സോദരി ബലിയാടാകുമീ വീര്യം
ഉത്തമമാകില്ലൊരിക്കലും നിനക്ക്
ഉത്തമമായൊന്നു ചിന്തിച്ചു നോക്കിയാൽ
കിടക്കുന്നു ബോധമില്ലാതെ ഭൂമിയിൽ
ഇഴയുന്ന പാമ്പുപോൽ ഭൂമിയിൽ
കാഴ്ചയില്ലാതെ കുരുടനായിടുന്നു
കരളുരുകി കിടപ്പിലുമാകുന്നു
ഉത്തമമാകില്ലൊരിക്കലും നിനക്ക്
ഉത്തമമായൊന്നു ചിന്തിച്ചുനോക്കിയാൽ
അച്ഛൻ മരിച്ചാലും വീര്യം
കുഞ്ഞു ജനിച്ചാലും വീര്യം
പൊലിയുന്നു യുവജീവൻ
നിറയുന്നു വിധവകളെയേറെ
ഉത്തമമാകില്ലൊരിക്കലും നിനക്ക്
ഉത്തമമായൊന്നു ചിന്തിച്ചുനോക്കിയാൽ



# 06

# പലത്

“.... ഭയത്തിന്റെ നിറമെന്താണ്...?
കറുപ്പ് .... അല്ലേ !
ആരാണ് ഭയത്തിന് ഇരുണ്ട നിറം നൽകിയത് ?
നമ്മുടെ മനോഗതി തന്നെ...
എന്നാൽ...
വെളുപ്പ് സമാധാനത്തിന്റെയും
കറുപ്പ് അശാന്തിയുടെയും
പ്രതീകമായി ഉപയോഗിക്കുന്ന ലോകത്ത്.
ബ്ലാക്ക് മണിയും ബ്ലാക്ക് ലിസ്റ്റും ബ്ലാക്ക് മാർക്കും
നെഗറ്റീവ് അർത്ഥം കയ്യാളുന്ന ലോകത്ത്.
അസഹിഷ്ണുതയുടെയും അക്ഷമയുടെയും
പുതിയ കാലത്ത്.
ഭയത്തിന് പുതിയ നിറം പകർന്നു നൽകേണ്ടിയിരിക്കുന്നു.
മനുഷ്യമനസ്സിന്റെ പല കോണുകളിലായി
ചിതറിക്കിടക്കുന്ന ഭയത്തിന്റെ ചീളുകൾ
ഇവിടെ കോറിയിടുന്നു...”

തുടരും...

മാഗസിൻ സമിതി

# വിദ്യാഭ്യാസം ചില പുനർചിന്തകൾ...

വിദ്യാഭ്യാസം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വിദ്യ അഭ്യസിക്കുക എന്നതാണ്. വിദ്യ അടിച്ചേൽപ്പിക്കുക എന്നതല്ല. അവിടെ വിദ്യാഭ്യാസ കച്ചവടത്തിന്റെ നെറികെട്ട കുടിലതന്ത്രങ്ങൾക്ക് സ്ഥാനമില്ല.

എന്താണ് ഇന്ന് വിദ്യാഭ്യാസം നമുക്ക് നേടിത്തരുന്നത് ? ജീവിത വിജയ പാഠങ്ങളോ? നല്ല ജീവിത രീതികളോ ? നിലനിൽപ്പിന്റെ അടിസ്ഥാന തത്ത്വങ്ങളോ ? മാനുഷിക മൂല്യങ്ങളോ ? സംശയമാണ്...

കേവലം പുസ്തകത്താളുകളിൽ അച്ചടിച്ചു വെച്ചിരിക്കുന്ന അക്ഷരക്കൂട്ടം, ഏത് പാതിരാത്രിക്കു ചോദിച്ചാൽ പോലും ഉരുവിടത്തക്ക രീതിയിൽ മനഃപാഠം പഠിച്ച് അത് വിദ്യയെ ഒരു അഭ്യാസം മാത്രമാക്കി ഉത്തരക്കടലാസിൽ ഛർദ്ദിച്ചുവെച്ച്, പഠിക്കുന്നവൻ, പഠിക്കാത്തവൻ എന്ന പുതിയ വിഭജനത്തിന് തറക്കല്ലിട്ട്, കേവലം പുസ്തകപ്പുഴുക്കളെ സൃഷ്ടിക്കുന്ന പാഠ്യേതര രീതിയല്ലേ നാം ഇന്ന് പിന്തുടർന്ന് പോരുന്നത് ?

രാവിലെ പുലരുന്നതിനുമുമ്പ് മാത്സിനൊരു ട്യൂഷൻ, പുലർന്നാൽ ബയോളജിക്കൊരു ട്യൂഷൻ, അങ്ങനെ പാഠ്യത്തിലുള്ളതിനും, ഇല്ലാത്തതിനും ട്യൂഷൻ. ഒന്ന് ചോദിക്കട്ടെ, നാം എല്ലാം പഠിക്കുന്നത് പരീക്ഷകൾക്ക് മാർക്ക് ലഭിക്കാനാണോ ? അതോ....യഥാർത്ഥ അറിവിന്റെ മധുരം നുകരുവാനോ?.

എന്ത് മൂല്യമാണ് വിദ്യാഭ്യാസം വളർത്തിയെടുക്കുന്നത് എന്ന ചോദ്യത്തിന് ഒരു ഉത്തരമേ ഉള്ളൂ. അത് സ്നേഹമല്ല, സഹവർത്തിത്വമല്ല, സമാധാനമല്ല മറിച്ച് ഭയമാണ്. പ്രതികരണശേഷി ഇല്ലാത്ത ജീവച്ഛവങ്ങൾക്ക് അത് ജന്മം നൽകുന്നു. എന്തുകൊണ്ടാണ് അഴിമതിക്കാർ, പീഡന വീരന്മാർ, മത–രാഷ്ട്രീയ കച്ചവടക്കാർ തുടങ്ങിയവർ ഇന്നും വിളയാടുന്നത് ? ഉത്തരം : നട്ടെല്ലുള്ള പ്രതികരണശേഷിയുള്ള, ഭയമെന്ന വിഷദംശനമേൽക്കാത്തവർ ചങ്കുറപ്പോടെ നിലനിൽക്കാത്തതുകൊണ്ട്.

സസ്പെൻഷൻ, ഡിസ്മിസൽ എന്ന രണ്ട് വാക്ക് കുത്തിക്കയറ്റി നന്മയ്ക്ക് വേണ്ടിയുള്ള ഏതു പ്രതികരണങ്ങളേയും അടിച്ചമർത്തി, വിജയത്തിന്റെ മേലങ്കി ധരിക്കുന്ന ഒരു സമ്പ്രദായം നമുക്കില്ലായിരുന്നുവെങ്കിൽ നാളെയുടെ നട്ടെല്ല് നിവർന്നു തന്നെ നിന്നേനെ.

ഏത് മാനദണ്ഡമാണ് ഒരുവന്റെ കഴിവ് നിർണയിക്കുക? ആർക്കും കഴിവുകൾ ഇല്ലാത്തതിന്റെ പ്രശ്നമല്ല. പക്ഷേ ഒരുവന്റെ കഴിവിനെ കണ്ടുപിടിക്കാനു ള്ള എന്ത് ഉപാധിയാണ്. ഇന്നിന്റെ വിദ്യാഭ്യാസത്തിനുള്ളത്? കലോത്സവവേദികളിൽ സമ്മാനങ്ങൾ കരസ്ഥമാക്കുന്നവരാണോ കഴിവിന്റെ കുലപതികൾ? കേവലം കലോത്സവങ്ങൾക്കുപരി കഴിവ് വെച്ചു പുലർത്തുന്ന എത്ര പേര് നമുക്കു ചുറ്റും ഉണ്ട് ? ഉണ്ടായിരുന്നുവെങ്കിൽ നമുക്കിനിയും, നല്ല കവികളും, സാഹിത്യകാരന്മാരും ഒരുപാട് ഉണ്ടായേനേ. ഭയത്തിന്റെ ഒരു ചട്ടക്കൂട് കെട്ടി മത്സരബുദ്ധിയ്ക്ക് എണ്ണയൊഴിച്ച് വിദ്യാഭ്യാസം എന്ന വണ്ടി അതിന്റെ യാത്ര തുടർന്നുകൊണ്ടിരിക്കുന്നു.




ജീവിതം ഒരു ഓട്ടപന്തയമാക്കി ഓടൂ ഓടൂ, ഓടി ഒരു ഡോക്ടറാവൂ, എൻജിനീയറാവൂ എന്ന മന്ത്രം ഉരുവിട്ടുകൊണ്ട് ഓടുന്ന വിദ്യാഭ്യാസം കുട്ടിയെ മനുഷ്യനാവാൻ പഠിപ്പിക്കാൻ മറന്നുപോകുന്നു. മാതാപിതാക്കളുടെ വടംവലികൾക്ക്, ഇച്ഛകൾക്ക് ഇരയാവുന്ന ഒരു പറ്റം വിദ്യാർത്ഥികളെ നോക്കി സഹതപിക്കാനല്ലാതെ നമുക്ക് മറ്റെന്തു ചെയ്യാൻ സാധിക്കും ?

സിലബസ്സിന്റെ അധികഭാരം പേറി, പരീക്ഷകളുടെ ചുമടുകൾ ഏറ്റി വരുന്ന കുട്ടികളെ ഇരിക്കാനോ, നിൽക്കാനോ, സ്വതന്ത്രമായി പ്രവർത്തിക്കാനോ അനുവദിക്കാതെ ടി. ഇ. സി.ഇ തുടങ്ങിയ ചാട്ടവാറടികൾക്ക് വിധേയമാക്കുന്ന ഈ സമ്പ്രദായം മറേണ്ടതല്ലേ ? വിദ്യ, അത് ആസ്വദിച്ച് അതിന്റെ പൂർണ അർത്ഥങ്ങളോടെ നേടേണ്ട ഒന്നാണ്. അല്ലാതെ സമ്മർദ്ദങ്ങളുടെ ലോകത്തേക്കുള്ള വാതായനമല്ല.




**SIPPY MOL**

*IVth Sem. BSc. Physics*


# CHILD'S PLAY




There she stood weeping
Clad in a red sparkling dress
Long behind her draping…
How she used to dream,
If one day she could posses

The dream that fulfilled unaware
In a really short recess
Now awakens in her a nightmare
That will haunt her lest she beware
Late into her teenage stress

And continue to devour
Through her youthful gleam
Then when old and in tremors
Would passionately strike her
As a long forgotten dream.

# കാലിഡോസ്കോപ്പ്

ഇത് ആരേയും വ്യക്തിഹത്യ നടത്താനല്ല... വ്യക്തത വരുത്താനാണ്. മാറാൻ മടിയ്ക്കുന്ന വ്യവസ്ഥിതികളുടെ ബധിര കർണ്ണങ്ങളിലേക്കുള്ള ആർപ്പുവിളിയാണ്.




**അപ്പോ സർ...എന്താണീ സംവരണം...**

**വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പാർശ്വങ്ങളാവേവരാണോ സ്ത്രീ സമൂഹം.**
**ഉറച്ചുപോയ സാമൂഹ്യക്രമങ്ങളെ തുടച്ചു മാറ്റാതെ നമ്മൾ തുടരുന്ന**
**#ഈ നിസ്സംഗത അപകടകരമാണ്.**

# കവലയിൽ നിന്ന്...




മനസ്സിലായില്ല അല്ലേ... സൂക്ഷിച്ചു നോക്കൂ... ഐശ്വര്യം കളിയാടിയത്

അവരുടെ നാലിഞ്ച് വലിപ്പമുള്ള പോക്കറ്റിലാണ്...

ഉദരഭാഗമാകട്ടെ വികസനക്കുതിപ്പിനാൽ ഉയർന്നു പൊങ്ങി.

ജനാധിപത്യത്തെ പുറകോട്ടു നയിക്കുന്ന അനാരോഗ്യകരമായ
പ്രത്യക്ഷ – പരോക്ഷ പ്രവണതകളോട്
നമ്മൾ തുടരുന്ന കുറ്റകരമായ
# ഈ മൗനം അപകടകരമാണ്.



**AKHIL MENON. A**
*III^rd Sem. BBA*




# ഓർമ

വിളക്കുമാടത്തിങ്കൽ കൊളുത്തി വച്ചൊരു-
തിരിനാളം അണയുന്നത് ഞാൻ നോക്കി നിൽക്കവേ
അമ്മതൻ ചിതയിലെ അവസാന ദീപ്ത
മെൻ കണ്ണിൽ നിറയുന്നുവോ ?...
വെളിച്ചെണ്ണയും, ഉപ്പും കൂട്ടി ഉരുട്ടിയുരുട്ടി
വച്ചൊരു ഉരുളയിലുണ്ടായിരുന്നു.
എന്നമ്മതൻ വാത്സല്യം
ഓരോ നിദ്രയിലും തെന്നൽ വന്നു തഴുകുമ്പോൾ
അറിയുന്നു ഞാനെൻ അമ്മതൻ നിശ്വാസം.
മനസ്സിന്റെ മാന്ത്രികച്ചെപ്പിലായ് ഒളിപ്പിച്ചു -
വച്ചൊരു മയിൽപ്പീലി തുണ്ടുപോൽ,
സ്നേഹം തൂവുന്നു ഓർമ്മകൾ...
അറിയുന്നു ഞാനെൻ അമ്മതൻ സ്നേഹം
നിർമ്മലം പൂവിലും പുല്ലിലും
തഴുകിയുണർത്തുന്ന കാറ്റിലും.





**ANU SEBASTIAN**
*II[nd] Sem BCom CA*

# പൊഴിയുമീ... ദളങ്ങൾ...

പുലരിതൻ ചുംബന പുളകങ്ങ-
ളേറ്റു മയങ്ങുമവൾതൻ നെഞ്ചി-
ടിപ്പിൻ താളമെന്തന്നറിയാൻ
കൊതിച്ചു പോയ് ഞാൻ.
ഓരോരോ യാമവും ഒടുവിലൊരു
നേർത്ത സ്പന്ദനമായുള്ളിൽ ബാക്കി നിൽപ്പൂ
അണയാനുതകുന്ന കൽവിളക്കിൽ.
ഇടറുന്ന കാലുകൾ പതറുന്ന നെഞ്ചകം
ഇരുളുന്നു കണ്ണിന്നകകാഴ്ചകൾ
ചുറ്റും തിരിഞ്ഞൊന്നു നോക്കി
ഞാൻ മെല്ലെ... എന്നെ-
യീ മണ്ണിൽ തഴപ്പിച്ച വേരുകൾ
ദേ... അങ്ങകലെ ദൂരയായ്
മാടിവിളിക്കുന്നു
പേടിച്ചരണ്ടു ഞാൻ മറഞ്ഞുനിന്നു.
ഏകയായ് വന്നു ഞാൻ മണ്ണിലേക്കി-
ന്നേകയായ് തന്നെ മടക്കയാത്ര.
തീരമടുക്കാൻ വിതുമ്പുന്ന തിര പോൽ ഞാനിന്നു
നിശ്വാസമായി കേണിടുന്നു
ഇരുട്ടിൻ മറവിൽ
നിൽക്കുമവൾ തൻ
കാൽപ്പെരുമാറ്റം
അങ്ങകലെയെങ്ങോ മാഞ്ഞുപോകേ
നെഞ്ചകം തീർത്തും
നിരാശ തൻ ഓർമ്മയാകേ
തീർത്തുമീ വ്യർത്ഥ-ജീവിതനൗകയിൽ
ഉചിതമായെന്തു ഞാൻ ചെയ്തുതീർത്തു.

നിലവിളികൾ ഉയരുന്നു
പ്രാണൻ പിടഞ്ഞിടും
വേദനയോടെന്നെ യാത്രയാക്കേ
കൺരണ്ടും ചിമ്മി ഞാൻ
വിതുമ്പുമാ ഇതളിലായ്
മുത്തിമെല്ലെ ഗ്രസിച്ചുപോകേ
ജീവിതയാത്രതൻ പൂർണ്ണമീ
ഘട്ടത്തിൽ നെഞ്ചോടടക്കി
ഒരു വേള ചോദിപ്പൂ
അന്ത്യാഗ്രഹം
യാത്രചൊൽവാനായ് തിരിഞ്ഞുനോക്കി
ഇടറുന്ന നെഞ്ചകം
പൊട്ടിപ്പിളർന്നുപോയ്
കൊഴിയുമീ... അശ്രുദളങ്ങളിൽ
വിമുഖമായ് എൻ സ്വരം.
ശാന്തമായ് എൻ മനം
യാത്രചൊല്ലാൻ തെല്ലു മടിക്കവേ
ജീവൻ തുടിക്കുന്ന ഓരോ
ഹൃത്തിനും പറയാനായ്
എന്നുമീ മൊഴികൾ ബാക്കിയാവേ
ഈ ആറടിമണ്ണിലായ്
മറയുന്നു എന്നിലേ
സ്വപ്നവും ജീവിതവും എന്നേക്കുമായ്...



**NIKHIL AUGUSTIN**
*$IV^{th}$ Sem. BSc. Physics*




# You are Special...

In all the world there is no one like you. From the beginning of time there has never been another person like you...you're special! Nobody has your smile, your eyes, your lips, your eyebrows, your nose, your hair and you are special in your colour, size, shape, talents and in all the in and out features. You are the greatest miracle in the world. You are the rarest of the rare..."A greatest treasure"... nobody in the universe sees things as you do. Never until the end of time will there be any such as you. You are Special....

Be what you are...and what you have. You are different from any other person lived in the history of the universe. No longer hide your rarity in the dark. Bring it forth. Show the world. Never imitate anyone. Be yourself. You have a special power to think, to love, to laugh and to live. You have a special purpose. God has a special job for you in the world, which nobody can do instead of you. You are the masterpiece of the god. No one can take your place in history....Because you're special...

Celebrate youı one.. Begin now, Start a new, it doesn't matter what you have been, wrongs you have done, mistakes you have made...you are forgiven...you are accepted you're O.K...So love yourself...Give your life a new birth

So celebrate the miracle....that is you....You alone...



SUMITHRA
*II[nd] Sem.B.A. Economics*




അമ്മയെന്നുള്ള രണ്ടക്ഷരം കേൾക്കാൻ
കൊതുക്കുമീ ആയിരമമ്മമാർ.
പലപേരിലമ്മയെ പരിഷ്കൃതമായി
വിളിക്കൂമീ ജനതയെന്നുണർന്നെണീക്കും.
മമ്മിയെന്ന പരിഷ്കാര വാക്കും.
തള്ളയെന്ന അധ:കൃത വാക്കും
പലപേരിലമ്മയെ നോവിക്കുമീ യുഗത്തിൽ
നാമോരുത്തരും വസിപ്പൂ.
പലനാളുറങ്ങാതെ കാവലിരുന്നതിൻ
പകരമായമ്മ കൊതിക്കുമീ സ്വരം
പലവ്യാധിക്കരച്ചുതന്ന ഔഷധത്തിൻ
പകരമായമ്മ  കൊതിക്കുമീ സ്വരം
പത്തുമാസം ചുമന്നൊടുവിലാപേറ്റുനോവു
സഹിച്ചതിൻ
പകരമായമ്മ  കൊതിക്കുമീ സ്വരം
പിഞ്ചുവായിൽ ചുടുപാൽ തന്നതിൽ
പകരമായമ്മ കൊതിക്കുമീ സ്വരം
ഇന്നീ... കലിയുഗത്തിൽ മോടിയിലാ
ചെറുപ്രതിഫലം നൽകാൻ മടിക്കുമീ
മനുഷ്യാ നിന്നെ ഞാൻ എന്തുവിളിക്കണം?

ഇവിടെ നിർത്തട്ടെ...
ഇത് എന്റെ 'ഭയോഗ്രഫി'യാണ് ...
ഞാൻ ആരാണെന്നല്ലേ...
ഇതുവരെ നിങ്ങൾക്കൊപ്പമുണ്ടായിരുന്ന
ഒരു അദൃശ്യസാന്നിദ്ധ്യം...
മറ്റൊരു ലോകത്തു നിന്നാണ് എന്റെ വരവ്...
സ്നേഹം, സമൃദ്ധി, സംതൃപ്തി എന്നിവക്കു പേരുകേട്ട
ഒരു ലോകം... ഭയമില്ലാത്ത ഒരു ലോകം...
അവിടെ നിന്നും 'സ്വപ്ന സമാനമായ' ഈ ഭൂമിയിലേക്ക്
എന്റെ ഒരു യാത്ര...
ഇവിടെ ഓരോ സംഭവവികാസങ്ങൾക്കും
ഞാൻ മൂകസാക്ഷിയായി...
ചുരുങ്ങിയ നാളുകൾക്കുള്ളിൽ നിങ്ങളുടെ ഭൂമിയെക്കുറിച്ച്
ഞാൻ പലതും തിരിച്ചറിഞ്ഞു.
കാലം ഏറെ പിന്നിടുമ്പോൾ സാഹചര്യങ്ങൾ കൂടുതൽ
തീവ്രമാകുകയും ഓരോ നിമിഷവും ഒരു ചീത്തവാർത്ത
കേൾക്കാൻ തയ്യാറായി ഇരിക്കേണ്ട തരത്തിലേക്ക് ഈ ലോകം
മാറുകയും ചെയ്തിരിക്കുന്നു, മുൻകൂട്ടി നിശ്ചയിക്കപ്പെട്ട
രംഗങ്ങൾക്കു പകരം ചില അവസ്ഥകളോ സന്ദർഭങ്ങളോ
ക്ഷണിക്കപ്പെടാതെ കടന്നുവരുമ്പോൾ അവയെ നേരിടാനാവാതെ
പകച്ചു നിൽക്കേണ്ടി വരുന്ന കഥാപാത്രങ്ങളായി
മനുഷ്യർ മാറി...
തിരികെപോകണമെന്നുണ്ട്.... എന്റെ ലോകത്തേക്ക്...
പക്ഷേ, ഇപ്പോൾ എനിക്കതിന് കഴിയുന്നില്ല...
എന്തോ ഒരു 'വികാരം' എന്നെയും ആവരണം ചെയ്തു കഴിഞ്ഞു.
ഇപ്പോൾ ഞാനും നിങ്ങളിലൊരാളായി മാറിക്കഴിഞ്ഞു....

സസ്നേഹം
മാഗസിൻ

# Art Gallery



Febin shahna E.
4th Sem. BA English



SHILPA KP
2nd Sem. BA Economics

# Art Gallery



**HIBA SHERI P**
4th Sem. B Com B



**MANJU SHAJAN**
2nd Sem. Bsc Maths

# മലയാളവേദി

ഭാഷയുടെ മഹത്വത്തെക്കുറിച്ചും മൂല്യത്തെക്കുറിച്ചും പുതുതലമുറയുടെ ഇടയിൽ ബോധമുണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടു

കൂടി 20 വർഷങ്ങൾക്കുമുമ്പ് പ്രശസ്ത നിരൂപകൻ സുകുമാർ അഴീക്കോട് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്ത മലയാളവേദി

ഈ വർഷം അതിന്റെ വാർഷികം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.ഫാ. സജി മുതിരേന്തിക്കലിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ പ്രശസ്ത നോവലിസ്റ്റും 2017 ലെ വയലാർ അവാർഡ് ജേതാവുമായ ടി.ഡി. രാമകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. നിരവധി സാമൂഹ്യ-സാംസ്കാരിക നായകൻമാരുടെ സാന്നിധ്യം സദസ്സിന്റെ മാറ്റുകൂട്ടി. ക്യാമ്പസ് നൃത്ത സംഘം അവതരിപ്പിച്ച ഫ്യൂഷൻ റൗണ്ടും, ഗായക സംഘമായ മലയാള മാധുരി ഓർക്കസ്ട്ര സംഘടിപ്പിച്ച സംഗീത വിരുന്നും അതോടൊപ്പം തന്നെ അങ്ങാടിപ്പുറം ' പൊൻചിലമ്പ് ' അവതരിപ്പിച്ച നാടൻ പാട്ടുകളും ഈ വർഷത്തെ മലയാളവേദി വാർഷികോത്സവത്തെ ധന്യമാക്കി.



# AVAZ

## Hindi Association 2017

2017-18 വർഷത്തിലെ ഹിന്ദി അസ്സോസിയേഷൻ ഉദ്ഘാടനം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ Hindi Department H O D ശ്രീ പ്രമോദ് സർ നവംബർ 20 ന് നിർവ്വഹിച്ചു. തുടർന്ന് 'സമകാലീന കവിതകൾ' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ അവതരിപ്പിച്ചു. തുടർന്ന് ഹിന്ദി ഭാഷയുടെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം കുട്ടികളുമായി സംവദിച്ചു. പ്രേംചന്ദ് ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ക്വിസ് മത്സര വിജയികൾക്ക് സമ്മാനദാനം നിർവ്വഹിച്ചു. ഇത്തരത്തിലുള്ള സെമിനാറുകളിലൂടെ വിദ്യാർത്ഥികളുടെ സർഗാത്മകമായ കഴിവുകളെ പ്രോത്സാഹിക്കുന്നതിനും, വിദ്യാർത്ഥികളുടെ സാന്നിധ്യം എല്ലാ മേഖലകളിലും ഉറപ്പുവരുത്തുന്നതിനും അസോസിയേഷന് സാധിച്ചു.

# ECONOMICA 2017/18

Economics association started its programs of 2017-18 academic year with a seminar conducted by Mushthak Ali (Sales Tax Officer, Perinthalmanna) on "GST in India". Saranya of 6th semester was elected as the association Secretary. The event "ECOVANTAGE 2K18" was a new experience to the students as "A Day of Economics" with Quiz, Debate, Paper Presentation and Food Fest. Industrial visit by the 4th semester and charity visit by the 2nd semester were also the programmes of the Economics association this year.

# MATHEMATICS ASSOCIATION

The Mathematics association of St Mary's college conducted various sessions for the students in the academic year 2017-18.The association initiated the programs with a seminar on "Application of Mathematics" conducted by Mr. Sadik Ali. A (MEA Engineering college, Pattikad). All the programs were a grand success with the support of students and teachers.

# SAPS

The neo-venture of SAPS association headed by Psychology department begins this year. Although it sprouted this year ,it was vibrant. The association was inaugurated by Rev.Fr Jose Parayil followed by a Workshop on Psychology by consultant psychologist Jubin and Geo. We visited Snehabhavanam orphanage for boys at Cherukkara .We participated in inter college Psycho fest, Transcend 2k17 held at Alphonsa college, Thiruvambadi. We won the first prize in mime and photography. We also participated in EAQL,"A colloquium on brain and behaviour" held at Al Jamia arts and science college, Poopalam. There will be a beginning for any great matters, but continuing it into the end until it is thoroughly finished yields the true glory and here by wish hope for the glory of coming years.

# LUMENZIA 2017-18

Physics association conducted several programs throughout this academic year. Physics association LUMENZIA was inaugurated with a seminar session on the topic "Photonic materials" conducted by Dr. Sudheesh P (Assistant professor, Physics department, NSS College, Manjeri) in the esteemed presence of Principal Fr. Jose Parayil and HOD Thomas sir. A Quiz competition, ANDROMEDA 2018 was conducted on February 28, National Science Day with several students from various departments of the college participating in it. Sippy Mol of 4th semester was selected as the association Secretary.

# TECHNOCRACY

Computer science association conducted several programs this year with the support of teachers and students. A hardware workshop was conducted for first year students in the month of October. November was followed with a seminar on "Beyond the four walls of classroom" by Microsoft professional Mr. Muhammed Ramees. In the month of December, first year students conducted five day seminar on various IT topics . The department magazine named "Techtimes" was released in the month of February .

## ENGLISH ASSOCIATION

The English Association of St. Mary's college was extremely vibrant with a series of activities during the academic year 2017-18. The activities of the association in the year were inaugurated on 09/08/2017 by Mrs. Sabna Ponnadu with an inspirational speech. The function was presided by Prof. PP John. Arjun KT of 4th semester was elected as the Association Secretary. On the Anti-narcotic day students of English Association presented a drama on " Drug Abuse and its consequences" .

## COMMERCE ASSOCIATION

Commerce association inauguration held on 26-10-2017.the function is inaugurated by Mr.Bharath Das (Retd.General Manager ,Kerla Gramin Bank and JCI trainer .the function is grandly celebrated and so many cultural programmes are held at there

## ENGLISH ASSOCIATION

History association was inaugurated by Dr. Musthafa Kamalpasha, HOD, History Dept, PSMO College Thirurangadi on 30th August 2000 with the blessings of Rev. Fr. Jose Mathew Parayil, CFIC.

History association stands for the total development of students in academic and non-academic areas and to enrich values. The association has started its voyage with a great flash mob in connection with the 70th Independence Day celebrations. The association conducted several programmes like seminar on making project, Onam celebration, Archaeological Exhibition, New Year celebration and a study tour to Ernakulam. All these programmes became a great success mainly due to the cordial support of our Principal Fr. Jose Mathew Parayil CFIC, Vice Principal

Fr. Denny Cholappallil, teachers and active participation of students. The Association has published its frontline paper 'VOICE OF HISTORY'.

Asharudheen. P is selected as Secretary and Mrs. Sari as Staff Advisor during Annual Council Meet.

## എൻ.എസ്.എസ് പ്രവർത്തന റിപ്പോർട്ട്

പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങൾക്കു പുറമെ വിദ്യാർത്ഥികൾക്കിടയിൽ സാമൂഹ്യപ്രതിബദ്ധത വളർത്തുക എന്ന ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന കൂട്ടായ്മയാണ് എൻ.എസ്.എസ്. യൂണിറ്റ്. പ്രോഗ്രാം ഓഫീസറായ നവാസ് സാറിന്റെ നേതൃത്വത്തിൽ നിരവധി സാമൂഹ്യ പ്രവർത്തനങ്ങൾ കോളേജിനകത്തും പുറത്തുമായി സംഘടിപ്പിച്ചു. കോളേജിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് രക്തദാന ക്യാമ്പും 'ക്ലീൻ ക്യാമ്പസ്' എന്ന പേരിൽ കോളേജിൽ നടത്തിയ ശുചീകരണ പ്രവർത്തനങ്ങളും N.S.S. കൂട്ടായ്മയുടെ പൊൻതൂവലുകളാണ്. Calicut University N.S.S. ന്റെ നേതൃത്വത്തിൽ ഭവന നിർമാണ പദ്ധതിയും ഈ വർഷം തുടക്കമിട്ടു. പെരിന്തൽമണ്ണ ക്ലസ്റ്റർ തല ഫുട്ബാൾ മത്സരത്തിൽ എൻ.എസ്.എസ് യൂണിറ്റ് വിജയകിരീടം ചൂടിയത് വലിയ നേട്ടമായി. കൂടാതെ ഈ വർഷത്തെ സപ്തദിന N.S.S. ക്യാമ്പ് 25-12-2017 മുതൽ 1-1-2018 വരെ കോളേജിൽ നടന്നു. ബഹുമുഖ പരിപാടികളോടുകൂടി ആരംഭിച്ച N.S.S. ക്യാമ്പ് പാലച്ചോട് കാരുണ്യ സദനിലെ അമ്മമാർക്ക് വളരെയേറെ സാന്ത്വനമായി. മക്കളായും കൊച്ചുമക്കളായും അമ്മമാർക്ക് സ്നേഹം കൊണ്ടൊരു പുതിയ അനുഭവം നൽകാൻ N.S.S. വളണ്ടിയേഴ്സിനു കഴിഞ്ഞു. കോളേജിലെ കലാ–കായിക പ്രവർത്തനങ്ങളിലും N.S.S.യൂണിറ്റിന്റെ പ്രവർത്തനം മികവുറ്റതും കാര്യക്ഷമവുമാണ്.

പ്രോഗ്രാം ഓഫീസർ : **മുഹമ്മദ് നവാസ്**

ST. MARY'S COLLEGE

# Annual Report 2017-18



**Fr. Jose Mathew Parayil CFIC**
Principal

It is my proud privilege to present the Annual report of St.marys College for the academic year 2017-2018.St.Mary'sCollege is an educational institution owned and run by the Congregation of the Sons of the Immaculate Conception (CFIC) founded by blessed Luigi Maria Monti in 1857.The college was established in the year 1996 and it was affiliated to University of Calicut in 2010.

The 21stacademic year commenced on 1st June 2017.Regular classes for all batches started on this day except for the first year students. Classes for the first year students started on 5th July 2017.

## Courses offered.

The college offers 13 affiliated courses such as BA English, BA Economics, A History, Bsc Physics, Bsc Maths, Bsc Psychology, BCA, BBA, Bcom computer,Bcom co-operation, Bcom finance, Mcom finance and MA English. It also offers various private courses in different disciplines.

## Staff & Students

The success of an educational institution depends on its teachers and students. The greatest asset of St.Mary's College is the dedicated staff and well disciplined students. We have 76 teaching staff and 18 non teaching staff. The total number of students in various subjects is 1480.

## Infrastructure facility

**Class rooms-** Our college is having well equipped 50 class room with white

board lecture stand, fans, light and necessary seating arrangement for students.

**Seminar hall** – There are two well arranged seminar hall with necessary seating arrangement, projector, white board etc. in our institute.

**Auditorium** – Our College is having an auditorium with a seating capacity of 1500 persons and above.

**Rest rooms**-We provide sufficient number of rest rooms for both boys and girls.

**Computer lab**- There is a well furnished computer lab equipped with 50 computers.

**Physics lab**-We provide a spacious and well equipped Physics lab which enables each student who opts for Bsc Physics programme to gain the proper and adequate exposure to the world of experimental physics.

**Library** – The College is equiped with a very good library with a well furnished hall and more than 30000 books dealing with different subjects. Besides these books a number of periodicals, journals and news papers are available at the disposition of students.

**Play ground**- The College is having a standard size play ground for the student's physical training.

## Academic Performance

### Examination and Results

To evaluate the educational progress of the students, various examinations, Seminar presentation, assignmentwork, project evaluations were conducted. PTA meetings were held after each model examination in which the class teacher meets the parents and students individually, to discuss further proceedings to improve their results. All departments conducted motivation classes, seminar and training programmes for the students according to the relevance. Our students have always produced good results in the University examinations.

### Discipline and values

We maintain a serious academic system blended with discipline and values by the guidance of HOD's of various departments. Our college is providing counseling and guidance to the students according to their needs.

**Associations:** Various associations such as commerce association(SPINTA),English association(DIACHRONOS),Economics association(ECONOMICA),Com-

puter association(TECHNOCRACY),History association, Physics association , Maths association(MATHLEITE), Psychology association, Malayalam association(MALAYANMA) and Hindi association(AAVAS) are functioning our college in accordance with the purpose for which they are formed.

## CO-curricular activities

**Anti –Ragging cell-** The Anti-ragging cell is very active in our college and doing its responsibility very effectively.

**Anti-Narcotic Cell**-Anti –Narcotic cell of St.marys College, for the academic year 2017-18 was inaugurated on August28, 2017 by Mr.Shaji Manjeri. On the same day he led an awareness class for the first year students. In the month of October, Anti –Narcotic cell conducted a collage competition in which an enthusiastic participation from the students were seen.

**Women Cell-**The main objective of women cell is to act as a catalyst for the empowerment of women in our college. The major focus of the cell is to give awareness and develop consciousness among girls.

**College Union-** College union election of the present academic year was held on August 10 th 2017, under the leadership of Mr.Narayanansir the returning officer and under guidance of Rafi sir the union advisor. The college union could organize various activities and celebrations during this year.

**NSS Unit**-The NSS activities are aimed at imparting a sense of involvement among the students for the task of nation building.NSS unit performed various activities under the guidance of NSS coordinator Mr.Abdul Navas and Prasanth. One week residential camp was conducted under the leadership of Navas sir during the Christmas holidays. The camp was helpful to awake in the students a sense of social consciousness being an India citizen. As a part of the Silver Jubilee celebration of the University of Calicut, the N S S unit of St.marys College has decided to construct a house (snehaveedu programme) for a needy person collecting fund from the students, alumni and well wishers.

**Ifthar meet**-There was an Ifthar party, conducted on June 6th 2017in connection with Ramzan month.

**Onam celebration**-Onam was celebrated in our college very solemnly and enthusiastically. It was colored by mass 'thiruvathirakali' in which more than hundred students participated along with the teachers.We also conducted various competitions in which 'Atha pookalam' was the highlight. Followed by that we had a onamsadhya for the staff.

**Annual athletic meet.**

The annual sports meet of our college was held on 20th 2018 in our college ground. Great interest and participations were observed among the students. Honorable I M Vijayan was the chief guest of the occasion. On that occation he inaugurated the new play ground.

**Christmas & New Year celebration**

On 22nd December the students and staff together with the management celebrated Christmas and New Year with Christmas carol. Our Provincial Superior Fr. Saji Muthirenthikkal delivered Christmas message to students and staff.

**Arts day&C Zone**-The academic schedule of the college is arranged in such a way that the students get sufficient opportunities to develop themselves through various extra curricular activities. The arts festival of the present academic year was held on 17 th and 18th January 2018.

**Malayalavedi-**"Malayalavedi" is the pioneer association in the campus which was inaugurated in the year 1998 by Dr.SukumarAzhikode.The association was formed with the purpose of developing literary talents of the students in the Malayalam language and introducing traditional art forms of Kerala. The 20th anniversary of Malayalavedi was inaugurated by the well-known writer Sri. T D Ramakrishnan on 19thJanuary 2018.

**Study tour**-Every year we conduct study tour for the final degree students. This year also it was conducted for the different batches of final degree students to various places of importance.

**College magazine-**The college magazine is published every year with selected writing from the students. Student's initiative in this respect is priseworthy.It always enriches the student's talents and innovative skills.

**A Word of Thanks.**

It is my privilege to take this occasion to express my sincere thanks to all those who have given their valuable support and guidance in smooth running of the institution. I am grateful to the Provincial and his counsillers of CFIC Congregation for their valuable support and encouragement. I thank each and every member of CFIC India especially the superior and other members of Luigi Bhavan community for their support. I also convey my sincere thanks to the teaching and non teaching staff of St.marys College for rendering their sincere and committed service to the college. I use this occasion to thank all the students,parents,benefactors,friends and the public of Puthanangadi for their cooperation in the smooth running of this institution. THANK YOU all.




# ചങ്ക്സ്

No Editing

## ഉണ്ണിയാർച്ച



കുരുവമ്പലത്തെ കുഗ്രാമത്തിൽ നിന്ന് മെഡിക്കൽ എൻട്രൻസിലും ഒരു കൈ പയറ്റിയാണ് ഉണ്ണിയാർച്ച സെന്റ്മേരീസിലെത്തുന്നത്. വടക്കൻപാട്ടിലെ ഉണ്ണിയാർച്ചയെപ്പോലെ ധൈര്യശാലി തന്നെ..

"ഒരുകുട്ടപപ്പടമൊറ്റച്ചവിട്ടിന്
തവിടുപൊടിയാക്കിയ ധീരയാണേ
ഒരുകെട്ടുപത്തിയിതൊറ്റച്ചുമടായി
ഒരു കാതം ദൂരം താണ്ടിയിവൾ
ചെറുവിരൽകൊണ്ടൊരു കുഴിയാനക്കുഞ്ഞിനെ
കരകേറ്റി വിട്ടൊരു വീരയാണേ.."

## താത്വികൻ



കാൽ ഒരു താത്വികനാണെന്നൊക്കെ തോന്നുമെങ്കിലും ആളൊരു പാവയാണ്. സോറി. പാവമാണ്. പാരമ്പര്യമായി വന്നുചേർന്ന മുഖത്തെ ആ കണ്ണടയിലാണ് കളി മുഴുവൻ. കണ്ണടവച്ചാൽ സുമുഖൻ ഇല്ലെങ്കിൽ...?

## ടൈറ്റാനിക്



കണ്ടാൽ പാവം... ആത്മാർത്ഥത മുറ്റിയ മുഖം.. പക്ഷേ ഈ മാഡം മീറ്റിംഗുകളിൽ നിന്ന് മുങ്ങിയത്ര ഒരു ടൈറ്റാനിക്കും മുങ്ങിയിട്ടുണ്ടാവില്ല.

## സിസ്റ്റര്



മാഗസിൻ സമിതിയുടെ സ്പിരിച്ച്വൽ ഹെഡ് സർവ്വവും അവിടത്തേക്കായി സമർപ്പിച്ചതിനാൽ എന്തെഴുതിയാലും അവസാനം കർത്താവിലേക്കുതന്നെ എത്തും..

## ക്യാപ്റ്റൻ



ഒരു കയ്യിൽ ഫിസിക്സും മറുകൈയ്യിൽ എഡിറ്റർ പദവിയുമായി ക്യാപ്റ്റൻ ട്രപ്പീസ് കളിയിലാണ്. ശരീരപ്രകൃതം കണ്ട് ടുട്ടുമുയലെന്നൊക്കെ അസൂയക്കാർ വിളിക്കുമെങ്കിലും ആളൊരു പുലിയാണ്.. വെറും പുലിയല്ല...?

## രസികൻ



ലോകഭാഷയായ ഇംഗ്ലീഷാണ് പഠനവിഷയമെങ്കിലും അതിന്റെ അഹങ്കാരം തെല്ലുമില്ലാത്തവൻ. ശരീരത്തിലെ ഏറ്റവും പ്രധാന അവയവമേതെന്ന് ചോദിച്ചാൽ നാവെന്ന് ഉത്തരം. നാവുകൊണ്ട് ഇരപിടിക്കാൻ പുള്ളിയെ കഴിഞ്ഞേയുള്ളൂ ആരും...

## അസറു



ആനകളില്ലാത്ത തൃശൂർ പൂരം
ഉപ്പിടാൻ മറന്ന കഞ്ഞി
മഷി നിറക്കാത്ത പേന
ചൂടില്ലാത്ത് ചായ
അസറു ഇല്ലാത്ത മാഗസിൻ
അതെ... ഉദയന്റെ തിരക്കഥ
മോഷ്ടിച്ച രാജപ്പൻ പറഞ്ഞതു
പോലെ അസറുവാണ് താരം!!!

## ശാന്തസ്വരൂപൻ



ശാന്തതയും ഗാംഭീര്യവും ഒരുപോലെ മിക്സ് ചെയ്ത മുഖം. ഇടയ്ക്കൊപ്പൊഴെങ്കിലും പൊട്ടിത്തെറിക്കുമെങ്കിലും അയാൾ മുഖത്തൊരു മൗനം കാത്തുസൂക്ഷിച്ചിട്ടുണ്ട്. ആയിരം അലർച്ചകളെക്കാൾ ആഴമുള്ള ഒരു മൗനം..

# REFLECTIONS - 2015-18

B. Com C.A



BBA



BCom. Finance



## B. Com Co-operation A



## B. Com Co-operation B



## BA English



## BA English (Pvt.)



## BSc. Mathematics



## BCA



## BSc Physics



## MA English



## MCom



## BA History



## BA Economics



## Staff



## NSS Volunteers



# സർഗലയം

വസന്തം മിഴിതുറന്ന നാളുകൾ




ST. MARY'S COLLEGE PUTHANANGADI
FESTIVAL
COLLEGE PUTHANANGADI
4
10


ST. MARY'S COLLEGE PUTHANANGADI
FESTIVAL

# മലയാളവേദി





ARENA
ANNUAL SPORTS MEET



213
210
271
270
312
208



Fly Emirates



KURUVA



## കാലിക്കറ്റ് യൂണിവേഴ്സിറ്റി സി – സോൺ
## ആർട്സ് മത്സരവിജയികൾക്ക്

# സെന്റ് മേരീസ് കോളേജിന്റെ
# അഭിനന്ദനങ്ങൾ



**NAVANEETHA PRAVEEN**
1st Place (Kadakali Sangeetham)
3rd Place (Light Music)



**HARIPRASAD**
1st Place (Chendamelam)



**ASWATHI T V**
IInd Place (Embroidery)



**SREELAKSHMI**
IIIrd Place (Kuchipudi)



**KAVYA M P**
IIIrd Place (Kuchipudi)
IIIrd Place (Nadodi Nritham)



**DEEPTHI SUNIL**
IIIrd Place (Nadodi Nritham)



**NADODI NRUTHAM** (3rd Prize)



**MARGAM KALI** (1st Prize)

# STARS OF THE YEAR



**NSS FOOTBALL CHAMPIONS**

# COLLEGE UNION MEMBERS

CHAIRMAN

YASEEN T.P

VICE CHAIRMAN

SHINCHU

GEN.SECRETARY

NIYAS T.K

JOINT.SECRETARY

SANA HAMZA

FINE ARTS SEC.

SREEKANTH. R

UUC

MOHAMED SUALIH

UUC

JAYASURYA. A

GEN.CAPTAIN

MOHAMMED AJMAL KHAN

MAGAZINE EDITOR

AJITH GEEJO

# ASSOCIATION MEMBERS

COMMERCE

GOUTHAM KUMAR

ENGLISH

ARJUN. K.T

PHYSICS

SIPPY MOL

ECONOMICS

SARANYA

MATHS

NAYANA. K.P

HISTORY

ASHARUDHEEN.P

COMPUTER

NAMITHA DAS

PSYCHOLOGY

ANU AUGUSTINE

# YEAR REPRESENTATIVES

Ist Year

GOKUL RAJ. R

IInd Year

ABDUL BASITH. O.T

IIIrd Year

JASEEL. M

PG

ABDUL KHADER SHABAB

COLLEGE UNION 2017-18

# മാഗസിൻ സമിതി

സ്റ്റാഫ് എഡിറ്റർ



ഷമീർ T.

ക്രിയേറ്റീവ് സപ്പോർട്ട്



ലീലാ വിജയൻ



ഫാത്തിമ റിസാന



റിനീഷ. സി. പി



അർജുൻ. കെ. ടി. | അനീസ്.കെ. ടി | ഗബ്രിയേൽ ജോർജ്ജ് | അസ്ഹറുദ്ധീൻ. പി | അജിത് ജീജോ
അനു സെബാസ്റ്റ്യൻ | സിസ്റ്റർ മഞ്ജു ഷാജൻ | അഞ്ജന ജയശങ്കർ



അഖിലലോക സൃഷ്ടാവിന്
ആദിയിൽ പിറന്ന ഭയത്തിന്
മാതാപിതാക്കൾക്ക്, അധ്യാപകർക്ക്
ഭയം തേടിയുള്ള യാത്രയിൽ
കൂടെ നിന്നവർക്ക്,
വഴിവെട്ടം തെളിച്ചവർക്ക്
വഴിയിൽ ഉപേക്ഷിച്ചുപോകാത്ത വാനിന്
വൈറസിനാൽ സമൃദ്ധമായ സിസ്റ്റത്തിന്
അർജുന്റെ ഫോർമാറ്റ് ചെയ്ത ഫോണിന്
അപ്രതീക്ഷിതമായി കടന്നു വന്ന ഹർത്താലുകൾക്ക്
ക്രമം തെറ്റിവന്ന എക്സാമുകൾക്ക്
പിന്നെ
**നന്ദി പറയാൻ വിട്ടുപോയ**
**എല്ലാവർക്കും നന്ദി.**

**അജിത് ജീജോ**


With best compliments from...
Building your
Dreams....
VIDCKO CONSTRUCTIONS
Central Complex, Calicut Road, PERINTHALMANNA - 679 322.
Phone : 04933 - 227917



അകമുറികളുടെ കൊടും പെയ്ത്തിൽ
നനഞ്ഞു കുതിർന്നപ്പോൾ,
ആത്മക്ഷതങ്ങളിൽ
തലകുത്തി നിന്നപ്പോൾ
അശാന്തിപൂണ്ട ഹൃദയത്തിൽ നിന്ന്
വാക്കുകൾ പിറവിയെടുത്തു.
ഇല്ല.
ഇനി അനുഭവങ്ങളുടെ
അഗാധതകൾക്ക് ബലിയ്ക്കായ്
സ്വപ്നങ്ങളെ വിട്ടുനൽകേണ്ടി വരില്ല.